# പ്രതിക്കൂട്ടിൽ



കെ. ജേക്കബ്ബ്

# പ്രതിക്കൂട്ടിൽ

(ഒരു ക്രൈസ്തവ സാമൂഹ്യ നോവൽ)

കെ. ജേക്കബ്ബ്, എം. എ.

KIDARAKKUZHI
Reg. No.

THE CHRISTIAN LITERATURE SOCIETY
MALAYALAM BRANCH
TIRUVALLA

THE CHRISTIAN LITERATURE SOCIETY
(*In association with the United Society for Christian Literature*)
POST BOX 501, PARK TOWN, MADRAS 3
*and at*
MYSORE, BANGALORE, TIRUVALLA

*Copyright*

*First Edition - May, 1962*

Published with aid from
the Board of Christian Literature of
the National Christian Council

*Printed in India at*
LITERATURE PRESS
TIRUVALLA

# പ്രസാധകക്കുറിപ്പുകൾ

ഭാഷാസാഹിത്യത്തിലെ വളൎന്നുകൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളിലൊന്നാണു് നോവൽ. ജീവിതയാഥാൎത്ഥ്യങ്ങളെ വിശദമായി ചിത്രീകരിക്കുവാനും ആദൎശങ്ങളെ ഉയൎത്തിക്കാട്ടുവാനും ഇതുപോലെ പൎയ്യാപ്തമായ പ്രസ്ഥാനങ്ങൾ അധികമില്ല. വിശ്വസാഹിത്യത്തിലും അതു് എത്രയും പ്രാമാൎത്ഥമായിരിക്കുന്നു. അനുവാചകരുടെ ഹൃദയങ്ങളിൽ അഗാധമായ ധാരണകൾ ഉളവാക്കുന്നതിനു് നോവലുകൾക്കുള്ള കഴിവു് ഒന്നു പ്രത്യേകമാണു്. ക്രൈസ്തവസന്ദേശം ജനതാമദ്ധ്യത്തിൽ പ്രഖ്യാപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുവാനായി ഈ ഉപാധി ഞങ്ങൾ വൎദ്ധമാനമായ തോതിൽ ഉപയോഗിച്ചുവരികയാണു്.

പ്രസ്തുത ക്രൈസ്തവസാഹിത്യ വിഭാഗത്തിലേക്കു് ഒരു മുതൽക്കൂട്ടാണു് ശ്രീ. കെ. ജേക്കബിൻെറ "പ്രതിക്കൂട്ടിൽ". വിശാലമായ ലോകപരിജ്ഞാനവും അഗാധമായ ആദൎശനിഷ്ഠയുമുള്ള കഥാകാരൻ ഇന്നത്തെ കേരളക്കരയിലെ ഒരു ക്രൈസ്തവകുടുംബത്തിലുളവാകുന്ന അനുഭവങ്ങളുടെ യഥാൎത്ഥചിത്രമാണു് ഈ ചെറുനോവലിൽ നല്കുന്നതു്. സ്വജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശ്യം എന്താണെന്നു് വ്യക്തമായ ധാരണയില്ലാതിരുന്ന ഒരു യുവാവു് കുടുംബാംഗങ്ങളുടെയും മിത്രങ്ങളുടെയും ശക്തിയായ പ്രേരണയ്ക്കു് വിധേയനായി ആദായകരമായ ഒരു ഭൗതിക ജീവിതവൃത്തി സ്വീകരിക്കുന്നു; അതിലെ ചില തിക്തകാനുഭവങ്ങൾ ശരിയായ ലക്ഷ്യം അയാൾക്കു് ചൂണ്ടിക്കാണിക്കുന്നു; ആ നൂതന ദൎശനത്തെ ശിരസാവഹിച്ചുകൊണ്ടു് ആദ്യത്തെ തൊഴിൽ അയാൾ ഉപേക്ഷിച്ചുവെങ്കിലും കുടുംബസന്ധാരണത്തിൻെറ നീറുന്ന സാമ്പത്തികപ്രശ്നങ്ങൾ അയാ

ളെ അലട്ടുന്നു; ജീവിതത്തിന്റെ പരമമായ ലക്ഷ്യത്തെപ്പററി അയാൾക്കു് ബോധ്യം വരുത്തുന്നതിൽ ഉത്തമ സഹായി ആയിരുന്ന സഹധർമ്മിണിയും ഒരു തൊഴിൽ അന്വേഷിക്കുന്നു; ആ തൊഴിൽ നിർവഹണത്തിനായി അവൾ ഭർത്താവിനെയും പുത്രിയെയും വേർപിരിഞ്ഞു് വസിക്കേണ്ടതായി വരികയും ഒടുവിൽ ഒരു കൊലപാതകക്കുററത്തിൽ അകാരണമായി പ്രതിയായിത്തീരുകയും ചെയ്യുന്നു.

മനുഷ്യർ മനഃപൂർവ്വമായിട്ടല്ലാതെ ചെയ്യുന്ന ദുഷ്കൃത്യങ്ങൾക്കും ഈ ലോകത്തിൽ തിരിച്ചടിയുണ്ടാകുമെന്നുള്ള ചിന്ത കഥയിൽ ഉടനീളം പ്രതിഫലിച്ചിരിക്കുന്നതായി കാണാം. പൈശാചികശക്തികൾ നഗ്നതാണ്ഡവം നടത്തിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ദൈവികചിന്തയ്ക്കും സത്യസന്ധതയ്ക്കും ലഭിക്കുന്ന പ്രതികരണങ്ങൾ എത്രമാത്രം വ്യസനകരവും നിരാശാജനകവുമാണെന്നുള്ള വസ്തുത ഈ നോവൽ വ്യക്തമാക്കുന്നു. അതോടൊപ്പം ദൈവത്തിന്റെ പരമാധികാരഭരണത്താൽ ദുഷ്ടശക്തികളുടെ തിന്മപ്രവൃത്തികൾ എപ്രകാരം വിഫലമായിത്തീരുന്നു എന്നുള്ള സാക്ഷ്യവും ഈ ചെറുഗ്രന്ഥം നല്കുന്നുണ്ടു്.

ലളിതവും സുഗമവുമായ ഭാഷാശൈലിയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ നോവൽ അനേകായിരങ്ങൾക്കു് ധാർമ്മികമായ ഉത്തേജനം നല്കുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

തിരുവല്ലാ
17-5-'62

പ്രസാധകർ

വായനശാല & കലാസമിതി
No.
മല്ലൂർ മുക്കോല

# I

ചാക്കോമാപ്പിള: മോനേ, തോമ്മാച്ചാ, നീ ഇനിയും എന്തുചെയ്യാനാ പോകുന്നതു്?

തോമ്മാച്ചൻ: ഇനിയും വല്ല ജോലിയിലും പ്രവേശിക്കണം.

ചാ: ലോക്കോളേജിൽ പോകുന്നതിനെപ്പററി എന്തു പറയുന്നു?

തോ: അതെനിക്കത്ര താല്പര്യമില്ല.

ചാ: നമ്മുടെ ബാങ്കിൻെറ കേസുകൾതന്നെ കാണും ഒരു നൂറെണ്ണം. നല്ല ഒരു ജോലിയാ.

തോ: എനിക്കതിലത്ര......

ചാ: ഇന്നലെ നമ്മുടെ അച്ചൻ ഇവിടെ വന്നിരുന്നു. അങ്ങേരു വളരെ നിർബന്ധമായിട്ടു പറഞ്ഞു, നീ ലോയിക്കു്തന്നെ പോകണമെന്നു്.

തോ: ചിററപ്പൻ എന്തുകൊണ്ടാ അങ്ങനെ പറഞ്ഞതു്?

ചാ: അതോ! ബാങ്കിൻെറ പണം ഒരു നല്ല തുക ഇപ്പോൾ അന്യക്കു പോകുന്നുണ്ടു്. അതുകൊണ്ടാ.

തോ: ചിററപ്പൻെറ മകൻ ചാണ്ടിക്കുഞ്ഞുണ്ടല്ലോ.

ചാ: അവനിനീം എന്നാ ബി. എ. പാസ്സായി വരുന്നതു്?

തോ: ഈ ബാങ്കിൻെറ കേസുമാത്രംകൊണ്ടു ഒരുത്തൻെറ ചെലവു കഴിയുമോ?

ചാ: ധാരാളം! നിനക്കു ഈ വീട്ടിൽത്തന്നെ താമസിക്കാം, മാസം കുറഞ്ഞപക്ഷം 200 രൂപായും വരവു കാണും,

കഴിഞ്ഞ മാസത്തിൽ 2206 രൂപായാണ് നമ്മുടെ വക്കീലിനു് ഒരാണ്ടത്തെകണക്കു തീൎത്തു് കൊടുത്തതു്. അതുകഴിഞ്ഞ കക്കടകംവരെയുള്ള കണക്കായിരുന്നു. ഇപ്പോളിനീം ഒരു അഞ്ഞൂറുകൂടെ ചെല്ലും. പിന്നതു തന്നെയാണോ? ധാരാളം കേസുള്ള ഒരു വക്കീലാണെന്നു പേരാകും. അന്നേരം വേറെ വരവും ഉണ്ടാകാതെയിരിക്കയില്ല. നമ്മുടെ വക്കീൽ കൃഷ്ണപിള്ളയ്ക്കു വലിയ വരവാ ഇപ്പോൾ ഉള്ളതു്.

തോ: ഞാനൊന്നു ആലോചിക്കട്ടെ. ലോക്കോളജിൽ ചേരാനാണെങ്കിൽ ധാരാളം സമയം ഉണ്ടല്ലോ. ഒരുമാസം മുഴുവൻ ഉണ്ടു്.

ഇങ്ങനെ പറഞ്ഞു കൊണ്ടിരുന്നപ്പോൾ ഗീവറുഗീസ് അച്ചനും വന്നുചേൎന്നു. അച്ചൻ വലിയ ഒരു വ്യവഹാരിയും ചിട്ടിക്കാരനും ആയിരുന്നു. ചീത്ത ആളല്ല. എന്നാൽ വൈദികവൃത്തി സംബന്ധിച്ച സംഗതികളിൽ ഒന്നിലും ഒട്ടുംതന്നെ ശ്രദ്ധാന്തി കാണിക്കാറില്ല. പള്ളിയിൽ ചെന്നു കുർബാന ചൊല്ലാറുണ്ടു്. പ്രസംഗം വേറെ വല്ലവരെയും ഏല്പിക്കയാണു പതിവു്. അച്ചൻ പ്രസംഗിക്കാറില്ല.

അച്ചൻ വന്നുകയറിയ ഉടനെ:

ചാക്കോമാപ്പിള: അച്ചോ! ഈ തോമ്മാച്ചനെ ഒന്നു ഗുണദോഷിക്കണം.

അച്ചൻ: ഏ! എന്നാ.

ചാ: ഇവൻ തേണ്ടെ ഒരൊഴപ്പാ ഞാൻ പറഞ്ഞിട്ടു്.

അ: എന്നാ കായ്യം?

ചാ: അതോ! അവനു ലോയിക്കു പോകാൻ മടിയാ.

അ: അതു ഞാൻ പണ്ടേ നിശ്ചയിച്ചതാ. അവനു വിവരം ഇല്ല.

ചാ: അതെന്നാ അച്ചൻ അങ്ങനെ പറയുന്നതു്!

അ: അതുകണ്ടോണം. അവൻ ലോയിക്കുപോകത്തില്ല.

ചാ: അതിനാ അച്ചനൊന്നു ഗുണദോഷിക്കാൻ പറഞ്ഞതു്?

അ: എടാ കുഞ്ഞേ! വിവരം ഒള്ളോരു പറഞ്ഞാൽ കേക്കണം. നീ ബി. ഏ. ജയിച്ചു. നല്ല ജോലിക്കു വല്ലതി

ന്നം പോകണം. നിൻെറ സ്ഥിതിക്കു ലോ പോലെ നല്ലതൊന്നും ഇല്ല.

തോ: അതെനിക്കുംകൂടെ തോന്നണ്ടേ?

അ: നീ പിന്നെ എന്തിനാ പോകുന്നതു്?

തോ: ഞാൻ ഒരു വാദ്ധ്യാരായിക്കോളാം.

അ: സക്കാരിലോ, പ്രൈവററു് സ്കൂളിലോ?

തോ: സക്കാരിൽ വേണ്ടാ, വല്ല മിഷൻസ്കൂളിലും.

അ: എടാ, നീ മണ്ടനാണോ. സക്കാരിലാണേൽ ഒന്നുമില്ലേൽ പെൻഷൻ ഉണ്ടു്. കയററം കിട്ടും. വയസ്സുകാലത്തെങ്കിലും ഒരു മുന്നൂറുരൂപാ ശമ്പളം കിട്ടും. മാനേജ്മെൻറു സ്കൂളിലാണേൽ അമ്പതുരൂപാസ്സു ഒപ്പിട്ടുകൊടുക്കണം. 25 രൂപാ കൈയ്യിൽത്തരും.

തോ: ഒപ്പിടുന്ന തുക തരാതെയിരിക്കുമോ?

അ: തരും, തരും. വെറുതെ പട്ടിണി കിടക്കാം.

തോ: സത്യമുള്ള മാനേജരന്മാരില്ലേ?

അ: ഉണ്ടായിരിക്കും. ഞാനൊന്നിനേയും ഇന്നുവരെ കണ്ടിട്ടില്ല.

തോ: നമ്മുടെ മാമ്മച്ചായനോ.

അ: മാമ്മച്ചനും അങ്ങനെതന്നെയാ. അവൻെറ സ്കൂളിലും ഇതുതന്നെയാ ഗതി.

തോ: ഞാനോത്തല്ലോ മാമ്മച്ചായൻ വലിയ സത്യമുള്ളവനാണെന്നു്.

അ: സത്യമൊക്കെയുണ്ടു്. ഫീസ്സ പിരിഞ്ഞുകിട്ടിയാലൊന്നു മറിക്കും, പിന്നൊരു കാലത്താ വാദ്ധ്യാന്മാക്കുകൊടുക്കുന്നതു്. സത്യം ഒണ്ടു്. നമ്മുടെ ബാങ്കിൽ! അവിടെ കള്ളമൊന്നും നടക്കുകയില്ല.

തോ: ഞാൻ ലോയിക്കു പോകണമെന്നാണോ ചിററപ്പനും പറയുന്നതു്?

അ: അതേ. ഇപ്പോൾ എന്തു രൂപായാ നമ്മളു വക്കീലിനു കൊടുക്കുന്നതു്? വെറുതേ പണം കളയുകാ. അതു നമ്മുടെ വീട്ടിൽത്തന്നെ കിടക്കുമല്ലോ.

Reg: No.3273

തോ: എനിക്കു പഠിപ്പിക്കുന്ന ജോലി കുറെ ഇഷ്ടമായിരുന്നു. അതിനു പോകണമെന്നാ വിചാരിച്ചതു്.

അ: പഠിപ്പിക്കുന്നതു നല്ലതാ. വയററിലോട്ടും വല്ലതും പോകണ്ടേ?

തോ: ഈ വാദ്ധ്യാന്മാരൊക്കെ പട്ടിണി കിടക്കയാണോ?

അ: പലരും പട്ടിണിയാ. മുറിപ്പട്ടിണി. മാനേജരന്മാക്കു നല്ല കാലമാ.

തോ: സക്കാരിൽനിന്നും പിടിക്കയില്ലേ മാനേജരന്മാരെ.

അ: കള്ളക്കണക്കുണ്ടാക്കാനാണോ പ്രയാസം?

തോ: അങ്ങനെയാണെങ്കിൽ ലോയുടെ കാര്യം ഞാനൊന്നു ആലോചിക്കാം.

## II

തോമ്മാച്ചൻെറ പിതാവിൻെറ സഹോദരൻ യോഹന്നാൻമാപ്പിള കല്ല്യാണം കഴിച്ചിരുന്നതു ഏലിയാമ്മ എന്നൊരുസ്ത്രീയേയായിരുന്നു. അവക്കു ആദ്യവിവാഹത്തിൽമേറിക്കുട്ടിഎന്നു പേരായ ഒരു മകൾ ഉണ്ടായിരുന്നു, ഈ മേറിക്കുട്ടി ഇൻററർമീഡിയററ് ജയിച്ചുകഴിഞ്ഞപ്പോൾ അവളുടെ പിതാവു മരിച്ചുപോയി. അതുകഴിഞ്ഞു അവക്കുവലിയ ഞെരുക്കവും കഷ്ടതയും ആയിരുന്നു. പിന്നീടായിരുന്നു യോഹന്നാൻമാപ്പിള ഏലിയാമ്മയേ വിവാഹം ചെയ്തതു്. ആ വീട്ടിൽ പലപ്പോഴും തോമ്മാച്ചൻ പോകാറുണ്ടു്. അങ്ങനെ കുറെവർഷങ്ങൾ കഴിഞ്ഞപ്പോൾ തോമ്മാച്ചനും മേരിക്കുട്ടിയും തമ്മിൽ വളരെ അടുപ്പവും സ്നേഹവും ഉണ്ടായി. മേറിക്കുട്ടി ഒരുവിധം സൌന്ദയ്യവതിയും, ദുഃഖത്തിൽകൂടി നല്ല സംസ്കാരംലഭിച്ചവളും ആയിരുന്നു. നല്ലബുദ്ധിയും കായ്യശേഷിയും ഉള്ളവളായിരുന്നതിനാൽ എല്ലാവക്കും അവളെ ഇഷ്ടമായിരുന്നു. ദൈവഭക്തിയെന്ന അമൂല്യസമ്പത്തും അവൾക്കുണ്ടായിരുന്നു എന്നതു തോമ്മാച്ചനു മനസ്സിലായിട്ടുണ്ടു്. തോമ്മാച്ചനും സാക്ഷാൽ ഭക്തിയുള്ളവനായിരുന്നു. അങ്ങനെ അവർ തമ്മിൽ പ്രേമ-

ബദ്ധരായിത്തീൎന്നു. ഇതാരും അറിഞ്ഞിരുന്നില്ല. ചിററപ്പൻെറവീട്ടിൽ തോമ്മാച്ചൻ സാധാരണയായി പോകാറുണ്ടു്. അതാൎക്കും ഒട്ടും അത്ഭുതമായി തോന്നീട്ടില്ല. അവിടെ മേറിക്കുട്ടിയോടും ഇളയകുട്ടികളോടും അവൻ ധാരാളം സംഭാഷിച്ചുവന്നതു് ആരും വിരോധിച്ചിട്ടില്ല.

മുമ്പിലത്തെ അദ്ധ്യായത്തിൽ വിവരിച്ച സംഭാഷണം നടന്നതിൻെറ മൂന്നാം ദിവസം തോമ്മാച്ചൻ ചിററപ്പൻെറ വീട്ടിൽപ്പോയി. മേറിക്കുട്ടിമാത്രമേ അപ്പോൾ അവിടെയുണ്ടായിരുന്നുള്ളു. യോഹന്നാച്ചനും ഏലിയാമ്മയും ഇളയകുട്ടികളും ഒരു സ്നേഹിതൻെറ വീട്ടിൽ കല്യാണത്തിനു പോയിരിക്കയായിരുന്നു. മേറിക്കുട്ടിയേ വീടു ഏല്പിച്ചിട്ടായിരുന്നു പോയതു്.

അവർതമ്മിൽ താഴെവരുന്നപ്രകാരം ഒരു സംഭാഷണം നടന്നു.

മേറിക്കുട്ടി:- ബി. എ. ജയിച്ചല്ലോ-ഇനിയും എന്നാ?

തോ: ഇനിയും ഒന്നു പെണ്ണു കെട്ടണം.

മേ: ശരിയാ-ജോലിയില്ലാത്തവൎക്കു വല്ലവരും പെണ്ണിനെതരുമോ.

തോ: മേറിക്കുട്ടി എന്നാഅറിഞ്ഞോണ്ടാ പറയുന്നതു്? മൂന്നു കല്യാണക്കാരു വന്നു കഴിഞ്ഞു.

മേ: എന്നിട്ടു്?

തോ: ഞാൻ ഇപ്പോൾ കല്യാണംകഴിക്കുന്നില്ല എന്നു പറഞ്ഞയച്ചു.

മേ: ഇപ്പോൾ പറഞ്ഞല്ലൊ കല്യാണം കഴിക്കണമെന്നു്.

തോ: അതു ഈ വന്നകൂട്ടരേഒന്നുമല്ല. എനിക്കു ഒരാളിനേ ഞാൻ കണ്ടുവെച്ചിട്ടുണ്ടു്.

മേ: അവൾക്കു മനസ്സുണ്ടോ?

തോ: മനസ്സുണ്ടാകുമെന്നു തോന്നുന്നു.

മേ: ആട്ടെ ജോലിയുടെ കാൎയ്യം വല്ലതും ആലോചിച്ചോ?

തോ: ലോയിക്കുപോകണമെന്നാ അപ്പച്ചനും ചിററ

പ്പന്നം പറയുന്നതു്.

മേ: തോമ്മാച്ചൻ എന്നാപറഞ്ഞു?

തോ: ലോയിക്കപോയാൽ ക്രിസ്തുവിൻെറ ഒരു ദാസനായിട്ടിരിക്കാനൊക്കുമോ?

മേ: അതെനിക്ക അറിഞ്ഞുകൂടാ, കുറെ സംശയമാ.

തോ: ഞങ്ങളുടെ ബാങ്കിൻെറ കേസുകൾമാത്രമേ ഇപ്പോൾഉള്ളു. അതിനൊന്നും കള്ളം കാണിക്കണ്ടല്ലൊ!

മേ: അപ്പോൾ ആവശ്യത്തിനു പണം കാണുമോ?

തോ: അതൊക്കെ കാണും-പിന്നെ സത്യം ആയിട്ടുള്ള കേസുകളും പിടിക്കാം.

മേ: കത്താവിൻെറ വേല ചെയ്യണമെന്നുള്ള ആഗ്രഹം ഒക്കെ വിട്ടോ?

തോ: മേറിക്കുട്ടി എന്നതാ ഈപ്പറേന്നതു്? ലോയും ഗവമ്മെൻറും ഒക്കെ കത്താവിൻെറ രാജ്യത്തു വേണ്ടതല്ലേ.

മേ: അതുശരിയാ. എന്നാലും മനുഷ്യരെ ക്രിസ്തുവിങ്കലേക്കുനയിക്കുന്നജോലിയാണു ഏററവും ശ്രേഷ്ഠമെന്നാണു് മുമ്പു് തോമസുകുട്ടി എന്നോടു പറഞ്ഞതു്.

തോ: ഞാൻ വക്കീലാകുന്നതു പൌലോസ് അപ്പോസ്തലൻ കൂടാരപ്പണി ചെയ്തതുപോലെമാത്രമാ. എൻെറസാക്ഷാൽ ജോലി മേറിക്കുട്ടി പറഞ്ഞതുതന്നെയായിരിക്കും.

മേ: അതു സാധിക്കുമോ?

തോ: സാധിക്കണം.

മേ: എനിക്കത്ര ധൈര്യം തോന്നുന്നില്ല.

തോമസുകുട്ടി തിരുവനന്തപുരത്തു ലോക്കോളജിൽ പോയി. അവിടെ അശേഷം ഭക്തിയില്ലാത്ത ഒരു അന്തരീക്ഷമായിരുന്നു അവൻ കണ്ടതു്. മതത്തെപ്പററി പലപ്പോഴും വിദ്യാർത്ഥികൾ ആക്ഷേപം പറയുമായിരുന്നു. തോമ്മാച്ചൻ ഭക്തിയുള്ളവനാണെന്നു് അറിഞ്ഞപ്പോൾ മുതൽ വിദ്യാത്ഥികളിൽ പലക്കും അവനെക്കുറിച്ചു പുച്ഛം തോന്നി. ഫീലിപ്പോസ് എന്നൊരു വിദ്യാത്ഥി അവനോടു ഇങ്ങനെ ചോദിച്ചു:-

എടോ തോമസേ, താൻ ഭക്തിയും വെച്ചുംകൊണ്ടു ലോയിക്ക വന്നതെന്തിനാ?

തോ: അതെന്താ വക്കീലിനു ഭക്തിപാടില്ലേ?

പീ: പാടുണ്ടു്; ലോയിൽ വിജയമാകേല.

തോ: ഗാന്ധി എങ്ങനെയായിരുന്നു?

പീ: ഗാന്ധിയെപ്പോലെ എല്ലാക്കും ഒക്കേല.

തോ: കാരണം?

പീ: ക്രിമിനൽ പ്രാക്റ്റീസു തീരെ ഒക്കേല. കള്ളം പറയാതെ ക്രിമിനൽ പ്രാക്റ്റീസു ഒക്കുന്നതല്ല. സിവിൽ പിന്നെയും സാധിച്ചേക്കും.

തോ: ക്രിമിനൽ പ്രാക്റ്റീസു ഒക്കാത്തതെന്താ?

പീ: പർവ്വതപ്രസംഗം പറയുന്നതു് നിൻെറ വലത്തേ കവിളിനു് അടിക്കുന്നവനു ഇടത്തേതും കാണിച്ചുകൊടുക്കാനല്ലേ? കേസിനു പോകാനല്ലല്ലോ.

തോമ്മാച്ചനു ഇതു് നേരാണെന്നു തോന്നി.

തോ: ആട്ടെ കേസിനുവരുന്നവരേ തമ്മിൽ പറഞ്ഞു രമ്യപ്പെടുത്താൻ പാടില്ലേ.

പീ: അതൊക്കും, അതിനെന്തു ഫീസ്കിട്ടും?

തോ: കിട്ടുന്നതാകട്ടെ; പിന്നെ കൊലക്കേസിൽ ഒരുത്തനെ defend ചെയ്യാൻ (രക്ഷിക്കാൻ) പാടില്ലേ.

പീ: അതുമൊക്കും, അവൻ ചെയ്യുന്നതല്ലെങ്കിൽ! സിവിൽക്കേസിൽ താനെന്തുചെയ്യും?

തോ: ഒരുത്തനു പണം കിട്ടാനുള്ളതാണെങ്കിൽ കേസുനടത്തരുതൊ.

പീ: അതെങ്ങനാ? നിൻെറ ഉടുപ്പു എടുക്കുന്നവനു പുതപ്പും വിട്ടുകൊടുക്കാനല്ലേ പറയുന്നതു്?

തോമ്മാച്ചൻ വിഷമിച്ചു. പീലിപ്പോച്ചൻപറഞ്ഞതു നേരാണു്. സിവൽക്കേസു് നടത്താമോ എന്നു സംശയം തോന്നി.

ഈ സംശയങ്ങൾ നിമിത്തം നിയമപഠനം നിർത്തി വീട്ടിൽ പോയാലെന്താ എന്നു പോലും അവൻ ആലോചിച്ചു. എന്നാൽ ആയിടെ അവരുടെ സഭയിലെ വളരെ ഭക്തനായ ഒരു മെത്രാൻ ആ സ്ഥലത്തു വന്നു. അദ്ദേഹത്തെ തോമ്മാച്ചൻ പോയികണ്ടു് അഭിപ്രായം ചോദി

ച്ചു. മെത്രാൻ വളരെ ആലോചിച്ചശേഷം ഇങ്ങനെപ റഞ്ഞു:-

"വക്കീലന്മാൎക്ക ക്രിസ്തീയജീവിതം നയിക്കാൻ സാധി ക്കും; സാധാരണക്കാരേക്കാൾ കൂട്ടതൽ പ്രയാസങ്ങൾകാ ണും. അതൊക്കെ അഭിമുഖീകരിക്കാൻ ധൈൎയ്യവും ദൈ വാശ്രയവുംവേണം; അത്രേയുള്ളൂ".

ഈ വാക്കുകൾ തോമ്മാച്ചനെ ധൈൎയ്യപ്പെട്ടത്തി. അ വൻ എഫ് എല്ലും ബി എല്ലും പരീക്ഷകൾ ജയിച്ചു വ ക്കീൽപ്പണിക്കു സന്നദ് എടുത്ത് സ്വദേശത്തുവന്നുചേൎന്നു.

## III

തോമ്മാച്ചൻ വന്ന് അധികം കഴിയുന്നതിനു മുമ്പേ അവൻ കല്യാണം കഴിക്കണമെന്നു അപ്പൻ നിൎബ്ബന്ധി ച്ചുതുടങ്ങി. അവന്റെ അമ്മ മരിച്ചുപോയിരുന്നു. വീ ട്ടിൽ പെണ്ണുങ്ങൾ ആരും ഇല്ലാത്തതുകൊണ്ടു വളരെ പ്രയാ സം ഉണ്ടായിരുന്നു എന്നതു വാസ്തവമാണ്. മേറിക്കുട്ടിയും തോമ്മാച്ചനും തമ്മിൽ സ്നേഹമാണെന്നു ആരും സംശയി ച്ചിട്ടേ ഇല്ല.

ഒരു ദിവസം അവൻ മേറിക്കുട്ടിയെ കാണാൻപോ യി. താഴെപ്പറയുന്ന സംഭാഷണം അവർതമ്മിൽഉണ്ടായി.

തോമ്മാച്ചൻ: മേറിക്കുട്ടീ, ഞാൻ വലിയപ്രയാസ ത്തിലാ.

മേറിക്കുട്ടി: എന്നാ കാൎയ്യം

തോ: എന്നെ നിൎബന്ധിച്ചു വിവാഹം കഴിപ്പിക്കാ നാ എല്ലാവരുംകൂടെ തുടങ്ങുന്നതു്.

മേ: ആരെയാ?

തോ: ആരെയാണെന്നു് എനിക്കറിഞ്ഞുകൂടാ; ഇടം വലം വിടാതെയാ തുടങ്ങിയിരിക്കുന്നതു്.

മേ: തോമ്മാച്ചൻ എന്തുപറഞ്ഞു?

തോ: എനിക്കു സാദ്ധ്യമല്ലെന്നു പറഞ്ഞു.

മേ: എന്നിട്ടു്?

തോ: ഓ! അതുണ്ടോ അപ്പച്ചനും ഒക്കെ കേൾക്കുന്നു? അതു കാൎയ്യമാക്കീട്ടില്ല.

മേ: നാം വലിയ വിഷമത്തിലാണല്ലോ. നിവൃത്തി

യില്ലെങ്കിൽ അവർ പറയുന്നതുപോലെ ചെയ്യു. എന്നെ ഓർക്കണ്ടാ.

തോ: എന്നോടു അങ്ങനെ പറകയേ വേണ്ടാ. മേറിക്കുട്ടിയെ അല്ലാതെ ഞാൻ ഒരാളെ സ്മരിക്കുകപോലും ഇല്ല. മേറിക്കുട്ടിക്കു എന്നെ വേണ്ടായെന്നു പറഞ്ഞാൽ ഞാൻ പൊയ്ക്കൊള്ളാം.

മേ: ഞാൻ വേണ്ടായെന്നു പറകയോ? അതുവിചാരിക്കുന്നോ? എന്നാൽഞാൻ ഒന്നുമില്ലാത്തവളല്ലേ? ഒടുവിൽ തോമ്മാച്ചനെ ഞാൻ ദ്രോഹിച്ചു വശത്താക്കി എന്നു ആളുകൾ പറകയില്ലേ.

തോ: എന്തിനാ ഇതൊക്കെപ്പറയുന്നതു്? ഞാനാണല്ലോ മേറിക്കുട്ടിയോടു ആദ്യം ഈക്കാര്യം പറഞ്ഞതു്? മേറിക്കുട്ടി എന്നോടു ആവശ്യപ്പെട്ടതല്ലല്ലോ.

മേ: അതൊക്കെ ശരി. കുററം പെണ്ണിൻെറ തലയിലേ വരികയുള്ളു.

തോ: അതൊന്നുമില്ല. ഞാൻ അപ്പച്ചനോടു ഒന്നു പറയാൻ പോകയാ.

മേ: അയ്യോ എൻെറ തോമ്മാച്ചാ ധൃതിയായിട്ടൊന്നും ചെയ്യരുതേ!

തോ: എന്നാൽ ഞാൻ ഒരു നല്ല പ്രാക്ടീസായിട്ടേ കല്യാണം കഴിക്കുന്നുള്ളു എന്നു പറയാൻ പോകയാ.

മേ: അതിനു ദോഷമില്ല. എന്നാലും ഒടുവിൽ സത്യം വെളിപ്പെടേണ്ടിവരും.

ഇങ്ങനെ പറഞ്ഞു അവർ തമ്മിൽ പിരിഞ്ഞു.

## IV

തോമ്മാച്ചൻെറ ആദ്യത്തെ കേസ് ഒരു കക്ഷിയുടെ ബാങ്കിലെ കടംവീട്ടുന്നതിനായിട്ടുള്ളതായിരുന്നു. അയാൾക്കു നോട്ടീസയച്ചു. എന്നാൽ ആ പണം കിട്ടിയില്ല. ബാങ്കിലെ പണത്തിനു കേസ്കൊടുക്കുന്നതു ശരിയാണോ എന്നു് തോമ്മാച്ചനു സംശയം ഉണ്ടായി. എന്നാൽ ബാങ്ക് അനേകരുടെ പണത്തിനു ഉത്തരവാദം ചെയ്യേണ്ടതാണെന്നുള്ള ന്യായം മനസ്സിൽവന്നു; അതിനാൽ സംശയനിവൃത്തിയുണ്ടായി.

ഈ വിധത്തിൽ പല കേസുകൾ തോമ്മാച്ചൻ നടത്തി. എന്നാൽ ഒരു കേസിൽ വലിയ മനഃപ്രയാസം ഉണ്ടായി.

ഒരു ചിട്ടിപ്പണയാധാരമായിരുന്നു കേസിൻെറ അടിസ്ഥാനം. ചിട്ടിപിടിച്ചു പണം വാങ്ങിച്ച ഒരാളാണു പ്രതി. അയാളുടെ വീടും പറമ്പും ആണ് പണയം. 1500രൂപായും പലിശയും അയാൾ വെയ്ക്കാനുണ്ടായിരുന്നു. ആകെ 1900രൂപായ്ക്കാണ് കേസ്. ദയവുചെയ്തു ഒരിളവുകൂടെ കൊടുക്കണമെന്നയാൾ അപേക്ഷിച്ചു; എന്നാൽ ഗീവറുഗീസച്ചൻ സമ്മതിച്ചില്ല. അയാൾ തോമ്മാച്ചൻെറ അടുത്തുചെന്നു കരഞ്ഞു. നാലുകുഞ്ഞുങ്ങളും ഒരു തള്ളയുംഉണ്ടു്. തള്ള പ്രസവിച്ചു കിടക്കയാണ്. വീടും പറമ്പും ലേലത്തിൽ പോയാൽ വഴിയാധാരമാണ്. തോമ്മാച്ചൻെറ കാല്ക്കൽവീണ് അയാൾ കരഞ്ഞു. അവനു വലിയ മനഃപ്രയാസമായി.

കക്ഷിയുടെ കാര്യം ചെന്നു. അച്ചനോടു തോമ്മാച്ചൻ പറഞ്ഞു. അച്ചൻ പറയുന്നതും ന്യായമാണ്. ചിട്ടിക്കാർക്കു ബാങ്കു പണം കൊടുക്കണം. ഇങ്ങനെ ഒരോരുത്തരുടെ പണം വേണ്ടായെന്നു വെച്ചാൽ ചിട്ടിപൊളിയും, ബാങ്കും പൊളിയും; എന്താണ് ചെയ്ക? അവധി കൊടുക്കുന്നതു വെറുതെയാണെന്നു തീർച്ചതന്നെ. ചിട്ടിപിടിച്ച ശേഷം ഒരു തവണപോലും കക്ഷിവെച്ചിട്ടില്ല. അതിനാൽ കേസു മുമ്പോട്ടു കൊണ്ടുപോകുന്നതിനു തോമ്മാച്ചൻ നിർബ്ബന്ധിതനായി. ഒടുവിൽ കക്ഷിയും ഭാര്യയും പൈതങ്ങളും ആ വീട്ടിൽനിന്നും കരഞ്ഞും കൊണ്ടു ഇറങ്ങിപ്പോകുന്നകാഴ്ച തോമ്മാച്ചൻ കാണേണ്ടിവന്നു. അവൻ വളരെ വ്യസനിച്ചു. സ്വന്തകയ്യിൽനിന്നും ഒരു അമ്പതു രൂപാ അയാൾക്കു് തോമ്മാച്ചൻ കൊടുത്തു. എന്നാൽ അതു കൊണ്ടൊന്നും മനസ്സമാധാനം വന്നില്ല. ബാങ്ക് നടത്തുന്നതു ശരിയാണോ എന്നൊരു സംശയം തന്നെ അവനുണ്ടായി.

തോമ്മാച്ചനു വേറെ കേസുകളും കിട്ടുന്നുണ്ടായിരുന്നു. കൊലക്കേസ്, അടിക്കേസ് ഇതിലൊക്കെയുള്ള പ്രതികളെ രക്ഷിക്കുന്നതിനായി തോമ്മാച്ചൻ ശ്രമിച്ചു. ഒന്നു

രണ്ടു വലിയ കൊലക്കേസുകളിൽ പ്രതിഭാഗം പിടിച്ചു ജയിച്ചതിനാൽ തോമ്മാച്ചന്റെ പേരു കുറെ പ്രസിദ്ധമാകുന്നതിനു് ഇടവന്നു. ഒരു വലിയ ക്രിമിനൽ വക്കീലെന്നുള്ള പേർ ക്രമേണ കിട്ടി. ഇതിലൊന്നും തോമ്മാച്ചൻ കളവൊന്നും പ്രയോഗിച്ചിട്ടില്ല.

എന്നാൽ പഴയതിൽനിന്നും കുറെ വ്യത്യാസം തോമ്മാച്ചന്റെ മനസ്ഥിതിയിൽ ഉണ്ടായി എന്നു പറയാതെ തരമില്ല. പണം, പേരു് ഇതൊക്കെവന്നതോടുകൂടി, തോമ്മാച്ചൻ അങ്ങനെയുള്ള സംഗതികൾ കൂടുതലായി വിലമതിച്ചുതുടങ്ങി.

ഒരു ദിവസം തോമ്മാച്ചൻ മേറിക്കുട്ടിയെ കാണാൻ പോയി. താഴെവിവരിക്കുന്ന സംഭാഷണം അവർതമ്മിൽ ഉണ്ടായി.

തോ: ഒരു ന്യൂസ് പറയുവാനുണ്ടു്.

മേ: എന്നതാ?

തോ: ഗവണ്മെന്റിൽനിന്നും ഒരു കേസ് നടത്താൻ എന്നെ വിളിച്ചിരിക്കുന്നു.

മേ: അതെങ്ങനാ.

തോ: ഗവണ്മെന്റു വക്കീലിനു വേറെ ഒരു കേസുണ്ടു്. വേറെ ആരേയും ആക്കാനുമില്ല. ഞാൻ നല്ല ക്രിമിനൽ ലോയറാണെന്നാണു് വയ്പു്. അതുകൊണ്ടു എന്നെ ഏല്പിക്കയാ.

മേ: കേസെന്നാ?

തോ: ഒരു കൊലക്കേസാ.

മേ: അയ്യോ അതു എടുക്കാൻ പോകയാണോ.

തോ: എടുക്കുന്നതു് തെററാണോ.

മേ: എനിക്കത്ര സുഖംതോന്നുന്നില്ല അതു കേട്ടിട്ടു. ഒരു പ്രതിയെ രക്ഷിക്കുന്നതു്പോലെയല്ല ഒരുത്തനെ കൊലക്കുവിധിപ്പിക്കുന്നതു്. തോമ്മാച്ചന്റെ അപ്പച്ചൻ എന്തു പറഞ്ഞു.

തോ: അപ്പച്ചനും ചിററപ്പനും വലിയ സന്തോഷമാ. അനേകം വക്കീലന്മാരുണ്ടായിട്ടു് എന്നോടല്ലാ ഗവണ്മെന്റാവശ്യപ്പെട്ടതു്.

മേ: തോമ്മാച്ചനു തന്നെ എന്തു തോന്നുന്നു?

തോ: എനിക്കു തെററായിട്ടു തോന്നുന്നില്ല. ഒരു അനന്തരവൻ അമ്മാവനെ കൊന്നകേസാ. അവരുതമ്മിൽ പൂർവ്വവിരോധമായിരുന്നു. ഒരിക്കൽ ആ അമ്മാവൻ ഈ അനന്തരവനെ വല്ലാതെ തല്ലിയതാ. അങ്ങനെ അവർ തമ്മിൽ ശത്രുക്കളായിരുന്നു.

മേ: ആട്ടെ, അവനല്ലെങ്കിലോ.

തോ: ഞാൻ കേസ് നല്ലപോലെ പഠിച്ചു. അവൻ തന്നെയാ കൃത്യംചെയ്തതു്!

മേ: തോമ്മാച്ചൻ ഈ സംഗതിയേപ്പററി ദൈവേഷ്ടം അറിയാൻ ശ്രമിച്ചോ,

തോ: ശ്രമിച്ചു. തെറെറാന്നും ഇല്ലെന്നാ എനിക്കുകിട്ടിയ ബോധം.

മേ: നമ്മുടെ ആഗ്രഹം കൊണ്ടു ചിലപ്പോൾ ദൈവേഷ്ടത്തെപ്പററി തെററായ ഒരു ബോധം തോന്നിയെന്നു് വരാമല്ലോ.

തോ: അതു ശരിയാ. എന്നാൽ കൊലക്കേസു നടത്താൻ എനിക്കശേഷം ആഗ്രഹം ഇല്ല; അതു മേറിക്കുട്ടിക്കറിയാമല്ലൊ!

മേ: എന്നാൽ ധൈര്യമായിട്ടു മുന്നോട്ടു പോകണം.

തോ: മേറിക്കുട്ടിക്കു അത്രസന്തോഷം ഇല്ലെന്നു തോന്നുന്നല്ലോ.

മേ: എനിക്കു തോമ്മാച്ചൻ ഒരിക്കലും ദൈവത്തിൽനിന്നും അകന്നുപോകരുതെന്നുള്ള ആഗ്രഹമേയുള്ളു. കേസെടുക്കുന്നതു ശരിയോ തെറേറാ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. തോമ്മാച്ചൻ മുമ്പു് എന്നോടൊരിക്കൽപറഞ്ഞു, ഗവൺമെൻറുവശത്തു പോലീസുകാർ ഒത്തിരി കള്ളസ്സാക്ഷിയുണ്ടാക്കുമെന്നു്. അതു ഞാൻ ഓർത്തിട്ടു സംശയിച്ചതാ.

തോ: അതുനേരാ. എന്നാൽ ഇതിൽ അങ്ങനെയുണ്ടെന്നു തോന്നുന്നില്ല.

മേ: ഞാനൊരു അറിവില്ലാത്ത സ്ത്രീയല്ലേ? തോമ്മാച്ചൻ പറഞ്ഞിട്ടുള്ള അറിവേ എനിക്കുള്ളു. കുറച്ചൊക്കെ

കള്ളം ക്രിമിനൽ കേസിൽ ഏതായാലും വരുമെന്നു ഒരിക്കൽ തോമ്മാച്ചൻ എന്നോടു പറഞ്ഞതോൎത്തു് മാത്രം ഞാൻ പറഞ്ഞതാ.

തോ: പ്രതി കുററംചെയ്തതാണെങ്കിൽ അതിനേ സ്ഥാപിക്കാൻ ചിലപ്പോൾ കള്ളസ്സാക്ഷികളെകൊണ്ടുവരും. എന്നാൽ ഇതിൽ അങ്ങനെ ആവശ്യം വന്നേയില്ല.

മേ: എന്നാൽ തോമ്മാച്ചൻ എന്തിനാ സംശയിക്കുന്നതു്.

തോ: എനിക്കു സംശയമൊന്നും ഇല്ലല്ലോ.

മേ: എന്നോടു ഈക്കാര്യം പറഞ്ഞതുതന്നെ സംശയിച്ചിട്ടാണെന്നു വിചാരിച്ചാ ഞാൻ പറഞ്ഞതു്.

തോ: ഇല്ല, ഞാൻ ഒരു ന്യൂസ് പറയുകായിരുന്നു.

മേ: ശരി. എന്നാൽ നമുക്കു വേറെവല്ല കാര്യവും പറയാം.

തോ: കല്ല്യാണം ഒന്നു നന്നാ നിർബ്ബന്ധിച്ചു വന്നുകൂടിട്ടുണ്ടു്.

മേ: ഏതാ.

തോ: ഒരു തോട്ടുങ്കലച്ചൻെറ മകൻെറ മകളാ. അയാൾ സിങ്കപ്പൂരിലാ. പെണ്ണു ഒരു ബീഏക്കാരത്തിയാ.

മേ: അപ്പച്ചനും ഒക്കെ എന്തുപറയുന്നു.

തോ: അപ്പച്ചനും ചിററപ്പനും വലിയ നിർബ്ബന്ധമാ. തോട്ടുങ്കലച്ചനേ ഒഴിച്ചു വിടാൻ വയ്യാ എന്നാപറേന്നതു്.

മേ: തോമ്മാച്ചൻ എന്നാ പറഞ്ഞു?.

തോ: കല്യാണത്തിൻെറ കാര്യം എന്നോടു പറയണ്ടാ എന്നുപറഞ്ഞു.

മേ: എന്നിട്ടു്.

തോ: വീട്ടിൽ കുറെ വിഷമം പിടിച്ച രംഗങ്ങൾ ഒക്കെ നടന്നു.

മേ: അവർ സ്ത്രീധനം എന്തു തരുമെന്നാ?

തോ: 15 എന്നാകേട്ടതു്.

മേ: 15000 വെറുതെ കളയാൻ പോകയാണോ?

തോ: എൻെറ മേരിക്കുട്ടിയുടെപേക്ഷ ഒരു ലക്ഷം

ത്രുപാ വെറുതേകളയാനും ഞാൻ ഒരുക്കമൊന്നല്ലോ.

മേ: ഇതൊക്കെ വലിയ വിഷമമാകാൻ പോകയാം

## V

കൃഷ്ണപ്പണിക്കർ കൊലക്കേസ് വലിയ പ്രമാദമായ ഒരു കേസായിരുന്നു. മരിച്ചയാൾ വച്ചിയ ഒരു ധനികനും പൊതുക്കാര്യപ്രസക്തനും ആയിരുന്നതിനാൽ അയാളെ കൊന്നവരോടു ജനങ്ങൾക്കു വലിയ വിരോധം തോന്നിയതിൽ അത്ഭുതപ്പെടാനില്ല. അയാളുടെ അനന്തരവൻ നാരായണപ്പണിക്കരാണു് കൊന്നതെന്നു ആക്കും തന്നെ സംശയം ഇല്ലായിരുന്നു. അയാളെ അന്നുതന്നെ പിടികിട്ടിയതാണു്. അയാൾ കൃത്യംനടന്ന സ്ഥലത്തുനിന്നും ഓടുന്നതു രണ്ടു് സാക്ഷികൾ കണ്ടതായി പോലീസിൻെറമുമ്പിൽ മൊഴി കൊടുത്തിട്ടുണ്ടു്. അയാൾക്കു മരിച്ചയാളിനോടു പൂർവ്വവിരോധവും ഉണ്ടായിരുന്നുവെന്നു പലരുടെയും മൊഴിയിൽനിന്നും തെളിഞ്ഞിട്ടുണ്ടു്.

കേസു് തോമ്മാച്ചനെഏല്പിക്കാൻ വന്നപരിതഃസ്ഥിതികൾ താഴെപ്പറയുന്നവയാണു്. ഗവണ്മെൻറു വക്കീൽ അനന്തകൃഷ്ണയ്യർ വേറെ ഒരു വലിയ കേസുസംബന്ധിച്ചു് ഹൈക്കോർട്ടിൽ വാദിക്കാൻ പോയിരിക്കയാണു്. പിന്നെ ഒരു ഗവണ്മെൻറു വക്കീൽ ഉണ്ടായിരുന്നതു വെറും ജൂണിയർ വക്കീലാണു്. ശരിയായി കേസുനടത്തുന്ന ഒരാളെ വേണ്ടിവന്നതിനാൽ ഗവണ്മെൻറു തോമ്മാച്ചനെ വിളിച്ചതാണു്. ചിലപ്രത്യേക സന്ദർഭങ്ങളിൽ ഇങ്ങനെ ഉണ്ടായിട്ടുണ്ടു്.

തോമ്മാച്ചൻ കേസുനടത്തുന്നതിനു് ആരംഭിച്ച ദിവസത്തിനു് മുമ്പുതന്നെ പോലീസിൻെറസാക്ഷികളെ കാണുകയും അവരുടെ മൊഴിയെപ്പററി അവരോടു ചോദിക്കയും ചെയ്തു. അവർ പറയുന്നതിലൊന്നും യാതൊരു പിശകും ഇല്ല. രണ്ടു പേർ, നാരായണപ്പണിക്കർ കൃത്യം നടന്ന സ്ഥലത്തുനിന്നും ഓടുന്നതു കണ്ടതാണു്. വേറെ ആരേയും കണ്ടിട്ടില്ല. കററപ്പുള്ളിയുടെ മൊഴി തോമ്മാച്ചൻ ശരിയായിട്ടു പഠിച്ചു. നാരായണപ്പണിക്കർ പറഞ്ഞതു് ഇങ്ങനെയാണു്.

"കൃത്യം നടന്നദിവസം ഞാൻ അമ്മാവനെകാണാൻ പോയി. ഞാൻ ചെന്നപ്പോൾ അമ്മാവൻ കുത്തേററു മരിച്ചുകിടക്കുന്നതായിട്ടാണു് കണ്ടതു. ആ വീട്ടിൽ അന്നേരം വേറെആരെയും കണ്ടില്ല. ഞാൻ നന്നാ ഭയന്നുഭപായി. എന്തുചെയ്യുന്നമെന്നറിയാതെ ഞാൻ സ്ഥലത്തുനിന്നും ഓടിയതാണു്. ഞാൻ കുററം ചെയ്തതല്ല. ആദ്യം ഞാൻ പതുക്കെ നടന്നിറങ്ങുകയായിരുന്നു. എൻെറ പുറകെ രണ്ടു പേർ ഓടിവരുന്നതു കണ്ടതാണു് ഞാൻ ഓടിയതു്. അപ്പോൾ വൈകിട്ട ആറുമണിയായിക്കാണും. അമ്മാവനോട്ടഎനിക്കു ഒരു ശത്രുതയും ഇല്ലായിരുന്നു. അമ്മാവൻ എന്നെ ഒരിക്കൽ തല്ലിയെന്നുള്ളതു ശരിയാണു്''.

നാരായണപ്പണിക്കരെ പലവിധത്തിലും ഇൻസ്പെക്ടർ ചോദ്യംചെയ്തിട്ടും അയാൾ കുററംസമ്മതിച്ചില്ല. ചില ഭേദമദണ്ഡങ്ങൾ ചെയ്തപ്പോൾ സമ്മതിച്ചു. എന്നാൽ കോടതിയിൽ കൊട്ടത്ത മൊഴിയിൽ അയാൾ അതെല്ലാം നിഷേധിച്ചു. പിന്നെയും അയാൾ നിരപരാധിയാണെന്നു് ഉറപ്പിച്ചു പറഞ്ഞു.

പ്രതിഭാഗം സാക്ഷികൾ ചുരുക്കമായിരുന്നു. പ്രതി നല്ലവനാണെന്നും, ഒരു അമ്മാവനെ കുത്തിക്കൊല്ലുന്നവനല്ലെന്നും മാത്രമേ അവൎക്കു പറവാനുണ്ടായിരുന്നുള്ളു. ആ മൊഴികൾ ഒന്നും വലിയ കഥയുള്ളതല്ലായിരുന്നു. അവരെ കുഴക്കുന്നതിനു തോമ്മാച്ചനു പ്രയാസംവന്നില്ല.

എന്നാൽ ഗവണ്മെൻറു വശത്തേ തെളിവുകൾ വളരെ ശക്തിയുള്ളവയായിരുന്നു. അമ്മാവനുംപ്രതിയും തമ്മിൽ പൂർവ്വവിരോധം ഉണ്ടായിരുന്നു് എന്നുചിലർ മൊഴി കൊട്ടത്തു. ഒരു സംഗതിവശാൽ അമ്മാവൻ പ്രതിയെ രണ്ടുവർഷംമുമ്പു തല്ലീട്ടുണ്ടു്. അങ്ങനെ പ്രതിക്കു വിരോധം വരാൻ വഴിയുണ്ടു്. പിന്നെ, അമ്മാവൻ തറവാട്ടുവസ്തുക്കളുടെ ആദായം അന്യായമായി സ്വന്ത മക്കൾക്കു കൊടുക്കുന്നു എന്നൊരു പരാതിയുണ്ടായിരുന്നു. അതിൽ അനന്തരവരെല്ലാവരും അമ്മാവനു് എതിരായി പ്രവൎത്തിച്ചിട്ടുണ്ടു്. ഇതൊക്കെയാണു വാദിഭാഗം തെളിവുകൾ.

എന്തിനേറെപ്പറയുന്നു.?

നാരായണപ്പണിക്കരെ തൂക്കികൊല്ലുന്നതിനു വിധി

ച്ചു. വിധിപറഞ്ഞപ്പോൾ "ഈശ്വരാ! ഞാനൊന്നും അറിഞ്ഞതല്ലേ!'' എന്നു പറഞ്ഞു അയാൾ നെഞ്ചത്തടിച്ചു ഉറക്കെ നിലവിളിച്ചു. ആ കാഴ്ച തോമ്മാച്ചനെ നന്നാ വിഷമിപ്പിച്ചെന്നു പറയാതെതരമില്ല. "വാസ്തവത്തിൽ അയാൾ നിരപരാധിയാണോ? അതോ, ഇതെല്ലാം വെറും നാട്യമാണോ?'' എന്നു തോമ്മാച്ചൻ തന്നെത്താൻ ചോദിച്ചു. നാട്യമായിരിക്കാൻ വഴിയില്ലെന്നു തോന്നി. പ്രതിക്കു അപ്പീൽചെയ്യുന്നതിനു പണമില്ലായിരുന്നു. അതിനാൽ ഒരു മാസം കഴിഞ്ഞു അയാൾ തൂക്കികൊല്ലപ്പെട്ടു.

മേറിക്കുട്ടിയോടു തോമ്മാച്ചൻ ഈ വിവരമെല്ലാം പറഞ്ഞു. മേറിക്കുട്ടി നന്നാവ്യസനിച്ചു. "ദൈവമേ! അയാൾ നിരപരാധിയായിരുന്നെങ്കിൽ ആ പാപം എങ്ങനെ തീരും'' എന്നുപറഞ്ഞു് അവൾ കണ്ണുനീർപൊഴിച്ചു. എന്നാൽ തോമ്മാച്ചൻ അവളെ സമാധാനപ്പെടുത്തി; കുററം ചെയ്താലും എല്ലാവരും ഇങ്ങനെയൊക്കെത്തന്നെ പറയാറുണ്ടു്. ഇതെല്ലാം സാധാരണയാണെന്നു് പോലീസു ഇൻസ്പെക്ററർ വാസുദേവൻ തോമ്മാച്ചനോടു പറഞ്ഞിരുന്നു. നാലഞ്ചു കേസിൽ അദ്ദേഹം ഇങ്ങനെയുള്ള നാട്യങ്ങൾഒക്കെ കണ്ടിട്ടുണ്ടു്. അങ്ങനെ തോമ്മാച്ചൻ സമാധാനപ്പെട്ടു.

തോമ്മാച്ചൻ സിവിൽ, ക്രിമിനൽ ഈ രണ്ടു മാതിരികേസുകളിലും നല്ല വിദഗ്ദ്ധനായ ഒരു വക്കീലാണെന്നു് പ്രസിദ്ധമായി. വളരെ സത്യസന്ധനാണെന്നും ആളുകൾ പറഞ്ഞുവന്നു. മാസം ആയിരം രൂപായിൽ കുറയാതെ അയാൾക്കു വരവുണ്ടായിരുന്നു.

കല്യാണം ഇനിയും മാററിവെയ്ക്കുന്നതു ഒട്ടും ബുദ്ധിയല്ലെന്നു അവൻെറ അപ്പൻപറഞ്ഞു. ഇപ്പോൾ അവനു 28 വയസ്സുണ്ടു്. പല വലിയകൂട്ടർ കല്യാണം പറഞ്ഞുവരുന്നുണ്ടായിരുന്നു. എന്നാൽ അവൻ ഒന്നും സമ്മതിച്ചില്ല.

ഒടുവിൽ അവൻെറ അപ്പനു് സംശയം ആയിത്തുടങ്ങി. വരുന്ന കല്യാണങ്ങൾ ഒക്കെ വേണ്ടായെന്നു പറയുന്നതിനു എന്തൊ കാരണം ഉണ്ടായിരിക്കണം എന്നു അദ്ദേഹത്തിനുതോന്നി. തോമ്മാച്ചനോടു നിർബ്ബന്ധിച്ചു ചോദിച്ചപ്പോൾ അവൻ സത്യം പറഞ്ഞു.

ചാക്കോമാപ്പിള: കല്യാണം കഴിക്കുന്നില്ലെന്നാണോ നിൻെറ നിശ്ചയം?

തോ: അല്ല.

ചാ: പിന്നെ എന്നാ?

തോ: എനിക്കാഗ്രഹം ഉള്ള ഒരു പെണ്ണിനെ കെട്ടണമെന്നാ.

ചാ: അതേതുപെണ്ണാ.

തോ: പൂന്തോട്ടത്തിലെ മേറിക്കുട്ടി.

ചാക്കോമാപ്പിള അത്ഭുതപ്പെട്ടു കുറേനേരം ഇരുന്നുപോയി. മേറിക്കുട്ടിക്കു കുററംപറവാനൊന്നുംഇല്ല വാസ്തവത്തിൽ അയാൾക്കും അവളെ വലിയ ഇഷ്ടമാ ", എന്നാൽ പണം ഇല്ലല്ലൊ?

ചാ: യാതൊരു സ്ത്രീധനവും കിട്ടുകയില്ല.

തോ: സ്ത്രീധനംകിട്ടാനല്ലല്ലൊകല്ല്യാണംകഴിക്കുന്നതു?

ചാ: നിന്നെ പഠിപ്പിച്ചവകയിൽ എനിക്കു വളരെ ചെലവുണ്ട്. അതെങ്കിലും കിട്ടണ്ടേ?

തോ: അതിലധികം ഞാൻ സമ്പാദിച്ചുകഴിഞ്ഞല്ലൊ?

ചാ: നീ എന്തെങ്കിലും മേറിക്കുട്ടിയോടു പറഞ്ഞിട്ടുണ്ടോ.

തോ: ഞാൻ അവളെ മാത്രമേ വിവാഹം ചെയ്യു. എന്നു പറഞ്ഞിട്ടുണ്ട്.

ചാ: എൻെറ അഭിപ്രായം ഒന്നും അറിയണ്ടാ എന്നാണോ?.

തോ: ഈക്കാര്യത്തിൽ എനിക്കുസ്വാതന്ത്ര്യം വേണം.

ചാ: നീ ചെയ്തതു ഒട്ടും ഭംഗിയായില്ല. ഒരു കാര്യം ഇല്ലാത്ത ഒരു പെണ്ണിനേ കെട്ടുന്നതു നമ്മുടെ കുടുംബസ്ഥിതിക്കു പോരാത്തതാണ്.

തോ: അപ്പച്ചനു വിരോധമാണെങ്കിൽ അവളെ വിവാഹം ചെയ്യാതെയിരുന്നുകൊള്ളാം; എന്നാൽ ഞാൻ വേറെ ആരേയും വിവാഹം ചെയ്കയില്ല.

ചാ: എനിക്കു വിരോധംതന്നെയാ. എന്നുപറഞ്ഞിട്ടു അദ്ദേഹം പോയി.

അപ്പനു വിരോധമാണെന്നുള്ള വിവരം തോമ്മാച്ചൻ മേറിക്കുട്ടിയോടു പറഞ്ഞില്ല.

മൂന്നുമാസം കഴിഞ്ഞപ്പോൾ വലിയ ഒരു അത്യാഹിതം നേരിട്ടു. തോമ്മാച്ചൻെറ അപ്പനും മററും നടത്തിക്കൊണ്ടിരുന്ന ബാങ്ക് പൊളിഞ്ഞു. അതിനോടുകൂടെ അവൻെറയും വീട്ടുകാരുടെയും പണം വളരെ നഷ്ടപ്പെട്ടു. അവക്കു കുടുംബസ്വത്തു വളരെയൊന്നും ഇല്ലായിരുന്നു. വളരെ പണമുള്ള ആ കൂട്ടർ പെട്ടെന്നു സാമൂഹ്യസ്ഥിതിയിൽ താണു.

ആ സമയത്താണ് തോമ്മാച്ചനു് വേറെ ഒരു മനോവ്യഥയും വരാനിടയായതു്. കേശവപ്പണിക്കർ എന്നൊരാൾ അവിടുത്തെ ആശുപത്രിയിൽ കിടന്നു മരിച്ചു. കുത്തിക്കൊല്ലപ്പെട്ട കൃഷ്ണപ്പണിക്കരുടെ ഒരനന്തരവൻ ആയിരുന്നു ഈ കേശവപ്പണിക്കർ. മരിക്കുന്നതിനുമുമ്പേ അയാൾ ഡോക്ടരോടു ഒരു സംഗതി പറഞ്ഞു:

''ഞാനൊരു മഹാപാപിയാണ്. അമ്മാവനെ ഞാനാണ് കൊന്നതു്. നാരായണൻ യാതൊന്നും അറിഞ്ഞവനല്ല; ഞാൻ കുത്തിയുംവെച്ചു ഉടനെ സ്ഥലംവിട്ടതാണ്''

ഇത്രയും പറഞ്ഞു കുറെക്കഴിഞ്ഞപ്പോൾ അയാൾ മരിച്ചു.

ഈ വിവരം പെട്ടെന്നു രാജ്യംമുഴുവൻ പ്രസിദ്ധമായി. തോമ്മാച്ചനും ഇതുകേട്ടു. അവൻഅന്നുരാത്രി വളരെ നേരം ഉറങ്ങിയില്ല. മൂന്നു മണിയായപ്പോൾ അല്പം മയങ്ങി. അന്നേരം ഒരു സ്വപ്നംകണ്ടു: നാരായണപ്പണിക്കർ മുമ്പിൽവന്നുനില്ക്കുന്നു. ''എന്നോടിങ്ങനെ ചെയ്തല്ലോ'' എന്നയാൾ പറഞ്ഞു ഏററവും ദയനീയമായി ഒന്നു നോക്കി. തോമ്മാച്ചൻ നന്നേ വ്യസനിച്ചു. പിറെറദിവസം അവൻ അവൻെറ അപ്പനോടു ചെന്നു ഇങ്ങനെ പറഞ്ഞു.

തോ: അപ്പച്ചാ ഞാൻ ഈ ജോലി കളയാൻ പോകയാണ്.

ചാ: നീ എന്താ ഭ്രാന്തു പറയുന്നതു്?

തോ: എൻെറ മനസ്സാക്ഷിക്കു ഭാരമാണ് വക്കീലായിട്ടിരിക്കുന്നതു്.

ചാ: കാര്യ്യമെന്താ?

തോ: പലകാര്യ്യങ്ങൾ ഉണ്ടു്. നമ്മളിപ്പോൾ ഒരു പത്തുണ്ടു് വീട്ടുകാരെ വഴിയാധാരമാക്കീട്ടുണ്ടു്. അതുപോലെ

നിരപരാധിയായ നാരായണപ്പുണിക്കരെ തൂക്കിക്കൊല്ലുന്നതിനും ഇടയായി.

ചാ: അയാൾനിരപരാധിയാണെന്നു് ആരുപറഞ്ഞു?

തോ: അപ്പച്ചൻ ഈ വത്തമാനം ഒന്നും കേട്ടില്ലേ?

ചാ: ഇല്ല.

തോമ്മാച്ചൻ കേട്ട സംഗതികൾ പറഞ്ഞു. ചാക്കോമാപ്പിളയും കുറെ വ്യസനിക്കാതെയിരുന്നില്ല. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "അതൊന്നും നിൻെറ കുററമല്ല. ചിലപ്പോൾ അങ്ങനെയൊക്കെ ഉണ്ടാകും. അതുകൊണ്ടു ജോലികളയുന്നതു ബുദ്ധിയല്ല."

തോമ്മാച്ചൻ വക്കീൽ ജോലിയിൽ നിന്നും വിരമിക്കുന്നതിനു നിശ്ചയിച്ചവിവരം മേറിക്കുട്ടിയെ അറിയിച്ചപ്പോൾ അവൾ വളരെ സന്തോഷിക്കയാണു് ചെയ്തതു്. "ദൈവം തോമ്മാച്ചനെ കാണിക്കുന്ന വഴിപോകയാണു വേണ്ടതു്. ഞെരുക്കവും പ്രയാസവുംവന്നാൽ സാരമില്ല, ദൈവം നടത്തുകയാണെങ്കിൽ" എന്നവൾ പറഞ്ഞു.

തോമ്മാച്ചൻെറ അപ്പനും ചിററപ്പനും ഈ പ്രവൃത്തി വളരെ വിരോധമായിരുന്നു. ബാങ്കിനുവളരെ പണം കിട്ടാനുണ്ടു്. അതൊക്കെ കിട്ടണമെങ്കിൽ ശരിയായി കേസുകൾ നടത്തണം. അതിനു ആരുംഇല്ലാതെയാകും. ബാങ്കിലേ ഡിപ്പോസിററു് ഒക്കെ പോയിരിക്കയാണു്. ഇനിയും കിട്ടാനുള്ള പണവുംകൂടെ നഷ്ടപ്പെട്ടാൽ ഒരു ഭയങ്കര സ്ഥിതിയാണു വരാൻപോകുന്നതു്.

എന്നാൽ ഇതുകൊണ്ടൊന്നും തോമ്മാച്ചൻ ഇളകിയില്ല. അവൻെറ പണവും കുറെ ബാങ്കിൽ നിക്ഷേപിച്ചിരുന്നതാണു്. അതു നഷ്ടമായിപ്പോയി. എന്നാൽ കുറെ പണം തപാലാപ്പീസിൽ ഉണ്ടായിരുന്നു.

തോമ്മാച്ചൻെറ കേസുകെട്ടുകളെല്ലാം അവൻ രാമയ്യർ എന്നു പേരായ ഒരു വക്കീലിനെ ഏല്പിച്ചു. അതു അവൻെറ അപ്പൻെറയും ഗീവറുഗീസ് അച്ചൻെറയും ആഗ്രഹപ്രകാരമായിരുന്നു. അതുകഴിഞ്ഞു് അവൻ ഒരു സ്കൂളിൽ പഠിപ്പിക്കുന്നതിനായി പോകുന്നതിനു നിശ്ചയിച്ചു."

അവരുടെ സഭവക ഒരു വിദ്യാലയത്തിൽ വാദ്ധ്യാ

രായാൽ ക്രിസ്തീയ പ്രവത്തനം സാധിക്കുമല്ലോ എന്നവൻ വിചാരിച്ച് സഭാസ്കൂളുകളിലെല്ലാം അപേക്ഷ അയച്ചു. അതിലൊന്നിൽ മാത്തമാററിക്സ് പഠിപ്പിക്കുന്നതിനു അവൻ നിയമിക്കപ്പെട്ടു. നിയമിക്കുന്നതിനുമുമ്പേ മാനേജർ വിളിച്ചു ഇങ്ങനെപറഞ്ഞു:

"ഇവിടെ ശമ്പളം 50 രൂപായാണ്. എന്നാൽ അതിൽ 20 രൂപാ സ്കൂളിനു ഒരു ഡൊണേഷൻ ആയിട്ടു തരണം."

തോമ്മാച്ചൻ: എന്നുമോ?

മാ: എന്നും വേണ്ട, ഈ ഒരാണ്ടത്തേക്കുമതി.

തോ: അതിനു വിരോധമില്ല.

തോമ്മാച്ചൻ പഴയജീവിതം എല്ലാംവിട്ടു ക്രിസ്തീയ വേലചെയ്യണമെന്നുള്ള വലിയ ആഗ്രഹത്തിലാണ് ഈ ജോലിക്കു വന്നിരിക്കുന്നത്. സ്വന്ത ശേഷക്കാരൻ മാമ്മച്ചൻെറ സ്കൂളിൽ ഒരുദ്യോഗം ആവശ്യപ്പെട്ടാൽ കിട്ടുമായിരുന്നു. എന്നാൽ ആ സ്കൂൾ ക്രിസ്തീയവേല ഉദ്ദേശിച്ചു സ്ഥാപിച്ചിട്ടുള്ളതല്ല. അതുകൊണ്ടാണ് തോമ്മാച്ചൻ സഭ നടത്തുന്ന ഒരു സ്കൂളിൽതന്നെ ചെന്നുചേന്നത്.

മേറിക്കുട്ടിയും വളരെ സന്തോഷിച്ചു. ദൈവനടത്തിപ്പുതന്നെയാണ് ഈ ഉണ്ടായസംഗതികളെല്ലാം എന്നാണ് അവളുടെ വിശ്വാസം. തോമ്മാച്ചനെ അവൾ അനുമോദിച്ചു. എന്നാൽ അവൻെറ അപ്പനും ചിററപ്പനും വളരെ അതൃപ്തിയാണുണ്ടായിരുന്നത്. "കുടുംബ ദ്രോഹിയാണ് നീ" എന്നുപോലും ഗീവറുഗീസ് അച്ചൻ പറകയുണ്ടായി. "കള്ളക്കേസൊന്നും പിടിക്കാൻ പോകണ്ടാ. എന്നാലും പണം നഷ്ടപ്പെടുത്താതെ നമുക്കുകിട്ടാനുള്ള തുകകൾ വാങ്ങിക്കുന്നതിൽ എന്താണുതെററ്?" എന്നദ്ദേഹംചോദിച്ചു.

"50 രൂപായിക്കു ഒപ്പിട്ടിട്ടു 30 രൂപാ വാങ്ങിക്കുന്നതു പാപമല്ലേ" എന്നു തോമ്മാച്ചൻെറ അപ്പൻ ചോദിച്ചു. "അതു ഞാൻ സ്കൂളിനു ഒരു ഡൊണേഷൻ ആയിട്ടുകൊടുക്കുകയാണ്." എന്നു തോമ്മാച്ചൻ പറഞ്ഞു. "ആട്ടെ സ്കൂളിൻെറ കണക്കിൽ ഡൊണേഷനായിട്ടെഴുതുമോ"? എന്നു ചാക്കോമാപ്പിള ചോദിച്ചു. "അതു എനിക്കറിഞ്ഞുകൂടാ,

എഴുതുമായിരിക്കും'' എന്നു് തോമ്മാച്ചൻ പറഞ്ഞു''

"എഴുതും! എഴുതിയാൽ പിന്നെ ഗ്രാൻറു കിട്ടുമോ?''. എന്നു ചാക്കോമാപ്പിള ചോദിച്ചു.

തോ: മറെറാരാളുടെ മനസ്സാക്ഷിക്കു ഞാൻ ഉത്തരവാദിയല്ല. ഞാൻ പാപം ചെയ്യുന്നില്ല. എന്നേ എനിക്കറിയേണ്ടു.

ചാ: നീ ഒരു കള്ളത്തിനു സഹായിക്കയല്ലേ?

തോ: അല്ല. സ്കൂളിൻെറ പണം കൊണ്ടു മാനേജർ എന്താണു് ചെയ്യുന്നതെന്നു് എനിക്കറിയേണ്ട ആവശ്യം ഇല്ല. അതു സഭയാണു് നോക്കുന്നതു്.

തോമ്മാച്ചനു വാസ്തവത്തിൽ കുറച്ചുവിഷമംമനസ്സിൽ ഉണ്ടായി. എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങൾ എല്ലാം സൂക്ഷ്മമായിതിരക്കി അറിയുന്നതിനു സാദ്ധ്യമല്ല എന്നു വനുതോന്നി.

സ്വന്തജോലിയിൽ അവൻ വളരെശുഷ്ക്കാന്തിയോടെ പ്രവേശിച്ചു. വിദ്യാത്ഥികളുടെ ആത്മിക വളർച്ചക്കായി അവൻ കരുതിപ്രവത്തിച്ചു. പലകുട്ടികളും അവരുടെ പ്രയാസങ്ങൾ അവനോടുവന്നു പറകയും അവൻ അവരെ കഴിവുപോലെ സഹായിക്കയും ചെയ്തു.

തോമ്മാച്ചനു കിട്ടുന്നശമ്പളം കഷ്ടിച്ചു അവൻെറ ചെലവിനു മാത്രമെയുള്ളു. പിന്നത്തെ ആണ്ടിലും ഈ ഡൊണേഷൻ തുടന്നു കൊണ്ടുപോകണമെന്നു മാനേജർ ആവശ്യപ്പെട്ടു. ''സാദ്ധ്യമല്ല ഒരാണ്ടത്തേക്കു മതിയെന്നു പറഞ്ഞിരുന്നതാണല്ലോ'' എന്നുതോമ്മാച്ചൻ പറഞ്ഞു. എങ്കിലും ആദ്യത്തെ മാസം ശമ്പളം കൊടുത്തപ്പോൾ 30 രൂപായേ കൊടുത്തുള്ളു; തോമ്മാച്ചൻ അതുവാങ്ങിച്ചില്ല. ഒപ്പിടുന്നതിനു വിസമ്മതിച്ചു. മററുള്ള വാദ്ധ്യാന്മാരൊക്കെ കിട്ടിയതുവാങ്ങിച്ചും കൊണ്ടുപോയി. ഇതുകൊണ്ടു മാനേജർ അച്ചനു് പിണക്കമായി.

അതിനോടുകൂടെ വേറൊരു വിഷമവും വന്നുകൂടി. തോമ്മാച്ചൻെറ ക്ലാസിൽ കൃഷ്ണൻനായർ എന്നൊരു കുട്ടിയുണ്ടായിരുന്നു. അവൻ ആ സ്കൂളിൽ ബോർഡിങ്ങിലാണു താമസിച്ചിരുന്നതു്. അവനു് ഒരുദിനംവരികയും തോ

മ്മാച്ചൻ അവനെ ശുശ്രൂഷിക്കയുംചെയ്തു. അവനു തോമ്മാച്ചനോടു അതിയായ സ്നേഹം ഉണ്ടാകയും ക്രിസ്തീയ സത്യങ്ങൾ പഠിക്കുന്നതിൽ ആഗ്രഹം കാണിക്കയുംഉണ്ടായി. അവധിക്കുഅവൻ വീട്ടിൽ ചെന്നസമയത്തു ക്രിസ്ത്യാനിമാർഗ്ഗത്തിൻെറ വിശേഷത്തെപററി അവൻെറ അച്ഛനോടുപറഞ്ഞു. അച്ഛൻ ആകെപ്പാടെ ഭ്രമിച്ചുവശായി. മകൻ ക്രിസ്ത്യാനിയായാൽ വലിയ പോരായ്മയാണു്. അയാൾ ചെന്നു ഹെഡ്മാസ്റ്ററെക്കണ്ടു കുറെ പരാതിപറഞ്ഞു. മാനേജരോടും അയാൾ കുറെ ഒക്കെ സങ്കടംപറഞ്ഞു. തോമ്മാച്ചൻെറ പ്രവൃത്തിനിമിത്തം ഉണ്ടായ ഒരു കുഴപ്പംആണു് ഇതെന്നു അവൎക്കു മനസ്സിലായി. തോമ്മാച്ചനെ വിളിച്ചു അവർ താക്കീതുചെയ്തു. തോമ്മാച്ചൻ മറുപടി വലുതായി ഒന്നും പറഞ്ഞില്ല. "ക്രിസ്തുമാർഗ്ഗത്തെപ്പററി മററുള്ളവർ അറിഞ്ഞു്, അതിലേക്കുവരണമെന്നുള്ള ആന്തരമല്ലേ ക്രിസ്തീയസഭയ്ക്കുള്ളതു്" എന്നുമാത്രം അവൻചോദിച്ചു. "അതല്ല" എന്നവർ പറഞ്ഞില്ല. എന്നാൽ "അതൊക്കെ സൂക്ഷിച്ചുചെയ്യേണ്ട പ്രവൃത്തികളാണു്. പെട്ടെന്നു ഇങ്ങനെയൊക്കെ ചെയ്താൽ വലിയ വഴക്കുണ്ടാകും" എന്നവർ പറഞ്ഞു.

തോമ്മാച്ചനു സ്വന്തപ്രവൃത്തി തെററായിട്ടു തോന്നിയില്ല. ക്രിസ്തുവിനെ സ്നേഹിക്കുന്നവൎക്കു് അവരുടെഅനുഭവത്തെപ്പററി പറയാതെയിരിക്കാൻ കഴിയുന്നതല്ല എന്നു തോമ്മാച്ചനു തോന്നി.

കുറെനാൾ കഴിഞ്ഞപ്പോൾ വേറെ ഒരു ഹിന്ദുബാലനും ക്രിസ്ത്യാനിമാർഗ്ഗത്തിലേക്കു വരണമെന്നുള്ള ആഗ്രഹം പ്രദർശിപ്പിച്ചു. ആകെപ്പാടെ വലിയ ബഹളമായി. ആ ബാലൻെറ അച്ഛൻ ഇൻസ്പെക്ടരുടെപേൎക്കു ഈക്കാര്യത്തേപ്പററി എഴുതി.

എന്തിനേറെപ്പറയുന്നു? തോമ്മാച്ചൻ ആ ആണ്ടവസാനത്തിൽ സ്കൂൾവിടേണ്ടിവന്നു.

മേറിക്കുട്ടി ഇതുകൊണ്ടൊന്നും അശേഷം ഇളകിയില്ല. "ക്രിസ്തുവിൻെറ ഒരു ദാസനു് എപ്പോഴും കുരിശാണു് അനുഭവം; തോമ്മാച്ചൻ ക്രിസ്തീയവേലതന്നെ ചെയ്യണം"

എന്നവൾ പറഞ്ഞു.

"അപ്പോൾ ശമ്പളം വേണ്ടേ" എന്നവൻ ചോദിച്ചു.

"ശമ്പളം ദൈവംതരും" എന്നു മേറിക്കുട്ടി പറഞ്ഞു.

"മേറിക്കുട്ടി എൻെറ കൂടെവരാമോ"

"വരാം, ധൈര്യമായിട്ടിരിക്കണം".

തോമ്മാച്ചൻ ഒട്ടും ഭയപ്പെട്ടില്ല. അവൻ ചെന്നു അവൻെറ അപ്പനോടു "അപ്പച്ചാ മേറിക്കുട്ടിയെ വിവാഹം ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നു" എന്നുപറഞ്ഞു. "നിൻെറ ഇഷ്ടംപോലെചെയ്യൂ" എന്നദ്ദേഹം പറഞ്ഞു.

വാസ്തവത്തിൽ അയാൾക്കു ഉള്ളിൽ ഈ കാര്യം വിരോധമായിരുന്നു. എങ്കിലും മുപ്പതു് വയസ്സുപ്രായമായ മകനോടു ഇനിയും അവനിഷ്ടമുള്ള പെണ്ണിനെ വിവാഹം ചെയ്യുന്നതിനു തടസ്സംപറയുന്നതു അഭംഗിയാണെന്നു് അയാൾ വിചാരിച്ചു.

അങ്ങനെ തോമ്മാച്ചനും മേറിക്കുട്ടിയും തമ്മിലുള്ള വിവാഹംനടന്നു. മേറിക്കുട്ടിയുടെ അമ്മ ഏലിയാമ്മ കുറെനാൾ മുമ്പു്മരിച്ചുപോയിരുന്നു. മേറിക്കുട്ടിയും രണ്ടാമച്ഛനായ യോഹന്നാൻ മാപ്പിളയും മാത്രമേ ആ വീട്ടിൽ ഉണ്ടായിരുന്നുള്ളു.

അവരുടെ വിവാഹം കഴിഞ്ഞിട്ടു മൂന്നുമാസമായപ്പോൾ തോമ്മാച്ചനു് സ്ററുഡെൻറു മൂവ്വുമെൻറുകാരുടെ ഒരെഴുത്തുവന്നു; കേരളത്തിലുള്ള അവരുടെ വേലക്കു ഒരു സിക്രട്ടറിയെ ആവശ്യമുണ്ടെന്നും ആ ജോലി ഭരമേൽക്കുന്നതിനു വിഷമം ഉണ്ടോഎന്നറിയിക്കണമെന്നും ആയിരുന്നു എഴുത്തു്. ശമ്പളം പ്രതിമാസം 120 രൂപായാണെന്നും എഴുതിയിരുന്നു.

തോമ്മാച്ചനും മേറിക്കുട്ടിയുംകൂടെ ആലോചിച്ചു പ്രാർത്ഥിച്ചതിൻെറ ഫലമായി അവർ ഈ ജോലി സ്വീകരിക്കണമെന്നു നിശ്ചയിച്ചു. അങ്ങനെ ആ ജോലിഅവൻ സ്വീകരിച്ചു. അവർ തിരുവനന്തപുരത്തു താമസമായി.

## VII

തോമ്മാച്ചൻെറ ജോലി ക്രിസ്തീയ കോളജുകളിലെ വിദ്യാർത്ഥികളുടെ ഇടയിൽ ആയിരുന്നു. കോൺഫറൻ

സുകൾ നടത്തുക, ക്രിസ്തീയ സംഘങ്ങൾ കോളജുകളിൽ രൂപീകരിക്ക, ഇതെല്ലാം ആയിരുന്നു അയാൾ ചെയ്യേണ്ടിയിരുന്നതു്. കേരളം ഒട്ടുക്ക യാത്രചെയ്തു അയാൾ ഈ പ്രവൃത്തി ചെയ്തുവന്നു.

തിരുവനന്തപുരത്തു പല വിദ്യാൎത്ഥികളോടും അയാൾക്കു് സമ്പൎക്കം ഉണ്ടായി. തോമ്മാച്ചൻെറ വേല കൊണ്ടു പലരും ക്രിസ്തീയ ജീവിതത്തിലേക്കു് വരുന്നതിനിടയായി.

ആദ്യത്തെ ആണ്ടു മുഴുവനും യാതൊരു പ്രയാസവുംകൂടാതെ മാസംതോറും ശമ്പളം മുഴുവൻ കിട്ടിവന്നു. എന്നാൽ പിന്നത്തെ ആണ്ടിൽ തന്നെത്താൻ പണം പിരിച്ചു ശമ്പളംവാങ്ങിച്ചുകൊള്ളണമെന്നു ഒരു കല്പന അധികാരസ്ഥാനങ്ങളിൽനിന്നും വന്നു. ശമ്പളത്തിൻെറ ഒരു ഭാഗം മാത്രം വരുന്നുണ്ടായിരുന്നു. പണം പിരിക്കുന്നതിനു വളരെ മിടുക്കുള്ള ഒരുവനല്ലായിരുന്നു തോമ്മാച്ചൻ. എന്നാൽ വക്കീൽപ്പണിയിൽ ഇരുന്നകാലത്തു ധാരാളം പണം സമ്പാദിച്ചിരുന്നതിനാൽ ഇതുകൊണ്ടു വലിയ പ്രയാസം ഒന്നും ഉണ്ടായില്ല. വളരെ കുറഞ്ഞ തോതിൽ അവർ ജീവിച്ചുപോന്നു.

രണ്ടു വൎഷംകഴിഞ്ഞപ്പോൾ അവൎക്കു ഒരു ശിശു ജനിച്ചു. പെൺകുട്ടി. അവൾക്കു അവർ കുഞ്ഞുമോൾ എന്നു പേർവിളിച്ചു. അവളുടെ ജനനത്തോടു കൂടെ സംഗതികൾ ഒക്കെ കുറെ പ്രയാസത്തിലായി. പണത്തിനു കൂടുതൽ ആവശ്യം ഉണ്ടു്, എന്നാൽ പണം കൈവശം തീരെയില്ല. അപ്പൻെറ ബാങ്കു് പൊളിഞ്ഞുപോയതിനാൽ അവിടെനിന്നും പണം വരാനില്ല.

## VIII

ആണ്ടുകൾ കഴിഞ്ഞുപോയി. തോമ്മാച്ചൻ സ്വന്ത ജോലി വളരെ ശുഷ്ക്കാന്തിയോടെ ചെയ്യുന്നുണ്ടു്. എന്നാൽ ശമ്പളം നന്നേ കുറവാണു്. ചില മാസങ്ങളിൽ പത്തുരൂപായേ കിട്ടിയിട്ടുള്ളു. അതിനോടുകൂടെ യുദ്ധവും വന്നുകൂടി.

കുഞ്ഞുമോൾക്കു എട്ടുവയസ്സു തികഞ്ഞു. അവളെ നല്ല ഒരു മിഷ്യൻ സ്കൂളിൽ പഠിപ്പിക്കണമെന്നു് അവർ ആഗ്രഹിച്ചു. എന്നാൽ അതിനു പണം കൈയിൽ ഇല്ല. വാസ്തവം പറഞ്ഞാൽ നിത്യച്ചെലവിനുപോലും പണം ഇല്ലാതെയാണു് അവർ കഴിയുന്നതു്.

"ഞാനും വല്ല ജോലിക്കും പോകാം" എന്നു മേറിക്കുട്ടി പറഞ്ഞു.

തോമ്മാച്ചനു അതു തീരെ സന്തോഷമുള്ള ഒരു സംഗതിയല്ല. മേറിക്കുട്ടി ഇൻററ്മീഡിയററു പരീക്ഷ ഒന്നാംക്ലാസ്സിൽ ജയിച്ചവളാണു്. കണക്കു വിഷയത്തിൽ വളരെ വിദഗ്ദ്ധയും ആയിരുന്നു; വല്ല സ്കൂളിലും പഠിപ്പിക്കാൻ അവൾക്കു് ഇഷ്ടവും ആണു്.

പല മിഷ്യൻ സ്കൂളുകളിൽ ജോലിക്കു അവൾ അപേക്ഷിച്ചു. എൽ. ടീ. പാസ്സാകാത്തവരെ ആക്കും വേണ്ടാ. ബി. എ. പാസ്സായവരെത്തന്നെ ധാരാളം കിട്ടാനുണ്ടു്.

അങ്ങനെ കുറെനാൾ കഴിഞ്ഞു. പണത്തിൻെറ അഭാവം അവരെ വളരെ ക്ലേശിപ്പിച്ചു. അവർ ആ സംഗതിയെപ്പററി പ്രാർത്ഥിച്ചു. അങ്ങനെയിരിക്കുമ്പോൾ ഒരു ഇംഗ്ലീഷ് പത്രത്തിൽ ഒരു പരസ്യം കണ്ടു.

"ആവശ്യമുണ്ടു്

പ്രായമുള്ള ഒരു സ്ത്രീക്കു് ഒരു കൂട്ടുകാരിയെ വേണം. മലയാളം നന്നായി വായിക്കാൻ പഠിച്ചിരിക്കണം. ശമ്പളം സകല ചെലവും കഴിഞ്ഞു 50 രൂപാ. അപേക്ഷിക്കേണ്ട മേൽവിലാസം: മിസ്സസ്സ് ആനന്ദറാവു, 10 റെഹിമാൻ റോഡ്, ഹൈദരബാദ്."

ഇതായിരുന്നു പരസ്യം. ഈ ജോലിക്കു് മേറിക്കുട്ടി അപേക്ഷിച്ചു. ഇൻററ്മീഡിയററു ജയിച്ച ആളാണെന്നു അപേക്ഷയിൽ പറഞ്ഞില്ല. സ്വന്തകൈയ്യക്ഷരത്തിൽ എഴു

തിയ എഴുത്താണു്. എഴുത്തിൻെറ മേന്മയും ഒക്കെക്കൊണ്ടു് ആ സ്ത്രീ മേറിക്കുട്ടിക്കുതന്നെ ആ ജോലി കൊടുത്തു.

തോമ്മാച്ചനു മേറിക്കുട്ടി പോകുന്നതു് വളരെ വ്യസനമായിരുന്നു. എന്നാൽ പണം അശേഷം ഇല്ലാതെ കുഞ്ഞുമോളെ എങ്ങനെയാണു് വളർത്തുന്നതു്. 50 രൂപാ കിട്ടിയാൽ അവളെ ബാലികാമഠത്തിൽ വിടാം. അവളുടെ പഠിത്തവും ഒക്കെ നന്നായിട്ടു നടത്താം. അതുകൊണ്ടു അങ്ങനെതന്നെയാകട്ടെ എന്നവർ നിശ്ചയിച്ചു.

## IX

മേറിക്കുട്ടി ഹൈദരബാദിൽ മിസ്സസ് ജോസഫ് ആനന്ദറാവു എന്നൊരാളുടെ കൂടെയായി. അവർ കൊല്ലത്തുകാരിയാണു്. അവരുടെ ഭർത്താവായ ജോസഫ് ആനന്ദറാവു ബോംബെയിൽ വലിയ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. അയാൾ ചുരുക്കമായിട്ടേ ഹൈദരബാദിൽ വരികയുള്ളു.

അവർക്കു സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിക്കുന്ന രണ്ടു ആൺകുട്ടികളും അഞ്ചാംഫാറത്തിൽ പഠിക്കുന്ന ഒരു മകളും ഉണ്ടായിരുന്നു. ആൺകുട്ടികൾക്കു ജോണിയെന്നും ജോസഫ് എന്നും പേരായിരുന്നു. മകളെ ശാന്തയെന്നാണു് വിളിച്ചിരുന്നതു്.

മേറിക്കുട്ടി, മിസ്സസ് ജോസഫിനു പല ജോലികളും ചെയ്തുകൊടുക്കണം. മലയാളംപത്രവും പുസ്തകങ്ങളും വായിച്ചുകേൾപ്പിക്കതന്നെയല്ലായിരുന്നു അവൾ ചെയ്യേണ്ടിയിരുന്നതു്. അവരുടെ കുളി, ഭക്ഷണം ഇതിലൊക്കെ മേറിക്കുട്ടിയുടെ കണ്ണു ചെല്ലേണ്ടിയിരുന്നു.

ഈ മിസ്സസ് ജോസഫ് ഒരു രോഗിയാണെന്നാണു് ഭാവം. വാസ്തവത്തിൽ അവർക്കു പറയത്തക്ക ദീനമൊന്നും

ഇല്ലായിരുന്നു. മടി എന്നൊരു രോഗമായിരുന്നു അവരെ ബാധിച്ചിരുന്നതു്. പകൽസമയം മുഴുവൻ അവർ അവരുടെ മുറിയിൽ കിടക്കും. എഴുന്നേററു എന്തെങ്കിലും ചെയ്യുന്നതു് അവക്കു പ്രാണസങ്കടമായിരുന്നു.

മേറിക്കുട്ടിയെ അവർക്കു് ഇഷ്ടമായി. എന്നാൽ അവൾക്കു ജോലി വളരെ ഭാരമായിട്ടാണു് തോന്നിയതു്. ഒരു സ്ത്രീയുടെ "ഇഷ്ടത്തിനു തുള്ളാൻ" അവൾ പഠിച്ചിട്ടില്ല. മിസ്സ്.സ് ജോസഫിൻെറ ചിലനേരത്തെ സ്വഭാവം വളരെ വിഷമകരവുമായിരുന്നു.

മേറിക്കുട്ടിയുടെ സൗമ്യതയും സ്നേഹസ്വഭാവവും കുറെ നാളുകൾകൊണ്ടു് ആ കുടുംബത്തിൽ എല്ലാവക്കും അനുഭവമായി. "നിങ്ങൾ എന്തു ചെയ്താലും എല്ലാം കത്താവായ യേശുവിൻെറ മഹത്വത്തിനായി ചെയ്‌വിൻ" എന്ന കല്പന അക്ഷരംപ്രതി നിവത്തിക്കുന്നതിനു അവൾ ശ്രമിച്ചു.

അവക്കു വീട്ടിൽ രണ്ടു സ്ത്രീകളും ഒരു പുരുഷനും വേലക്കാരായിട്ടുണ്ടായിരുന്നു. വളരെ പണവും സൗകര്യങ്ങളും ഉള്ള ഒരു കുടുംബമായിരുന്നു അതു്.

മേറിക്കുട്ടി ചെന്നു് കുറെനാൾ കഴിഞ്ഞപ്പോൾ ഒരു ചെറിയസംഭവം അവിടെ നടന്നു. മുറി തൂക്കുന്ന വേലക്കാരിക്കു ഒരു പനിയായിപ്പോയി. മററവൾ അടുക്കളപ്പണി മാത്രമെ ചെയ്യാറുള്ളു. മേറിക്കുട്ടി മുറി തൂക്കുന്ന ജോലി ഒന്നു ചെയ്യണമെന്നു മിസ്സസ് ജോസഫ് ആവശ്യപ്പെട്ടു. അതു കുറെ അന്യായമാണെന്നു് മേറിക്കുട്ടിക്കു തോന്നിയെങ്കിലും അവൾ മടി പറയാതെ മുറി തൂത്തു. ജോസപ്പും ജോണിയുംകൂടെ ഒരു മുറിയിൽ ഇരുന്നു കണക്കു ചെയ്കയാണു്. ക്ഷേത്രഗണിതത്തിൽ ഒരു കണക്കിൻെറ വഴി അവർ വളരെനേരം ശ്രമിച്ചുനോക്കിയിട്ടും കിട്ടിയില്ല. മേറിക്കുട്ടി കണക്കിനു അതിവിദഗ്ദ്ധയായിരുന്നു. അവൾ രാത്രിയിൽ

ആ കണക്കു ഒരു കടലാസിൽ ചെയ്തു്, ആ കുട്ടികളുടെ നോട്ടുബുക്കിൽ വെച്ചു. പിറെറദിവസം ജോണിക്കുട്ടി നോട്ടുബുക്കു തുറന്നു നോക്കിയപ്പോൾ കണക്കു ആരോ ചെയ്തുവെച്ചിരിക്കുന്നു. ഇതെന്തു കഥയാണെന്നു വിചാരിച്ചു അവർ രണ്ടുപേരും പരിഭ്രമിച്ചു. ആ കടലാസ്സു എടുത്തു അവർ അവരുടെ അമ്മയെ കൊണ്ടുചെന്നു കാണിച്ചു. "നിങ്ങളിൽ ഒരാൾ ചെയ്തതാ. ഉറക്കത്തിൽ അറിയാതെ ചെയ്ത സംഭവങ്ങൾ വേറെ കേട്ടിട്ടുണ്ടു്" എന്നവർ പറഞ്ഞു. അങ്ങനെതന്നെയായിരിക്കും എന്നു വിചാരിച്ചു അവർ സമാധാനപ്പെട്ടു.

കുറെ ദിവസം കഴിഞ്ഞു് ഒരിക്കൽ ശാന്ത സ്കൂളിൽ നിന്നു വന്നപ്പോൾ കാലിനു വലിയ വേദനയായിട്ടാണു് അവൾ വന്നതു്. കാലിൻെറ വെള്ളയ്ക്കു ഒരു മുള്ളോ മറേറാ കൊണ്ടുകയറി, അവിടെ പഴുക്കുന്നുണ്ടായിരുന്നു. അതു അവൾ അമ്മയെ കാണിച്ചു. "സാരമില്ല" എന്നവർ പറഞ്ഞു. മററുള്ളവരുടെ രോഗങ്ങളെപ്പററി അവർക്കു വലിയ സഹതാപം ഇല്ല. രാത്രിയായപ്പോൾ വേദന വളരെ വർദ്ധിച്ചു കുട്ടിക്കു ഉറങ്ങാൻ പാടില്ലാതെയായി. അവൾ കുറേശ്ശെ കരയുകയാണു്. മേറിക്കുട്ടി പതുക്കെ അവളുടെ മുറിയിൽ ചെന്നു, അവളുടെ കാലെടുത്തു മടിയിൽ വെച്ചു തടവി, കുറേനേരം ഇരുന്നു. മണി പന്ത്രണ്ടായപ്പോൾ അവൾ ഉറങ്ങി. എന്നാൽ അപ്പോഴേക്കു ഒരു ബഹളം ഉണ്ടായി. മിസ്സസ് ജോസഫ് ഒരു പതിനൊന്നുമണിയായപ്പോൾ ഉണർന്നു മേറിക്കുട്ടിയെ അന്വേഷിച്ചു. അവക്കു കുറച്ചുവെള്ളം വേണം. കൂജ ആ മുറിയിൽ തന്നെയുണ്ടു്. എന്നാൽ എഴുന്നേററു് അതെടുക്കുന്നതു് അവക്കു ബുദ്ധിമുട്ടാണു്. മേറിക്കുട്ടി പന്ത്രണ്ടുമണിക്കു ചെന്നപ്പോൾ അവളെ അവർ ശകാരിച്ചു– "നീ എവിടെയായിരുന്നു" എന്നവർ ചോദിച്ചു. "ശാന്ത വേദനകൊണ്ടു കരയുകയായിരു

ന്നു. ശാന്തയെ ഒന്നു സമാധാനപ്പെടുത്താൻ പോയതാ" എന്നവൾ ഉത്തരം പറഞ്ഞു. "നിന്നെ ഇവിടെയാക്കിയിരിക്കുന്നതു് എന്നെ നോക്കാനാ. ശാന്തയെ ശുശ്രൂഷിക്കാനല്ല" എന്നു ആ സ്ത്രീ പറഞ്ഞു. എങ്കിലും പിന്നെയൊന്നും അവർ പറഞ്ഞില്ല.

മേറിക്കുട്ടിയുടെ സ്നേഹശുശ്രൂഷനിമിത്തം ശാന്തയ്ക്കു അവളോടു കുറെ താല്പര്യം ഉണ്ടായി. "മേറിച്ചേച്ചി എൻെറ പേക്കു ഇന്നലെ വളരെ ബുദ്ധിമുട്ടിയല്ലോ." എന്നവൾ പിറേറദിവസം അവരോടു പറഞ്ഞു. "സാരമില്ല, എങ്ങനെയിരിക്കുന്നു വേദന ഇന്നു്?" എന്നവർ ശാന്തയോടു ചോദിച്ചു. "ഇന്നു കാലത്തെ ആ പരു പൊട്ടി ഇപ്പോൾ വേദനയില്ല" എന്നവൾ പറഞ്ഞു.

ശാന്ത പള്ളിക്കൂടത്തിൽ പോകുന്നതിനുമുമ്പു മേറിക്കുട്ടി അവളുടെ കാൽ ഭംഗിയായി മരുന്നുവെച്ചുകെട്ടിക്കൊടുത്തു. കുറേശ്ശ അവർ തമ്മിൽ പരിചയവും സ്നേഹവും ഉണ്ടായി. മേറിക്കുട്ടി അവളോടു ക്രിസ്തുവിൻെറ സ്നേഹത്തെപ്പററി പറഞ്ഞു മനസ്സിലാക്കുന്നതിനു ശ്രമിച്ചു. കയ്യിൽ ഇരുന്ന ഒരു മതപരമായ കഥപ്പുസ്തകം അവൾക്കു വായിക്കാൻ കൊടുത്തു. അതൊരിംഗ്ലീഷ് പുസ്തകമായിരുന്നു. "നിങ്ങൾക്കു ഇംഗ്ലീഷറിയാമോ" എന്നു ശാന്ത അവളോടു ചോദിച്ചു. "കുറേശ്ശെ" എന്നവൾ മറുപടി പറഞ്ഞു.

പിന്നീടൊരുദിവസം മേറിക്കുട്ടി താഴെ സ്വന്തമുറിയിൽ ഇരിക്കയായിരുന്നു. അവളുടെ പെട്ടി തുറന്നു എന്തോ എടുക്കുമ്പോൾ ശാന്തഓടിവന്നു അവളോടു എന്തോ പറയാൻ തുടങ്ങി. പെട്ടിയിൽ അവൾ പല ഇംഗ്ലീഷ് പുസ്തകങ്ങൾ കണ്ടു. അതിലൊന്നു സ്കോട്ടിൻെറ "ഐവാൻഹോ" ആയിരുന്നു. അതിൻെറ ഒരു ലളിത സംഗ്രഹമാണ് ശാന്ത പഠിക്കുന്നതു്. "മേറിച്ചേച്ചി നേരു പറ, ബി. എ. ക്കാരിയാണോ?" എന്നവൾ ചോദിച്ചു. "അല്ല" എ

ന്നു മേറിക്കുട്ടി പറഞ്ഞു. "എന്നാൽ തീർച്ചയായും അത്രടം ഒക്കെ പഠിച്ചതാ. മേറിച്ചേച്ചിയാ ഇന്നാളാ കണക്കു ചെയ്യുവച്ചതു്. എനിക്കറിയാം. അന്നേ എനിക്കു സംശയം ഉണ്ടായിരുന്നു" എന്നു ശാന്ത പറഞ്ഞു; മേറിക്കുട്ടി ചിരിച്ചു. അല്ലെന്നു പറഞ്ഞാൽ അസത്യമാണു്. "മോളു് ആരോടും പറയരുതേ" എന്നുമാത്രം അവൾപറഞ്ഞു. കൊച്ചുപെണ്ണിനോടു ഒരു രഹസ്യം സൂക്ഷിക്കണമെന്നു പറഞ്ഞാൽ അതു നടക്കുമോ? ഒന്നു രണ്ടു ദിവസത്തിനകം അവളുടെ സഹോദരന്മാക്കും സംഗതി മനസ്സിലായി. പിന്നീടു അവർ പ്രയാസമുള്ള കണക്കൊക്കെ കൊണ്ടുചെന്നു മേറിക്കുട്ടിയെക്കാണിച്ചു വഴി മനസ്സിലാക്കുമായിരുന്നു. അവക്കും അവളോടു വളരെ സ്നേഹം തോന്നി.

ഇങ്ങനെ കുറെനാൾ കഴിഞ്ഞപ്പോൾ അവരുടെ പിതാവായ മിസ്റ്റർ ജോസഫ് ആനന്ദറാവു അവിടെ വന്നു. മിസ്സസ് ജോസഫിൻെറ അച്ഛൻ ബോംബെയിലായിരുന്നപ്പോൾ അയാളുടെകൂടെ പങ്കുകച്ചവടത്തിൽ ഈ മിസ്റ്റർ ജോസഫ് ഏർപ്പെട്ടിരുന്നു. അന്നു അയാൾ മിസ്സസ് ജോസഫിനെ വിവാഹം ചെയ്തതാണു്. ആ സ്ത്രീയുടെ അച്ഛനും അമ്മയും മരിച്ചിട്ടു വളരെക്കാലമായി.

മിസ്റ്റർ ജോസഫിൻെറ കുടുംബം മൈസൂർ സംസ്ഥാനത്തു നൻഡിയൽ എന്നപട്ടണത്തിലെ ഒരു ക്രിസ്തീയ കുടുംബം ആയിരുന്നു. അദ്ദേഹത്തിൻെറ അച്ഛൻ ആനന്ദറാവു നൻഡിയലിൽവെച്ചു ക്രിസ്ത്യാനിയായതാണു്. അദ്ദേഹം വളരെ ഭക്തനായിരുന്നു. എന്നാൽ ജോസഫ്ആനന്ദറാവുവിനു വലിയ ഭക്തിയൊന്നും ഇല്ല. ഭാര്യ ഒരു രോഗിണിയായതിനോടുകൂടെ അയാൾ ഹൈദരബാദിൽ വരുന്നതും ചുരുക്കി. ഭാര്യയോടു വാസ്തവത്തിൽ അയാൾക്കു വലിയ സഹതാപമൊന്നും തോന്നാഞ്ഞതിൽ അത്ഭുതപ്പെടാനില്ല.

അവർ വെറുതേ രോഗം നടിച്ചു, രോഗിയായിത്തീന്നിരിക്കയാണെന്നയാൾക്കറിയാം.

അയാൾ അവിടെ വന്നാലും വലിയ സന്തോഷമൊന്നും അനുഭവിക്കാറില്ല. എപ്പോഴും ഞരങ്ങിക്കൊണ്ടാണു ഭാൎയ്യയുടെ വത്തമാനം. "പണം വേണം", "ഡോക്ടർക്കു ഇത്ര കൊടുക്കാനുണ്ടു" എന്നൊക്കെയാണു അയാളോടു ഭാൎയ്യക്കു പറയുവാനുള്ള ന്യൂസ്. ഭാൎയ്യയുടെ മുറിയിൽ രാത്രിയിൽ എപ്പോഴും മേറിക്കുട്ടി ഉറങ്ങണം. അതിനാൽ അയാൾ ആ മുറിയിൽ ചെല്ലുന്നതും പ്രയാസമായിരുന്നു.

അങ്ങനെ കുറെനാൾ കഴിഞ്ഞു. ഒരു ദിവസം മിസ്സസ് ജോസഫിനു വാസ്തവത്തിൽ ഒരു രോഗം തുടങ്ങി. വലിയ വായുമുട്ടലാണു് അവക്കുണ്ടായതു്. ആ രോഗം അധികമായപ്പോൾ അവർ ഡോക്ടരെ വിളിച്ചു. ഡോക്ടർ ചില മരുന്നുകൾ ചേത്തു ഒരു പൊടിയുണ്ടാക്കിക്കൊടുത്തു. രാത്രിയിൽ അതു സേവിച്ചുംകൊണ്ടു കിടന്നാൽ നല്ലപോലെ അവക്കു ഉറങ്ങുന്നതിനു സാധിക്കുമായിരുന്നു.

എല്ലാ രാത്രിയിലും ആ പൊടി കൊടുക്കുന്ന ചുമതല മേറിക്കുട്ടിയുടേതായിരുന്നു. മേറിക്കുട്ടി മുറക്കു അതു അവക്കു കൊടുത്തുവന്നു.

*　　*　　*　　*

## X

ഒരു ദിവസം നേരം വെളുത്തപ്പോൾ മിസ്സസ് ജോസഫ് ഉണന്നില്ല. നേരം എട്ടുമണിയായിട്ടും അവർ ഉണന്നില്ല. അവക്കു കാലത്തെ മുട്ടയും പാലും റൊട്ടിയും കൊണ്ടുചെന്നു മേറിക്കുട്ടി കൊടുക്കുന്ന പതിവുണ്ടു്. സാധാരണ അവർ ഏഴരമണിയാകുമ്പോൾ ഉണരും.

മേറിക്കുട്ടി അമ്പരന്നു. ഓടിച്ചെന്നു അവൾ ആനന്ദ റാവുവിനെ അറിയിച്ചു. കുട്ടികൾ പള്ളിക്കൂടത്തിൽ പോയിരുന്നു. അയാൾ വന്നു നോക്കിയശേഷം പെട്ടെന്നു ഡോക്ടറെ ഫോണിൽ വിളിച്ചു. അദ്ദേഹം വന്നു പരിശോധിച്ചു. "മരിച്ചുപോയി" എന്നയാൾ പറഞ്ഞു.

ആ വീട്ടിൽ വലിയ ബഹളമായി......ഡോക്ടർക്കു ചില സംശയങ്ങൾ ഉണ്ട്. "ശവം മറവുചെയ്യുന്നതു് വരട്ടെ" എന്നയാൾ പറഞ്ഞു. മിസ്റ്റർ ജോസഫ് വളരെ വ്യസനിച്ചു്, എന്താണു് ചെയ്യേണ്ടതെന്നറിയാതെ നടക്കയാണു്. ഡോക്ടർക്കു് മേറിക്കുട്ടിയെയാണു് സംശയം. വായുമുട്ടലിനു കൊടുത്തിട്ടുള്ള എഫിഡ്രിൻ എന്ന മരുന്നു വളരെ ശക്തിയുള്ളതാണു്. അതു കൂടുതൽ ചെന്നാൽ ഹൃദയസ്തംഭനം ഉണ്ടായി രോഗി മരിക്കാനിടയുണ്ട്. എന്നാൽ അദ്ദേഹം ഉണ്ടാക്കിക്കൊടുത്തയച്ചിട്ടുള്ള പൊടിയിൽ അരഗ്രെയിൻ എഫിഡ്രിനും, പിന്നെ അരഗ്രെയിൻവീതം വേറെ ശക്തിയില്ലാത്ത രണ്ടു മരുന്നുകളും മാത്രമാണു ചേർത്തിരുന്നതു്. അതു കഴിച്ചാൽ ആരും മരിക്കയില്ല.

ഡോക്ടർ കൊടുത്തിരുന്ന പൊടി, ഒരുചെറിയകടലാസു പൊതിയൊഴിച്ചു് എല്ലാം തീർന്നിരിക്കയായിരുന്നു. അയാൾ ആ പൊതി വാങ്ങിച്ചുനോക്കി. പല പരിശോധനകൾക്കുശേഷം അതു ആറു ഗ്രെയിൻ എഫിഡ്രിൻ മാത്രമാണെന്നു അയാൾ കണ്ടു. ഉടനെ അയാൾ അയാളുടെ വൈദ്യശാലയിൽ ചെന്നു വലിയ ഒരു അന്വേഷണം നടത്തി. ആ ആറു ഗ്രെയിൻ എഫിഡ്രിൻ അവിടെനിന്നും കൊടുത്തിട്ടുള്ളതല്ല എന്നു മനസ്സിലായി. മേറിക്കുട്ടി എന്ന വേലക്കാരി എങ്ങനെയോ കൊണ്ടുവന്നതാണെന്നു അയാൾക്കു സംശയമായി.

"എനിക്കു നിങ്ങളുടെ പെട്ടി ഒന്നു പരിശോധിക്കണം" എന്നയാൾ പറഞ്ഞു.

മേറിക്കുട്ടിക്ക് ഇതെല്ലാം ഒരു സ്വപ്നംപോലെയാണു തോന്നിയതു്. അവളും ഡോക്ടരുംകൂടെ താഴെച്ചെന്നു. ഡോക്ടർ പെട്ടി തുറന്നു. മി. ജോസഫ് ആനന്ദറാവുവും കൂടെപ്പോയി.

പെട്ടിതുറന്നു അവർ കണ്ട സാധനങ്ങൾ അവരെ നന്നാ അത്ഭുതപ്പെടുത്തി. അതിൽ ഒരു ഇംഗ്ലീഷ് ബൈബിൾ, പല ഇംഗ്ലീഷ്പുസ്തകങ്ങൾ, ഒക്കെയാണു അവർ കണ്ടതു്. എല്ലാററിൻെറയും അടിയിൽ എഫിഡ്രിൻ ഗുളികകളുടെ ഒരു കുപ്പിയും ഇരിക്കുന്നു! അതിൽനിന്നും പത്തുണ്ടു ഗുളികകൾ ആരോ എടുത്തിട്ടുണ്ടു്.

ഉടനെതന്നെ അവർ പോലീസിൽ അറിയിച്ചു.

പോലീസുകാർ വരുന്നതിനുമുമ്പേ സ്കൂളിൽനിന്നു കുട്ടികളും വന്നു. അമ്മ മരിച്ചുകിടക്കുന്ന കാഴ്ചയാണു് അവർ കണ്ടതു്. ആ അമ്മ അവരോടു ഒരിക്കലും വലിയ വാത്സല്യം ഒന്നും കാണിച്ചിട്ടില്ല. അവർ വന്നപ്പോൾ മേറിക്കുട്ടി ആ കട്ടിലിൻെറ അടുത്തുനിന്നു കരയുകയാണു്. അതു കണ്ടപ്പോൾ ശാന്തയും കരയാൻ തുടങ്ങി. ആൺകുട്ടികൾ രണ്ടുപേരും പരിഭ്രമിച്ചു അവിടെ നില്ക്കുയാണു്.

കുറച്ചു കഴിഞ്ഞപ്പോഴാണു് പോലീസുകാർ വന്നതു്. അവർ വന്നു മേറിക്കുട്ടിയെ കൊണ്ടുപോകയാണെന്നു ശാന്തക്കു മനസ്സിലായപ്പോൾ അവൾ വല്ലാതെ വ്യസനിച്ചുപോയി. "അയ്യോ എന്തിനാണു് ഡാഡീ, മേറിച്ചേച്ചിയെ അവർ കൊണ്ടുപോകുന്നതു്?" എന്നവൾ അച്ഛനോടു ചോദിച്ചു. "മേറിയെ സംശയിച്ചു കൊണ്ടുപോകയാണു്. തെററിച്ചു മരുന്നു കൊടുത്തെന്നാണു സംശയം" എന്നയാൾ പറഞ്ഞു. "മേറിച്ചേച്ചി ഒരു തെററും ചെയ്കയില്ല! വെറുതെ പറയുകയാ" എന്നവൾ പറഞ്ഞു. അവൾ ചെന്നു മേറിക്കുട്ടിയുടെ കൈയ്ക്കു കേറിപ്പിടിച്ചു. "എന്നെ വിടു മോളേ! ഞാനൊരു കുററവും ചെയ്തിട്ടില്ല. കുറച്ചു കഴിഞ്ഞു എന്നെ വിടും" എന്നവൾ പറഞ്ഞു ശാന്തയെ സമാധാനപ്പെടുത്തി.

## XI

ആ വീട്ടിൽ വേറെ മൂന്നു വേലക്കാരുണ്ടായിരുന്നു. സാറാ, എന്നും ജാനു എന്നും പേരായ രണ്ടു സ്ത്രീകളും ബെന്നി എന്നു പേരായ ഒരു പുരുഷനും ആയിരുന്നു അവർ. അവർ തമ്മിൽ ഉണ്ടായ ഒരു സംഭാഷണം നമുക്കൊന്നു ശ്രദ്ധിക്കാം. മേറി ലോക്കപ്പിലായിട്ടു കുറച്ചുദിവസമായി.

സാറാ: കേട്ടോ ജാനു! മേറിയമ്മതന്നെയാ കൊച്ചമ്മക്കു വിഷം കൊടുത്തതെന്നാ പറയുന്നതു്. അതു കള്ളമാന്നാ ഞാൻ പറേന്നതു്.

ബെന്നി: ഇപ്പം നമുക്കാ ആപത്തു വരാൻ പോന്നതു്.

ജാനു: അയ്യോ! അതെന്നാ.

ബെന്നി: പോലീസുകാരു വന്നു സാക്ഷി പറയാൻ നമ്മളേ കൊണ്ടുപോകും. കാണാം അപ്പം.

സാറാ: എന്നാ? ഞാൻ പറേം ഞാനൊന്നും കണ്ടില്ലെന്നു.

ബെന്നി: ശരിയാ. പിന്നെ ചൊവ്വേ അവരു വിടുകേല. ഒരിക്കൽ ഇനിക്കു പററിയതാ.

ജാനു: എന്നാ നേരു പറഞ്ഞാൽ?

ബെന്നി: നേരൊന്നും പറഞ്ഞാലൊക്കേല. അവരടിച്ചു പഞ്ചീസാക്കും. അവരു പറേന്നതു പറേണം.

സാറാ: അവരെന്നാ പറേം?

ബെന്നി: ഇപ്പം മേറിയമ്മയാ കൊന്നതെന്നു വരുത്തണം. അതിനെതിരു വല്ലോം പറഞ്ഞാൽ നമ്മളേ പോലീസുകാരു തല്ലിക്കൊന്നുപോകും.

ജാ: അപ്പോൾ നേരു പറയാൻ വയ്യേ?

ബെ: നേരൊക്കെ ചക്രം കൊടുക്കുന്നതുപോലാ. ആ ഇൻസ്പെക്ടർക്കു മേറിയമ്മ വല്ലതും കൊടുത്താലൊക്കും.

സാ: അയ്യോ അതു കഷ്ടമല്ലാ, പാവം! അപ്പം അവരേ തൂക്കിക്കൊന്നു പോകുമോ?

ബെ: അതിനൊരു തക്കോമില്ല. ഞാൻ പറേന്നു.

സാ: ദൈവമേ! ഇന്നാൾ ഇനിക്കു ഒരു പനി വന്നിട്ടു മേറിയമ്മ രണ്ടു രാത്രി ഒറങ്ങീട്ടില്ല. ഞാൻ പറയാം. വേറെ ആരാണ്ടു് ആ മരുന്നുകുപ്പി അവരുടെ പെട്ടീലിട്ടതാ. അതല്ലേ സംശയം വരാൻ കാര്യം.

ബെ: ചുമ്മാ മണ്ടത്തരം ഒന്നും പറേല്ലേ. പിന്നെ നമ്മളേ മൂന്നു പേരേം മാത്രമേ സംശയിക്കു.

സാ: നമ്മളൊരു മരുന്നും കണ്ടതുല്ലല്ലോ.

ബെ: ശരിയാ. മിണ്ടരുതു്, ജീവൻ വേണ്ടാമെങ്കിൽ. ഇതൊന്നും കളിയല്ല.

സാ: എൻറപ്പാ ഞാനൊന്നും പറേന്നില്ല. നിങ്ങക്കു മേറിയമ്മേ സംശയം ഒണ്ടോന്നു പറ.

ബെ: എനിക്കവരേത്തന്നാ സംശയം. മരുന്നു് അവരാ കൊടുത്തതു്. ഈ മരുന്നുകുപ്പി കയ്യിലൊണ്ടാരുന്നാരിക്കും. ഡോക്ടർ തീർച്ച പറേന്നു, അയാളു ആ മരുന്നു കൊടുത്തതല്ലെന്നു.

ജാ: അയ്യാളു് കള്ളം പറകാ.

ബെ: അയളെന്തിനാ കള്ളം പറേന്നതു്. കൊച്ചമ്മേടേന്നു മാസം എത്ര രൂപായാ അയാക്കു കിട്ടുന്നതു്? അവരെ ക്കൊല്ലാനയാളു് മരുന്നുകൊടുക്കുമോ.

സാ: അയാടെ ഷോപ്പിൽ വല്ലോരും തെററിച്ചു ചേത്തതാരിക്കും.

ബെ: ഏ! അതൊന്നും ഒണ്ടാകേല. പിന്നീ വെഷമുള്ള മരുന്നു അവരുടെ പെട്ടീലും വന്നല്ലോ.

ജാ: അതാ പ്രയാസം മനസ്സിലാക്കാൻ. അവരെന്തിനാ കൊച്ചമ്മേക്കൊല്ലുന്നതു്? അവക്കു മാസം 50 രൂപാ വേറെ എവിടാ കിട്ടുന്നെ?

സാ: ആ, അതൊന്നു പറ.

ബെ: എന്തോ ഇനിക്കറിയാൻ വയ്യാ. എല്ലാമൊരു അതിശേമാ.

ജാ: എങ്കിലും എൻെറ ബെന്നിച്ചേട്ടാ! മേറിയമ്മേ തൂക്കിക്കൊല്ലുന്നതു് എനിക്കോൎക്കാൻ വയ്യാ.

ബെ: ഓൎക്കണ്ടാ! ഇനിക്കും ദുഃഖമാ. പക്ഷെങ്കിലേ, അവരെയല്ലേപ്പിന്നെ നമ്മളേയാ പിടിക്കുന്നെ. തീൎച്ച! ഏമാനും ദുഃഖമാ. ഏമാൻ ഇന്നലെരാത്രീലൊന്നും കഴിച്ചില്ല.

സാ: ആ ശാന്തക്കുഞ്ഞു കരഞ്ഞു കരഞ്ഞു ചത്തുപോകുമെന്നാ തോന്നുന്നേ. ഇന്നലെ രാത്രീലേ ഞാനൊരു കരച്ചില്യ കേട്ടു. ചെന്നു നോക്കിയപ്പം ശാന്തക്കുഞ്ഞു കട്ടിലിൽ എഴുന്നേററിരുന്നു കരച്ചിലാ. എന്നെക്കണ്ടപ്പം ഒന്നൂടെ കൂടി.

ജാ: പാവം! അക്കൊന്നും കഴിക്കുന്നുമില്ല.

സാ: ഈ മേറിയമ്മേസ്സാരും ഇല്ലേ?

ബെ: ഒക്കെയൊണ്ടു. നാട്ടിലാ. അവരു നല്ല പഠിത്തംഒള്ളോരുത്തിയാ. ശാന്തക്കുഞ്ഞു പറഞ്ഞിന്നാള്.

സാ: പിന്നെന്തിനാ ഇങ്ങനെ വന്നതിവിടെ?

ബെ: ചക്രമില്ലെന്നു- 50ൎരൂപായും ചെലവും എവിടാ കിട്ടുന്നതു്? ഞാൻ തിരുവനന്തപുരത്തുകാരനാ. അവിടൊരു ഉദ്യോഗസ്ഥനു 40 രൂപായാ ഹജൂരിൽ, ബീഏക്കാരനു.

ജാ: എന്നാലും അവരു നാട്ടിൽ കെടക്കേണ്ടതാരുന്നു.

ബെ: എന്നാല്യ് നിങ്ങളെന്നാനാട്ടിൽ കെടക്കാഞ്ഞതു?

ജാ: അതോ. എൻെറ പത്താവെന്നെ ഇട്ടേച്ചുപോയി. പത്താവിൻെറ അമ്മ ഭയങ്കരിയാ. ഇനിക്കു ജീവിക്കാൻ വയ്യാ അവിടെ.

സാറാ: ഞാനങ്ങനൊന്നും വന്നതല്ല. എൻെറ മാപ്പിള മരിച്ചുപോയി. പിള്ളാരും ഇല്ല. അപ്പം ഒരു ജോലി ഇവിടൊണ്ടെന്നും പറഞ്ഞൊരു ചിററപ്പൻ എന്നെ വിട്ടതാ.

ബെ: അതൊക്കെ പോട്ടെ. പോലീസുകാരു പറേന്നതു പറഞ്ഞോണം. അല്ലേ അവരു നമ്മളെ വെച്ചേക്കേലെ. മേറിയമ്മേ വിട്ടാപ്പിന്നെ നമ്മളെയാ പിടിക്കുന്നതു്! മനസ്സിലായോ?

ജാ: അവരു പറേന്നതുതന്നെ പറഞ്ഞാമതി.

സാ: അപ്പം മേറിയമ്മ ഈ വെഷം കൊട്ടക്കുന്നതു കണ്ടെന്നുതന്നെ പറേണോ.

ബെ: ഒരുപക്ഷേൽ വേണം. അതു പോലീസുകാരു പറേം, എങ്ങനെ വേണോന്നു.

സാ: ദൈവമേ! അതു കഷ്ടമല്ലാ, നമ്മളുടെ കൂടി അവരെ കൊല്ലിക്കുന്നതു്.

ബെ: വേണ്ടിവന്നാപ്പിന്നെ എന്തോ ചെയ്യും?

സാ: നമുക്കു മൂന്നുപേക്കുംകൂടെ ഇവിട്ടുന്നുപോയാലോ നാട്ടിനു?

ബെ: നല്ല പുത്തിയാ! അപ്പം നമ്മളുതന്നെയാ കൊന്നതെന്നു സംശയിക്കും.

സാ: ദൈവമേ അതും വയ്യാ. നമുക്കൊന്നു ഏമാനോട്ടു പറയാം;

ബെ: ഞാനൊക്കെപ്പറഞ്ഞു. ഏമാനും വെഷമിച്ചിരിക്കയാ. എല്ലാംകൂടെ കണ്ടിട്ടു മേറിയമ്മതന്നാ കുററം ചെയ്തതെന്നു ഏമാനും പറേന്നതു്.

സാ: എന്നാലങ്ങനാരിക്കും. അല്ലാണ്ടാരാ? മരുന്നു അവരു തന്നല്ലെ കൊട്ടക്കുന്നതു്.

ബെ: അതവരു സമ്മതിച്ചല്ലോ. മരുന്നു മാററി അവരു വെച്ചതല്ലെന്നവരു പറഞ്ഞു. അതെങ്ങനാ വിശ്വസിക്കുന്നതു്? വേറൊരു കഥേം ഒണ്ടു്......

സാ: എന്തോ! മനുഷ്യരു എങ്ങനാ ചെയ്യുന്നതെന്നാക്കറിയാം. അവരെ കൊച്ചമ്മ വഴക്കു പറേകോ വല്ലോം ചെയ്തോ എന്തോ!

ബെ: അതെപ്പഴം വഴക്കേ ഒള്ളല്ലോ. വലിയ വഴക്കൊന്നും ഞാൻ കേട്ടില്ല.

സാ: ഞാനും വഴക്കൊന്നും കേട്ടില്ല. എപ്പഴം ഒരു വഴക്കാണല്ലോ എല്ലാരോടും.

ജാ: അതിനൊന്നും മേറിയമ്മ അവരെ കൊല്ലുമെന്നു എനിക്കു തോന്നുന്നില്ല! എന്നാല് മരുന്നുകുപ്പി എങ്ങനെ വന്നു അവരുടെ പെട്ടീല്?

ബെ: അതവരുടേൽ ഒണ്ടാരുന്നിരിക്കാം. അതു വലിയ ശക്തിയുള്ള മരുന്നാത്രേ. അധികംചെന്നാച്ചാകും.

ജാ: അതവരെങ്ങനാ അറീന്നതു്?

സാ: അതൊക്കെ അറിയാം. അവരു പടിത്തമൊള്ളാരുത്തിയാ.

ജാ: ശരിയാ. അതവക്കറിയാമായിരിക്കും.

ബെ: അവരുതന്നാ ചെയ്തതു്. സംശയിക്കണ്ടാ.

സാ: എന്നാ ഭയങ്കരിയല്ലാ അവരു!

ജ: ഞാൻ വിശ്വസിക്കേല! അവരെന്തിനാ അതു ചെയ്യുന്നതു്?

ബെ: അതെനിക്കറിയാൻ വയ്യാ. ഞാനൊരു കഥ കേട്ടു.

സാ: എന്നതാ — പറ.

ബെ: കൊച്ചമ്മ ഒരു വില്പത്രം എഴുതീട്ടൊണ്ടെന്നു്. അതിൽ 1500 രൂപാ അവക്കു വെച്ചിട്ടൊണ്ടെന്നു്.

ജാ: കൊച്ചമ്മ എന്നാ വിൽപ്പത്രം എഴുതിയതു്? നമ്മളാരും കണ്ടില്ലല്ലോ.

ബെ: അതു ഏമാൻേറൽ ഒണ്ടെന്നാ പറേന്നതു്. 1500 രൂപാ കിട്ടിയാലെന്താ കൊള്ളത്തില്ലേ?

സാ. ഇപ്പം കിട്ടിയല്ലോ.

ബെ: അതബദ്ധം വന്നിട്ടു്. ആ ഡോക്ടർ സംശയിച്ചില്ലാഞ്ഞേൽ കൊണ്ടുചെന്നു കുഴിച്ചിടത്തില്ലേ. പിന്നെ വല്ല കുഴപ്പോം ഒണ്ടോ?

സാ: ഇതാരു പറഞ്ഞു തന്നോട്ടു്?

ബെ: പട്ടണത്തിലൊരുത്തൻ പറഞ്ഞതാ, പോലീസുകാരു പറഞ്ഞെന്നു്.

ജാ: നേരാരിക്കും. എന്നാലിതു് ഒക്കും! 1500 രൂപാ കിട്ടിയാൽ ആരാ ചെയ്യാത്തതു്?

സാ: മേറിയമ്മയ്ക്കു എത്ര രൂപാ കിട്ടിയാലും ഇതു് ചെയ്യേല. എന്തിനാ പറേന്നതു്?. ഞാൻ വിശ്വസിക്കേല.

ബെ: മുമ്പെ നിങ്ങള് പറഞ്ഞു അവരു ഭയങ്കരിയാന്നു്.

സാ: ഞാനോ? ചുമ്മാതിരി, ഞാനെങ്ങും പറഞ്ഞില്ല. പിരാന്തു പറേന്നോ?

ബെ: നിങ്ങള് പറഞ്ഞു. എന്തോന്നാ? ഞാനാ കേട്ടതു്.

സാ: താനൊത്തിരി കേൾക്കും. താൻ കള്ളം പറയുകാ.

ബെ: എന്നാ ഞാൻ പറഞ്ഞേക്കാം. നിങ്ങളുതന്നാന്നു.

സാ: ഓ! ഒന്നു ചെന്നു പറ അങ്ങോട്ടു. ഇനിക്കൊരു പേടീം ഇല്ല.

ജാ: നിങ്ങളെന്തിനാ വെറുതെ ഈ......ഇപ്പം നമ്മള് തമ്മിൽ പെണ്ണങ്ങാനൊള്ള നേരമാണോ ഇതു്?

സാ: ആരു പെണ്ണങ്ങി! പിന്നെ പറയാത്തതു് പറഞ്ഞാലേ!

ജാ: ഓ! അതു പോട്ടെന്നു്.

സാ: പോട്ടെ! പോട്ടെ! അപ്പം മേറിയമ്മേ കൊല്ലാനൊള്ള പണിയാ പോലീസുകാരു നോക്കുന്നതെന്നുപറ.

ബെ: അവക്കൊണ്ടല്ലോ, ഒരുത്തനെ പിടിച്ചാലേ പിന്നെ വേറൊന്നന്വേഷിക്കാൻ കഴികേല.

ജാ: മേറിയമ്മേ ഇടിക്കുമോ അവരു?

ബെ: അതു ചെയ്യും. അതാ ലോക്കപ്പിൽ കേറിയാപ്പിന്നെ ഇടി, അടി ഇതൊക്കെ അച്ചട്ടാ.

സാ: പെണ്ണുങ്ങളേം ഇടിക്കുമോ.

ബെ: പെണ്ണുങ്ങളെ തൂക്കിക്കൊല്ലാമേപ്പിന്നെ ഇടിക്കാൻ വയ്യേ.

ജാ: മേറിയമ്മ ഒന്നും ചെയ്യാതല്ലേൽ കഷ്ടമാ.

സാ: അയ്യോ ഇതൊന്നും ഓക്കാൻ വയ്യാ. പാവത്തിനെ ഇട്ട ഇടിക്കുന്നതു്.

ബെ: ഒന്നും ഓക്കേണ്ടാ. ഒക്കെ ഉണ്ടാകും.

സാ: എന്റെ ദൈവമേ! ഇതൊന്നും ശത്രുക്കാക്കും വരല്ലേ! ഏതായാലും ആ ശാന്തക്കുഞ്ഞിനോട്ട പറേരുതേ.

ബെ: ഏമാൻ ഈയിടെപ്പോകും, കേസു കഴീമ്പം.

സാ: പാവം ഏമാൻ. ഒരിക്കലും ഒരു സുഖോം അനുഭവിച്ചിട്ടില്ല. കൊച്ചമ്മ കെടപ്പായേപ്പിന്നെ.

ജാ: അയ്യോ അതും നേരാ. അങ്ങേരെന്നും ബോംബെയിലാണല്ലോ.

ബെ: ഈ കുഞ്ഞുങ്ങളെ നമ്മള് നോക്കണം.

സാ: അതിനെന്നാ. ബന്നിച്ചേട്ടൻേറൽ ദാരാളം ക്രൃപാ വരും......അത്രതന്നെ.

ബെ: വല്ല ശേഷക്കാരേം ആക്കും ഇവിടെ.

സാ: ഓ! ഇനീംഎന്നാ ശല്യമൊക്കെയാണോ വരാൻ പോകുന്നതു്! പിള്ളേരെ ബോംബെയ്ക്കു കൊണ്ടുപോകാൻ വയ്യേ?

ബെ: അതൊക്കത്തില്ല. അവിടെ വീടെട്ടക്കണ്ടേ? പിന്നെ അവരുടെ പടിത്തം പോകേലേ?

സാ: നേരാ, നേരാ. അപ്പോളവരിവിടാരിക്കും.

## XII

രാജ്യമെല്ലാം വലിയ ബഹളമായി. മേറിക്കുട്ടി ലോക്കപ്പിൽ കിടന്നു കരയുകയും പ്രാർത്ഥിക്കയും അല്ലാതെ ഒന്നും ചെയ്യുന്നില്ല.

മിസ്സസ് ജോസഫ് ആനന്ദറാവുവിന്റെ ശവം പോസ്റ്റുമോർട്ടം ചെയ്യപ്പെട്ടു. എഫിഡ്രിൻ എന്ന മരുന്നു കണക്കിൽ അധികം ചെന്നു മരിച്ചതാണെന്നു തെളിഞ്ഞു. കുറെക്കാലമായി അവക്കു ഹൃദയം കുറെ ക്ഷീണമായിരുന്നു എന്നുള്ളതും വാസ്തവമാണു്.

ഈ കഥ കേട്ട ഹൈദരബാദിലുള്ള മലയാളികളിൽ ചിലർ മേറിക്കുട്ടിയെ കാണാൻ ചെന്നു. അവരോട്ട സംഗതികളെല്ലാം വിവരിച്ചു അവൾ പറഞ്ഞു. അതിലൊരാൾ ഒരു കമ്പി അടിച്ചു തോമ്മാച്ചനെ വിവരം അറിയിച്ചു.

മേറിക്കുട്ടിയെ പോലീസുകാർ ഉപദ്രവിച്ചില്ല. അവർ അവളോട്ട ഒന്നു ചോദ്യം ചെയ്തു. അവൾ സത്യമെല്ലാം പറഞ്ഞു. മരുന്നു മാറിട്ടുള്ള കാര്യം അവൾ അറിഞ്ഞിരുന്നില്ല എന്നവൾ ഉറപ്പിച്ചുപറഞ്ഞു.

തോമ്മാച്ചൻ വന്നു! അയാളുടെ പ്രേമഭാജനമായ മേറിക്കുട്ടി- അയാളുടെ ജീവിതേശ്വരിയായ അവൾ–ലോക്കപ്പിൽ കിടക്കുന്നതു കണ്ടപ്പോൾ അയാൾ വ്യസനം സഹിക്കവയ്യാതെ കരഞ്ഞുപോയി. മേറിക്കുട്ടിയും കരഞ്ഞു.

സംഗതികളൊക്കെ തോമ്മാച്ചൻ അറിഞ്ഞിരുന്നു. തീവണ്ടിയേൽ ളുള്ള സംഭാഷണം കുറെയൊക്കെ ഈ കേസിനെപ്പററിയായിരുന്നു.

"നിൻെറ പെട്ടിയിൽ ആ കുപ്പി ആരോ അറിഞ്ഞും കൊണ്ടു കൊണ്ടിട്ടതാണല്ലൊ" എന്നു തോമ്മാച്ചൻ പറഞ്ഞു.

മേ: ഞാനതു കണ്ടതുതന്നെ ഡോക്ടർ കണ്ടുകഴിഞ്ഞിട്ടാണ്.

തോ: ആക്കെങ്കിലും ആ സ്ത്രീയെ കൊല്ലുന്നതിനു ആഗ്രഹംവരാൻ വഴിയുണ്ടോ?

മേ: അതറിഞ്ഞുകൂടാ. എല്ലാവരേയും അവർ ശകാരിക്കും. വേലക്കാക്കൊക്കെ അവരോട്ട വഴക്കാ.

തോ: അവരുടെ ഭർത്താവിനോടെങ്ങനാ?

മേ: അയാൾ ഈയിടെ വന്നതേയുള്ളല്ലോ. അവർ മരിച്ചപ്പോൾ അയാൾ വളരെ വ്യസനിച്ചു. അയാൾക്കും എന്നെത്തന്നെയാ സംശയം,

തോ: നിനക്ക അവരെ കൊല്ലുന്നതിനു motive (കാരണം) ഒന്നും ഇല്ലല്ലൊ. അതുകൊണ്ടു കേസു തള്ളിപ്പോകും.

മേ: പോലീസുകാർ വേണ്ട തെളിവൊക്കെയുണ്ടാക്കും.

തോ: നമുക്ക ഒരു നല്ല വക്കീലിനെ ആക്കണം.

മേ: അതിനൊക്കെപ്പണം ഉണ്ടോ?

തോ: അപ്പച്ചനും ചിററപ്പനും അച്ചനും വലിയ ദുഃഖത്തിലാ. അവരു എങ്ങനെയോ കുറേപ്പണം ഉണ്ടാക്കിത്തന്നു. എനിക്കെന്നതാണോ ആദ്യം തോന്നിയതു്?

മേ: എന്നതാ?

തോ: ആ നാരായണനപ്പണിക്കരുടെ രക്തം നിലത്തുനിന്നു നിലവിളിക്കുന്നു എന്നു്.

മേ: ശരിയാ. ഞാനും അതോത്തു.

തോ: എങ്കിലും അതിൻെറ ശിക്ഷ എൻെറ തങ്കത്തിൻെറമേൽ........നിഷ്കളങ്കയുടെമേലാണോ വരേണ്ടതു്?

മേ: ദൈവം എന്തെങ്കിലും ഒരു വഴികാണിക്കും. നമുക്ക പ്രാത്ഥിക്കാം.

മേറിക്കുട്ടി ലോക്കപ്പിനകത്തുനിന്നും, തോമ്മാച്ചൻ വെളിയിൽനിന്നും ഒന്നിച്ചു പ്രാത്ഥിച്ചു. അവരുടെ രണ്ടുപേരുടെയും കണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു.

## XIII

കേസ്സു മുറപോലെ നടന്നു. മജിസ്ട്രേട്ട്കോടതിയിലെ വിസ്താരമായിരുന്നു ആദ്യം. മേറിക്കുട്ടിയാണു് മരുന്നു കൊടുത്തതെന്നും, അതുകൊണ്ടാണു് ആ സ്ത്രീ മരിച്ചതെന്നും, മരുന്നുകുപ്പി മേറിക്കുട്ടിയുടെ പെട്ടിയിൽ കാണ്ടെന്നും തെളി

യിക്കുന്നതിനു സക്കാരു ഭാഗത്തിനു യാതൊരു പ്രയാസവും വന്നില്ല. മജിസ്റ്റ്രേട്ട് കേസ് സെഷ്യൻസ് കോർട്ടിലേക്കു കമ്മിററ്റ് ചെയ്തു.

വലിയ വിസ്താരം സെഷ്യൻസ് കോടതിയിലായിരുന്നു. തോമ്മാച്ചൻ ഭുവനേശ്വരറാവു എന്ന ഒരു നല്ലവക്കീലിനെ കണ്ടുപിടിച്ചു. സംഗതിയെല്ലാം അയാളോടു പറഞ്ഞു. ഒരു തവണ മേറിക്കുട്ടിയോടു സംഭാഷിച്ചുകഴിഞ്ഞപ്പോൾ അവൾ നിരപരാധിയാണെന്നു അയാൾക്കു മനസ്സിലായി.

എന്നാൽ സക്കാർഭാഗത്തുനിന്നും വലിയ ശക്തിയായ തെളിവുകളൊക്കെ ഹാജരാക്കി. മേറിക്കുട്ടിക്കു മരിച്ചയാളോടു സ്നേഹമായിരുന്നു എന്നും, അവരെക്കൊന്നാൽ യാതൊരു ലാഭവും അവൾക്കു വരാനില്ലെന്നും റാവു ശക്തിയായി വാദിച്ചു. എന്നാൽ വിഷമുള്ള മരുന്നുകുപ്പി എങ്ങനെ അവളുടെ പെട്ടിയിൽ വന്നു എന്നു ആക്കും പറവാൻ കഴിഞ്ഞില്ല.

പോലീസുകാർ പല കള്ളസാക്ഷികളെയും കൊണ്ടുവന്നിരുന്നു. മേറിക്കുട്ടിയെ മിസ്സസ് ജോസഫ് ശകാരിച്ചെന്നും അവളെ അവർ തല്ലിയെന്നുംഒക്കെ ഒരു മനുഷ്യൻ സാക്ഷി പറഞ്ഞു. അയാൾ പച്ചക്കള്ളമാണ് പറഞ്ഞതു്. എന്നാൽ അയാൾ ഇതെല്ലാം കണ്ടതായിത്തന്നെ ഉറപ്പിച്ചു പറഞ്ഞു.

സാറായും വെന്നിയും ജാനുവും കൊടുത്ത മൊഴിയും മേറിക്കുട്ടിക്കു ദോഷമായിരുന്നു. അവരെ പോലീസുകാർ ഭയപ്പെടുത്തിപ്പറയിച്ചതാണ്.

ജഡ്ജി മൊഴിയെല്ലാം കേട്ടിട്ടു വളരെ ആലോചിച്ച ശേഷം, മേറിക്കുട്ടി കുററം ചെയ്തതാണെന്നു തീർച്ചയാക്കി. അവളെ തൂക്കിക്കൊല്ലുന്നതിനു വിധിച്ചു.

ഹൈക്കോർട്ടിലേക്കു് തോമ്മാച്ചൻ ഒരു അപ്പീൽ കൊടുത്തു. ഭുവനേശ്വരറാവുവും വേറൊരു വക്കീലും ആണു് മേറിക്കുട്ടിയുടെ ഭാഗം വാദിച്ചതു്. സർക്കാർ വക്കീൽ ആലി ഇമാം എന്നയാൾ വലിയ കഠിനഹൃദയനായിരുന്നു. പ്രതിക്കു വധശിക്ഷ തന്നെ കൊടുക്കേണ്ടതാണെന്നു അയാൾ ശക്തിയായി വാദിച്ചു.

എന്തിനേറെപ്പറയുന്നു. ഹൈക്കോടതി കീഴ്ക്കോടതിവിധിയെ ശരിവെച്ചു. വിധി പറയുന്നതിനുമുമ്പെ പ്രതിക്കു വല്ലതും പറയാനുണ്ടോ എന്നു ജഡ്ജി ചോദിച്ചു— "ഞാൻ ഈ കുററം ചെയ്തതല്ല" എന്നുമാത്രം മേറിക്കുട്ടി പറഞ്ഞു.

വിധിയിൽ പറയുന്നതു്: ഒരാൾ ഒരു കുററം ചെയ്യുന്നതിനുള്ള കാരണം എന്താണെന്നു എപ്പോഴും അന്വേഷിക്കേണ്ട ആവശ്യമില്ല. സംഭവം നടന്നതാണെങ്കിൽ അതിൻെറ ചരിത്രം എന്താണെന്നു അന്വേഷിച്ചാൽ മതി. ഇവിടെ മിസ്സസ് ജോസഫ് മരിച്ചു. മരുന്നു കൂടുതൽ ചെന്നാണു മരിച്ചതു്. ആ മരുന്നു പ്രതി കൊടുത്തതാണു്. പ്രതിയുടെ കൈവശം ഈ മരുന്നുണ്ടായിരുന്നു എന്നും തെളിഞ്ഞിട്ടുണ്ടു്. ഇതിൽ കൂടുതൽ തെളിവു ആവശ്യം കാണുന്നില്ല. ഇത്രയും ക്രൂരമായ ഒരു പ്രവൃത്തി നിസ്സഹായ ആയ ഒരു സ്ത്രീയോടു ചെയ്ത പ്രതിക്കു വധശിക്ഷ മാത്രമേ കൊടുക്കാൻ പാടുള്ളു. അങ്ങനെ അയാൾ വിധി[illegible]ത്തു. തോമ്മാച്ചൻ ബോധംകെട്ടു കോടതിയിൽ മറി[illegible]വീണു. എന്നാൽ മേറിക്കുട്ടി ഒട്ടും ഭയമോ അധൈര്യമോ കാണിച്ചില്ല. അവളുടെ മുഖത്തു സ്ഫുരിച്ചിരുന്ന സൗമ്യതയും ധൈര്യവും കാണികളെ അത്ഭുതപ്പെടുത്തി.

വധശിക്ഷ പതിനഞ്ചു ദിവസം കഴിഞ്ഞു് അവളുടെ മേൽ നടത്തപ്പെടും. അവളെ ജയിലിൽ അങ്ങനെയുള്ള കുററക്കാർക്കായുള്ള പ്രത്യേക മുറിയിൽ ഇട്ടടച്ചു.

ഒരു സ്ത്രീ വാർഡറും അവളെ നോക്കുന്നതിനായിട്ടു ഉണ്ടായിരുന്നു. അടുത്ത മുറികളിൽ വേറെ കൊലപുള്ളികളും ഉണ്ട്. രണ്ടുപോലിസുകാർ എല്ലാവൎക്കുംകൂടെ ഗാട്ടനില്ക്കയായിരുന്നു. ആ വാർഡർ തിരുവനന്തപുരത്തുകാരിയായ കമലമ്മ എന്ന ഒരു സ്ത്രീയാണ്.

കമലമ്മ നാല്പത്തിഅഞ്ച്യ വയസ്സുള്ളവളും ലണ്ടൻ മിഷ്യൻ സഭയിലേ ഒരംഗവും ആയിരുന്നു. മലയാളത്തുകാരിയേ നോക്കാൻ മലയാളത്തുകാരിതന്നെയാകട്ടെ എന്നു വെച്ചാണ് അവരെ അവിടെയാക്കിയതു്.

മേറിക്കുട്ടിയോടു അടുത്തു പരിചയപ്പെട്ടപ്പോൾ അവൾ കേവലം നിരപരാധിനിയാണെന്നു കമലമ്മക്കു മനസ്സിലായി. അങ്ങനെയൊരു സംഗതി അവൾ നിനച്ചിരുന്നതല്ല. കുറച്ചു ദിവസം കൊണ്ടു അവൾക്കു മേറിക്കുട്ടിയോടു വളരെ സഹതാപവും സ്നേഹവുംതോന്നി. അവളുടെ ചെറിയ ആവശ്യങ്ങളൊക്കെ നടത്തികൊടുക്കുന്നതു് കമലമ്മക്കു ഒരു സന്തോഷം ആയിരുന്നു.

ഒരു ദിവസം കമലമ്മ അവളോടു ഇങ്ങനെപറഞ്ഞു: മേറിക്കുട്ടീ, നിന്നെപ്പററി എനിക്കു വലിയ മനോവ്യസനം തന്നേ. നീ കുററം ചെയ്തതല്ലെന്നു അറിഞ്ഞതിൽ പിന്നെ. നിന്നേ ഈ ആപത്തിൽ ചാടിക്കാൻ ആരോ അറിഞ്ഞും കൊണ്ടു ചതിവുകാണിച്ചതു്തന്നല്ലൊ.

മേ: നേരാ അതു് – ഞാനൊരു ദോഷവും ചെയ്തതല്ല. ആരോ എന്നെ ദ്രോഹിക്കാൻ ചെയ്തതാ–മരുന്നുകുപ്പി എന്റെ പെട്ടിയിലിട്ടത്........

ക: കഷ്ടം! അതാരായാലും അവന്റെ തലയിൽ ഇടിത്തീവീഴും. അവനെ ദൈവം വിടുമോ. കഷ്ടം... ഇതാരു ചെയ്യുന്ന പ്രവൃത്തിയാ!

മേ: കമലമ്മേ! എന്നതാ ഈപ്പറയുന്നതു്. അങ്ങനെയാണോ നമ്മുടെ കൎത്താവു നമ്മളേ പഠിപ്പിച്ചിരിക്കുന്നതു്.

കമലമ്മ: നേരാ! നമ്മുടെ ശത്രുക്കളേ നാം സ്നേഹിക്കണം. എങ്കിലും...എനിക്കതു് ഇപ്പോൾ തോന്നുന്നില്ല.

മേറിക്കുട്ടി: ആദ്യം ഞാൻ വളരെ വ്യസനിച്ചു. ഇപ്പോൾ എൻെറ വ്യസനമൊക്കെപ്പോയി. കത്താവു എന്നെ തൻെറ അടുക്കലേക്കു ചേത്തുകൊള്ളുമെന്നെനിക്കറിയാം. പിന്നെ എന്നെ ദ്രോഹിച്ചവൻെറ പേക്കു ഞാൻ പ്രാർത്ഥിക്കുന്നുണ്ടു്. അതല്ലാതെ എനിക്കെന്തുചെയ്യാൻ കഴിയും?

കമലമ്മ: മോളേ! നിൻെറ ഭത്താവു എവിടെയാ?

മേ: അദ്ദേഹം ഇന്നുവന്നതു് കണ്ടില്ലേ?

ക: കണ്ടില്ല. ഞാൻ ഇപ്പോൾ വന്നേയുള്ളല്ലോ.

മേ: നാളെ കാലത്തു വരും.

## XIV

ഒരാഴ്ചക്കുശേഷം മേറിക്കുട്ടിയ്യ തൂക്കിക്കൊല്ലും. അവൾ തോമ്മാച്ചനോടു പറഞ്ഞു:

എനിക്കു എൻെറ കുഞ്ഞുമോളേ ഒന്നുകാണണം. പാവം! അവളിത്ര ചെറുപ്പത്തിൽ അമ്മയില്ലാത്തവളായല്ലോ. പിന്നെ! എൻെറ പാവം അപ്പച്ചൻ–ഒന്നു കാണാൻ ആഗ്രഹമുണ്ടു്. അപ്പച്ചനു യാത്രചെയ്യാൻ വയ്യാല്ലോ.

തോ: (കരഞ്ഞുംകൊണ്ടു്) ഇതെല്ലാം വന്നുകൂടിയതു് എൻെറ കുററം കൊണ്ടുതന്നെയാ. പണത്തിനുവേണ്ടി ഞാൻ എൻെറ തങ്കത്തിനേ ഇവിടെഅയച്ചതാ തെററിയതു്.

മേ: അവിടുന്നു വ്യസനിക്കാതെ. നമ്മൾ ചെയ്തതൊന്നും തെററിയില്ല. ദൈവമക്കൾക്കു ലോകം ഒരിക്കലും യോഗ്യമല്ല എന്നു അവിടുന്നു തന്നെ എന്നെ പഠിപ്പിച്ചതല്ലേ.

തോ: എൻെറ ഓമനേ! നീ നിഷ്ക്കളങ്കയാണല്ലോ. നിന്നെ അവർ...ട്ടു...ക്കി... (കരച്ചിൽകൊണ്ടു തോമ്മാച്ചനു പറയാൻ വയ്യാതെയായി).

മേ: അവിടുന്നു ദുഃഖിക്കരുതു്. നമ്മുടെ കർത്താവു നമുക്കുവേണ്ടി കുരിശുവഹിച്ചില്ലേ! ഒരു പാപവും ഇല്ലാത്ത ദൈവപുത്രൻ -അദ്യം എനിക്കു വലിയ സങ്കടമായിരുന്നു. ഇപ്പോൾ ഞാൻ എൻെറ പ്രിയരക്ഷകൻെറ അട്ടുക്കൽ പോകയാണെന്നുവിചാരിച്ചു സന്തോഷിക്കയാണു്. ഒരു കാര്യ്യംമാത്രമേ എന്നെ ഭയപ്പെടുത്തുന്നുള്ളു.

തോ: എന്നതാ എൻെറ തങ്കത്തിനേ ഭയപ്പെടുത്തുന്നതു?

മേ: വേദന സഹിക്കാൻ തീരെവയ്യാത്തവളാ ഞാൻ എന്നു അവിടുത്തേക്കറിയാമല്ലൊ. ഈ മരണം ഓക്കുമ്പോൾ ഞാൻ ഭയപ്പെട്ടുപോകുന്നു. എൻെറവേക്കു് അതിനായി പ്രാർത്ഥിക്കണം.

അതിയായ വ്യസനത്തോടെ തോമ്മാച്ചൻ പോകുവാൻ തുടങ്ങി. അപ്പോൾ മേറിക്കുട്ടി "ഒരു പാട്ടുപാടാമോ" എന്നു ചോദിച്ചു.

തോ: ഏതു പാട്ടാ എൻെറഓമനക്കു കേൾക്കേണ്ടതു്? ഇവിടെ പാടാനീ പോലീസുകാരു സമ്മതിക്കുമോ?

മേ: അവരൊന്നും പറയുകയില്ല. പതുക്കെ പാടിയാൽ മതി. "എന്നു നീ വന്നിടുമെ"ന്നുള്ള പാട്ടിൻെറ അവസാനശീലുകളൊന്നു പാടാമോ.

തോമ്മാച്ചൻ പാടാൻ ശ്രമിച്ചു.

മാറ്വിടലററിയെന്നേ ആശ്വസിപ്പിക്കുവാൻ
കാൽവറിക്കുന്നിലങ്ങേറിയോനേ
പൊൻമുടിയെന്നെ ധരിപ്പിക്കുവാനായി
മുൾമുടിയേററയ്യോ കഷ്ടംസഹിച്ചോനേ. എന്നു

അദ്യത്തെശീൽ പാടിക്കഴിഞ്ഞപ്പോൾ തോമ്മാച്ചനു പാടാൻവയ്യാതെയായി. എന്നാൽ മേറിക്കുട്ടി അവളുടെ അതിമാധുര്യ്യമുള്ള സ്വരത്തിൽ പതുക്കെ പാടിത്തീർത്തു.

മൃത്യുവിൽനിന്നെന്നെവീണ്ടെടുത്തിടുവാൻ
ദൈവക്രോധാഗ്നിയിൽവെന്തെരിഞ്ഞ
സ്നേഹസ്വരൂപനാം പ്രാണനാഥനിൻെറ
മന്നിയാത നിലങ്ങൾ നയുംഭപത്തിടാൻ
എന്നുനീവന്നീടും.

പാടിക്കഴിഞ്ഞപ്പോൾ മേറിക്കുട്ടിയുടെ മുഖം സന്തോഷംകൊണ്ടു പ്രകാശിച്ചു. അവൾ പറഞ്ഞു:

തോമ്മാച്ചൻ എന്തിനു ദുഃഖിക്കുന്നു? ഞാനെൻെറ അരുമനാഥൻെറ അടുക്കൽ പോകുകയാണ്. കുറച്ചുകഴിഞ്ഞു അവിടുന്നും എൻെറ അടുക്കൽ വരുമല്ലോ. കുഞ്ഞുമോളേ എനിക്കൊന്നു കാണണം. അവളെ ഒന്നു കൊണ്ടുവരണേ. അപ്പച്ചനോടു "ഞാൻ വളരെ പ്രത്യാശയോടെ എൻെറ രാജാവിൻെറ സന്നിധിയിലേക്കു പോകയാണെ"ന്നു ഒന്നു പറയണേ.

തോമ്മാച്ചനു തീരെസഹിക്കാൻ പാടില്ലാതെയായി. മേറിക്കുട്ടി ആ കമ്പിയഴിയിൽക്കൂടെ അവളുടെകൈ വെളിയിലേക്കു ഇട്ടു. തോമ്മാച്ചൻ ആ കൈപിടിച്ചു പിന്നെയും പിന്നെയും ചുംബിച്ചശേഷം പോകുന്നതിനു തിരിഞ്ഞു. അപ്പോൾ ഗാട്ടുപോലീസുകാരിലൊരാൾ അവിടെയിരുന്നു കണ്ണുനീർ പൊഴിക്കുന്നകാഴ്ചയാണു അവൻ കണ്ടതു്. അയാൾ പറഞ്ഞു. ഞാൻ മലബാറുകാരൻ ഒരു നായരാണു്. ഈ നിഷ്ക്കളങ്കയായആളിനെ കൊല്ലുന്ന മഹാപാപം ഈ രാജ്യത്തിന്മേൽവരും. അതു വരികയും വേണം......അവിടുന്നു പോകയാണോ... ഈശ്വരൻ അവിടുത്തേക്കു ആശ്വാസം തരട്ടെ......

## XV

ഈ സമയത്തു നാട്ടിലെന്താണുണ്ടാകുന്നതു! മേറിക്കുട്ടിയുടെ രണ്ടാമപ്പനായിരുന്ന യോഹന്നാൻമാപ്പിളയും

തോമ്മാച്ചൻെറ അപ്പൻ ചാക്കോമാപ്പിളയും സംഗതികൾ കുറെയൊക്കെ അറിഞ്ഞു യോഹന്നാൻ മാപ്പിളയ്ക്കു മേറി കുട്ടിയേ ജീവനാണ്. അവളെ സ്വന്തമകളേപ്പോലെയാണ് അയാൾവളത്തിയതും, ഇപ്പോൾവിചാരിക്കുന്നതും. അയാൾ വത്തമാനങ്ങൾ അറിവാൻ ജേഷ്ഠൻെറവീട്ടിൽവന്നു. അപ്പോഴാണ് തോമ്മാച്ചൻെറ എഴുത്തുവന്നതും അവർ ഒരുമിച്ചുവായിച്ചതും.

യോഹന്നാൻ മാപ്പിളക്കു എഴുത്തുവായിച്ചപ്പോൾ വ്യസനം അടക്കാൻ പാടില്ലാതെയായി.

"അയ്യോ! അവളെ തൂക്കികൊല്ലുകയോ? ദൈവമേ ഇതെങ്ങനെ സഹിക്കും!"

ചാക്കോമാപ്പിള നെടുവീർപ്പിട്ടു. അയാൾക്കും വലിയ വ്യസനമാണ്.

യോ: മാ: എൻറച്ചാച്ചാ, എനിക്കു അവളേ കാണണം. അവളെന്നെ കാണാൻ ആഗ്രഹിക്കും-എൻെറ മകൾഎന്നെകാണാൻ ആഗ്രഹിക്കും... (അയാൾ കരയുകയാണ്.

ചാ: മാ: അവളെൻെറയും മകളല്ലേ. എനിക്കും അവളെ കാണണമെന്നുണ്ടു്. എങ്ങിനെ കാണാനാ?

യോ: മാ: അയ്യോ അവൾ കൊലപാതകം ചെയ്തെന്നല്ലേ പറയുന്നതു? അവൾ ഒരു ഉറുമ്പിനേ ഉപദ്രവിക്കയില്ലല്ലൊ. എന്തു കഷ്ടമാ ഇതു്? ഇതെങ്ങിനെ സഹിക്കും!

ചാ: മാ:തോമ്മാച്ചൻ എഴുതിയിരിക്കുന്നതുപോലീസുകാർ ഒള്ള കള്ളസാക്ഷിയെ ഒക്കെ കൊണ്ടുവന്നെന്നാ.

യോ: മാ: ഞാൻപോകയാ. എനിക്കവളെ കാണണം എൻെറ മകൾക്കു ഒരു അവസാന ചുംബനം എങ്കിലും എനിക്കു കൊടുക്കണം......ദൈവമേ! എൻെറ മകളോടു കരുണയുണ്ടാകണേ,

ചാ: മാ: എൻെറ യോഹന്നാച്ചാ നിനക്കു വയസ്സു 60 ആയി. നീ എങ്ങനെ യാത്രചെയ്യും? ഈ വലിയയാത്ര!

യോ: മാ. എൻറച്ചാച്ചാ അങ്ങനെ പറേല്ലെ. ഞാന വളുടെ അമ്മേ കെട്ടിക്കൊണ്ടു വന്നപ്പം അവൾക്കു രണ്ടുവ യസ്സാ. ഇത്രയും ഓമനയായ ഒരു കുഞ്ഞിനെ ഞാൻ കണ്ടി ട്ടില്ലാ. ഈയെൻെറ തോളേൽ കിടന്നാ അവളു വളന്നതു്. പിന്നെ എൻെറ പിള്ളാരുണ്ടായതു അവൾക്കു പത്തു വയ സ്സായെപ്പിന്നാ. അവരെ അവളാ എടുത്തും കൊണ്ടു നടന്ന തു്. അവളെപ്പോലെ സ്നേഹമുള്ള കുഞ്ഞുങ്ങളെ ഞാൻ ക ണ്ടിട്ടില്ല. എൻറച്ചാച്ചാ അവളെ പോലീസുകാരിടിച്ചു കാ ണുമോ.

ചാ: മാ: ഓ അതൊന്നും ചെയ്കേല.

യോ: മാ: എങ്കിലും അവളെ അവരു തൂക്കിക്കൊല്ലുമ ല്ലൊ. അയ്യോ എൻെറ കുഞ്ഞു്...അവൾ അങ്ങനെ മരി ക്കുന്നതു എനിക്കോക്കാൻവയ്യാ...എനിക്കൊന്നു കാണണം അവളേ. അതിനു അച്ചാച്ചൻ തടസ്സംപറേല്ലെ.

അവരിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഗീവറു ഗീസ് അച്ചനും വന്നു, ഇതെല്ലാം കണ്ടു.

"നിങ്ങൾ എന്നതാ ഇങ്ങനെ ദുഃഖിച്ചിരിക്കുന്നതു്?" എന്നദ്ദേഹം ചോദിച്ചു.

ചാക്കോമാപ്പിള കാൎയ്യങ്ങൾ ഒക്കെപ്പറഞ്ഞു. അച്ച നും വലിയ വ്യസനമായി.

"യോഹന്നാച്ചനു ആഗ്രഹമാണെങ്കിൽ ദന്നുപോക ട്ടെ-അതല്ലേ നല്ലതു്" എന്നച്ചൻ പതുക്കെ ചാക്കോമാപ്പിള യോടുചോദിച്ചു.

"ഓ വേണ്ടാ! അച്ചനെന്നാ ഈപ്പറേന്നതു. അവനവി ടെ ചെന്നു സങ്കടമൊക്കെക്കണ്ടു വല്ല ആപത്തുംവരും."

അച്ചൻ: ഏതായാലും തോമ്മാച്ചൻ വരട്ടെ. അവൻ വരുമല്ലൊ കൊച്ചിനേകൊണ്ടുപോകാൻ.

കുഞ്ഞുമോളുടെകാര്യം ഓർത്തു യോഹന്നാൻമാപ്പിള കൂടുതൽ ദുഃഖത്തിലായി. ഒരു വിധത്തിൽ അന്നു അദ്ദേഹം നടന്നു വീടുപററി. കുഞ്ഞുമോളും അപ്പോൾ അദ്ദേഹത്തിന്റെ വീട്ടിലായിരുന്നു.

പിറേറദിവസം തോമ്മാച്ചൻവന്നു. അവനേക്കണ്ടപ്പോൾ അവരെല്ലാരും വലിയ കരച്ചിലായി. അവനും വ്യസനം അടക്കാൻ ശക്തിയില്ലായിരുന്നു. എന്നാൽ അവൻ ഉടനെ തിരിച്ചുപോകയാണ്.

യോഹന്നാൻ മാപ്പിളയ്ക്കു പോകാൻ സാധിച്ചില്ല. വ്യസനാധിക്യത്താൽ ആ വയസ്സൻ കിടപ്പായിപ്പോയി. തോമ്മാച്ചൻ ചെന്നു യാത്രപറഞ്ഞപ്പോൾ അയാൾ വാവിട്ടുകരഞ്ഞു.

“മോനേ! യാതൊരു രക്ഷയുമില്ലേ. അവിടുത്തെ ഗവർണ്ണരുടെ കരുണയ്ക്കൊന്നു അപേക്ഷിക്കരുതോ” എന്നയാൾ ചോദിച്ചു.

തോ: ഒന്നും ഒക്കുകയില്ല. ഞാനൊക്കെ ശ്രമിച്ചതാ. അപ്പച്ചനോടു ഒരുവാക്കുപറയാൻ എന്നേ അവൾ ഏല്പിച്ചിട്ടുണ്ടു്. “അവൾ വളരെപ്രത്യാശയോടെ കർത്താവിന്റെ സന്നിധിയിലേക്കു പോവുകാണെന്നു പറയണം” എന്നെന്നോടുപറഞ്ഞു.

യോഹന്നാൻ മാപ്പിള ഈ വാക്കുകൊണ്ടു ആശ്വാസപ്പെട്ടില്ല. അയാൾ കണ്ണുനീരൊഴുക്കിക്കൊണ്ടു ഭിത്തിയുടെ നേരെതിരിഞ്ഞുകിടന്നു.

തോമ്മാച്ചൻ കുഞ്ഞുമോളേയുംകൊണ്ടു യാത്രയായി.

ഒരുദിവസം അവിടുത്തെ പ്രോട്ടസ്റ്റൻറുസഭകളിലൊന്നിലേ അച്ചൻ ജയിലിൽചെന്നു. മേരിക്കുട്ടി ചെയ്ത കുററം ഏററു പറയണമെന്നു അയാൾ ഉപദേശിച്ചു. പിറേറദിവസം രാവിലെ അഞ്ചു മണിക്കാണു് അവളെ തൂക്കിക്കൊല്ലുന്നതു് എന്നദ്ദേഹത്തിനറിയാം.

മേറിക്കുട്ടി: എന്റെ സകലപാപങ്ങളും ഞാൻ ഏററു പറഞ്ഞു ക്ഷമ ലഭിച്ചവളാണ്. ഈ കുററം ഞാൻ ചെയ്തതല്ല. ആരാണുചെയ്തതെന്നു എനിക്കറിഞ്ഞും കൂടാ. ഞാൻ മരിക്കുമ്പോൾ എന്റെ രക്ഷകൻ എന്നെ കൈക്കൊള്ളും എന്നു എനിക്കു പൂർണ്ണനിശ്ചയം ഉണ്ട്.

അവളുടെ മുഖഭാവവും, വാക്കുകളും അച്ചന്റെ ഹൃദയത്തെസ്പർശിച്ചു...അദ്ദേഹം കുറേനേരം വ്യസനിച്ചു അവിടെയിരുന്നു. ഒടുവിൽ അദ്ദേഹം ഇങ്ങനെചോദിച്ചു. "ഞാനെന്തെങ്കിലും ചെയ്യാൻ നീ ആഗ്രഹിക്കുന്നുണ്ടോ"

മേ: എനിക്കുവേണ്ടി പ്രാർത്ഥിക്കണം, മരണനിഴൽ താഴ്‌വരയിൽ ഞാൻ ഭയപ്പെട്ടുപോകാതെയിരിക്കുന്നതിനു വേണ്ടി. അവിടംകടന്നാൽ പിന്നെ ഞാൻ നിത്യസന്തോഷത്തിൽ ചെല്ലുമെന്നെനിക്കറിയാം.

അച്ചൻ: അയ്യോ! ഇതു് നേരാണോ ഈ പ്പറയുന്നതു്. നീ ഈ കുററം ചെയ്തതല്ലേ?

മേ: ഒരിക്കലും അല്ല. ഞാൻ മിസ്സസ്സ് ആനന്ദറാവുവിനേ സ്നേഹിച്ചിരുന്നു. അവർ മരിച്ചതു് എനിക്കു വലിയ ഖേദമായിരുന്നു. ഞാൻ ദുഃഖിച്ചു കരഞ്ഞുകൊണ്ടിരുന്നപ്പോഴാണ് എന്നെ വന്നു പോലീസുകാർ പിടിച്ചതു്.

അ: അവർ മഹാവല്ലാത്ത സ്ത്രീയാണെന്നു കേട്ടിട്ടുണ്ടല്ലോ.

മേ: അവരെ ക്രിസ്തുവിങ്കലേക്കു നയിക്കാമെന്നു ഞാൻ ആശിച്ചിരുന്നു, അതു സാധിച്ചില്ല. അതിനുമുമ്പു അവർ മരിച്ചു.

ആ അച്ചനു് മേറിക്കുട്ടി പറഞ്ഞതു വിശ്വസിക്കാൻ പ്രയാസമായിത്തോന്നി. കുററം ചെയ്യാത്ത ഒരാളെ തൂക്കിക്കൊല്ലുമെന്നു എങ്ങനെ വിശ്വസിക്കും!

അച്ചൻ: മകളേ! ഞാൻ പറയുന്നതു് തെററിധരിക്ക രുതേ! മുമ്പാരിക്കൽ ഇതു പോലെ ഒരാൾ പറഞ്ഞു. അതുഞാൻ വിശ്വസിച്ചില്ല. നീ പറയുന്നതു വാസ്തവമാണെന്നു എങ്ങനെ അറിയാം?

മേ: അച്ചാ! ഞാൻ ക്രിസ്തുവിൻെറ ഒരു ദാസിയാണു്. എൻെറ ഭത്താവു എസ്. സി. എമ്മിൻെറ ഒരു സിക്രട്ടറിയാണു്. അദ്ദേഹത്തിനുണ്ടായിരുന്ന വരുമാനം എല്ലാം ഉപേക്ഷിച്ചു അദ്ദേഹം ക്രിസ്തീയവേലക്കു പോയി. എൻെറ ആഗ്രഹപ്രകാരമാണു അതു ചെയ്തതു്. ഇനിയും എനിക്കു ലോകത്തിൽ ഒരു ദിവസം തികച്ചില്ല. നാളെ ഈ സമയം ഈ ശരീരം മണ്ണിൻെറ അടിയിലും, എൻെറ ആത്മാവു എൻെറ അരുമനാഥൻെറ അട്ടക്കലും ആയിരിക്കും. ഞാൻ അസത്യവും പറഞ്ഞു എൻെറ കത്താവിൻെറ അട്ടക്കൽ ചെല്ലുന്നതിനു സാധിക്കുമെന്നു അച്ചനു തോന്നുന്നുണ്ടോ?

അവളുടെ വാക്കുകളും മുഖഭാവവും അച്ചൻെറ ഹൃദയത്തെ സ്പർശിച്ചു. അച്ചൻ അവൾ പറഞ്ഞതു വിശ്വസിച്ചു. അദ്ദേഹം വ്യസനിച്ചു അവിടെയിരുന്നു. കുറെനേരം കഴിഞ്ഞു അദ്ദേഹം ഇങ്ങനെ ചോദിച്ചു: "ഞാൻ നിനക്കു വേണ്ടി വല്ലതും ചെയ്യണമെന്നു നീ ആഗ്രഹിക്കുന്നുണ്ടോ?"

മേരിക്കുട്ടി: അച്ചൻ എൻെറ പേക്കു പ്രാർത്ഥിക്കണം. മരണനിഴൽ താഴ്‌വരയിൽ ഞാൻ ഭയപ്പെട്ടുപോകാതെയിരിക്കുന്നതിനുവേണ്ടി അച്ചൻ എൻെറ പേക്കു പ്രാർത്ഥിക്കണമെന്നു ഒരപേക്ഷ മാത്രമേയുള്ളു എനിക്കു."

അച്ചൻെറ ഹൃദയം അലിഞ്ഞു. അദ്ദേഹം ഒരു വൃദ്ധനാണു്. അദ്ദേഹം പറഞ്ഞു:

"മകളേ, നീ കത്താവിൻെറ അട്ടക്കൽ ചെല്ലുമെന്നു നീ പറഞ്ഞല്ലൊ. തൻെറ അട്ടക്കലേക്കു പോകുന്നതിനു എൻെറ മകൾ എന്തിനു ഭയപ്പെടുന്നു?"

മേ: അച്ചാ! ഞാൻ പ്രകൃത്യാ ഭയമുള്ളവളാണ്. ശരീരത്തിലെ വേദനസഹിക്കാൻ എനിക്കു തീരെ ശക്തിയില്ല. തൂക്കിക്കൊല്ലുന്നമരണം അതിവേദനയുള്ളതാണെന്നു് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടു എനിക്കു ഒരു ഭയം ഉണ്ട്. ഞാൻ ധൈര്യമുള്ളവളാകുന്നതിനുവേണ്ടി അച്ചൻ പ്രാർത്ഥിക്കണേ.

അച്ചൻെറ കണ്ണുനിറഞ്ഞു. അദ്ദേഹം ഒട്ടവിൽ പറഞ്ഞു. "മകളേ! ദൈവം നിന്നെ ശക്തിയുള്ളവളാക്കും. നീ നിരപരാധിനിയാണെന്നു ഞാൻ വിശ്വസിക്കുന്നു. നമുക്കു പ്രാൎത്ഥിക്കാം" അച്ചൻ അവൾക്കു വേണ്ടിപ്രാൎത്ഥിച്ചു. പ്രാൎത്ഥനകഴിഞ്ഞപ്പോൾ അവളുടെ മുഖത്തു സന്തോഷം വന്നു. അതുകണ്ടു് അച്ചനും വളരെ സന്തോഷംതോന്നി.

ഇനിയും നാം ഒരു ദിവസം പുറകോട്ടുപോകേണ്ടിയിരിക്കുന്നു. അവസാനദിവസത്തിനു രണ്ടു ദിവസം മുമ്പാണ് തോമ്മാച്ചനും കുഞ്ഞുമോളും വന്നതു്. അവർ ജയിലിൽ ചെന്നു മേറിക്കുട്ടിയേകണ്ടു. അന്നത്തെ ആ കാഴ്ചകണ്ടു ജയിൽ ഉദ്യോഗസ്ഥന്മാരും വാർഡർമാരും വളരെ കണ്ണുനീർ പൊഴിച്ചു.

ആനന്ദറാവുവും ഈ കാഴ്ച കാണുന്നതിനിടയായി. ജയിൽ സൂപ്രണ്ടിനേ ഒരാവശ്യം പ്രമാണിച്ചു കാണുന്നതിനായി അയാൾ വന്നതാണു്. അയാൾ പിറെറദിവസം ബോംബേക്കു പുറപ്പെടുന്നതിനു നിശ്ചയിച്ചിരുന്നു.

മേറിക്കുട്ടിയേ ഒന്നു കാണുന്നതിനു ശാന്ത വളരെ ആഗ്രഹിച്ചു. എങ്കിലും അയാൾ അതു സമ്മതിച്ചില്ല.

## XVI

ഒട്ടവിൽ ആ ഭയങ്കരദിവസവും വന്നു. വെളുപ്പിനു അഞ്ചുമണിക്കാണു് മേറിക്കുട്ടിയുടെ മേൽ വിധിനടത്തുന്നതു്.

കമലമ്മ അന്നു മൂന്നരമണിക്കേ ആമുറിയിൽചെന്ന താണു്. അവർ അകത്തുകയറി, അന്നേരം മേറിക്കുട്ടി സുഖ മായിക്കിടന്നുറങ്ങുന്നതുകണ്ടു അവർ അത്ഭുതപ്പെട്ടു. അവ ളുടെ മുഖത്തു് സ്വർഗ്ഗസമാധാനം വിളങ്ങുന്നുണ്ടെന്നു ആ സ്ത്രീക്കു തോന്നി. പതുക്കെ കമലമ്മ മേറിക്കുട്ടിയുടെ കൈ യ്യെടുത്തു് അതിന്മേൽ ഒന്നു ചുംബിച്ചു. മേറിക്കുട്ടി ഉണർ ന്നില്ല. കൃത്യം നാലു മണിയായപ്പോൾ അവൾ ഉണർന്നു കമലമ്മയേക്കണ്ടു് പുഞ്ചിരിയിട്ടു. അവർ രണ്ടുപേരും കൂടെ അന്നു ഒരുമിച്ചുകുറെനേരം പ്രാർത്ഥിച്ചു. മുമ്പും അ വർ ഒരുമിച്ചു പ്രാർത്ഥിക്കുമായിരുന്നു.

അന്നു മേറിക്കുട്ടിയുടെ തലമുടി കമലമ്മയാണു് കെട്ടി ക്കൊടുത്തതു്. അതവർ ഭാഗിയായി പിന്നിയശേഷം ത ലയുടെ പുറകിൽ അല്പം മുകൾഭാഗത്തായി കെട്ടിവെച്ചു. സാധാരണയായി മേറിക്കുട്ടി ദിവസവും കെട്ടിവെയ്ക്കുന്നതു് അങ്ങനെയല്ലായിരുന്നു. "ഇതെന്താ കമലമ്മേ! ഇന്നിങ്ങ നെ" എന്നവൾ ചോദിച്ചു. തലമുടി ചീകിക്കൊണ്ടിരു ന്നസമയം കമലമ്മയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴ കുന്നതു് മേറിക്കുട്ടി കണ്ടിരുന്നില്ല. മേറിക്കുട്ടിയുടെചോദ്യം കേട്ടപ്പോൾ ഹൃദയത്തിൽ തിങ്ങിവിങ്ങിയിരുന്നവ്യസനം സഹിക്കവെയ്യാതെ കമലമ്മ അവിടെ ഒരു സ്ററുളിന്മേൽ ഇരുന്നു തേങ്ങിക്കരഞ്ഞുപോയി. "ദൈവമേ! എനിക്കി തു് സഹിക്കാൻ ശക്തിയില്ല! ഇതു് കണ്ടാൻ നീ എനിക്കി ടവരുത്തിയല്ലോ" എന്നുപറഞ്ഞു അവർ പിന്നെയും കരയു കയാണു്. മേറിക്കുട്ടിക്കു സംഗതി മനസ്സിലായി. തലമു ടി അവൾ ദിവസവും കെട്ടിവന്നതുപോലെ കഴുത്തിനുതാ ഴെയായി കെട്ടുവരുത്തിയാൽ കയറു അതിന്മേൽ കുരുങ്ങി അവൾ കൂടുതൽ വേദന അനുഭവിക്കേണ്ടി വരുമെന്നു വി ചാരിച്ചാണു് കമലമ്മ ഇങ്ങനെ ചെയ്തതു്.

മേറിക്കുട്ടി ഇങ്ങനെപറഞ്ഞു: "കമലമ്മകരയാതെ! ഞാൻ ഓക്കാതെ ചോദിച്ചുപോയതാണേ. കമലമ്മ ഇങ്ങനെയുള്ള ഒരു ജോലിക്കു പററിയവളല്ല. അത്ര കരുണയുള്ള ഒരു ഹൃദയമാണു് നിങ്ങളുടേതു്."

കമലമ്മ: മോളേ! ഞാൻ വേറെ രണ്ടു സ്ത്രീകളേ നോക്കീട്ടുണ്ടു്. അവർ കുററംചെയ്തതാണെന്നു സമ്മതിച്ചവരാ. അവരോടും എനിക്കു സഹതാപംതോന്നി—നേരാ... എന്നാൽ നിന്നെപ്പോലെനിഷ്ക്കളങ്കയായ ഒരാളെ തൂക്കിക്കൊല്ലുന്നതു് കാണാൻ എനിക്കുവയ്യാ. ഞാനിതുകണ്ടിട്ടു പിന്നെ ഇരിക്കയില്ല. ചിലപ്പോൾ എനിക്കു ഭ്രാന്തുവരുമെന്നുതന്നെ തോന്നിപ്പോകുന്നു. എൻെറ മഹാപാപം കൊണ്ടാണേ ഞാനീ ഭയങ്കരം കാണാനിടവരുന്നതു്.

മേ: "കമലമ്മേ! എന്നായാലും നാം എല്ലാവരും മരിച്ചു ദൈവസന്നിധിയിൽ ഒരിക്കൽ ചെല്ലണം. ഞാൻ കുറച്ചു മുമ്പെ പോകുന്നെന്നേയുള്ളല്ലോ. കമലമ്മ വ്യസനിക്കാതെ. ഞാൻ സ്നേഹത്തിൻെറ രാജ്യത്തിലേക്കാണു് പോകുന്നതു്. ഞാൻ ഇന്നു എൻെറ രക്ഷകൻെറ പ്രിയമുഖം കാണും. അതോർത്തു് കമലമ്മേക്കു സന്തോഷം തോന്നുന്നില്ലേ? ഇപ്പോൾ എനിക്കൊരു വ്യസനവും ഇല്ല. ലോകം ദൈവമക്കൾക്കു യോഗ്യമല്ല എന്നു കമലമ്മക്കു അറിഞ്ഞുകൂടേ?" അവളുടെ വാക്കുകൾകൊണ്ടു ആ സ്ത്രീക്കു അല്പം ആശ്വാസംതോന്നി. അവർ പറഞ്ഞുകൊണ്ടിരുന്നപ്പോൾ മണി നാലരയായി. പോലീസുകാർ വന്നപ്പോൾ രണ്ടുപേരുംകൂടെ "ആശ്വാസമേ എനിക്കേറെതിങ്ങീടുന്നു" എന്ന പാട്ടുപാടുകയായിരുന്നു. അവർ പാടിക്കഴിയാറായപ്പോൾ ജയിൽസൂപ്രണ്ടു്, ഡോക്ടർ, പോലീസുകാർ ഇവരൊക്കെ, അവിടെ ചെന്നു

തോമ്മാച്ചനും കുഞ്ഞുമോളും ആ രാത്രിമുഴവനും അവരുടെ മുറിയിൽ കരഞ്ഞുംകൊണ്ടു കിടക്കയാണ്. ഇടയ്ക്കിടക്കു "എന്റെ ദൈവമേ" എന്നു പറഞ്ഞുംകൊണ്ടു തോമ്മാച്ചൻ നെടുവീർപ്പിടുന്നതു കുഞ്ഞുമോൾക്കു കേൾക്കാം.

മണി നാലരയായി. മേറിക്കുട്ടിയോടു അവസാനയാത്ര പറയുന്നതിനായി അവർ രണ്ടുപേരും ഇറങ്ങി. അവർ ജയിൽമുറിയുടെ അടുത്തായപ്പോൾ പോലീസുകാർ നില്ക്കുന്നതു് കണ്ടു. അവർ അവളെക്കൊണ്ടുപോകാൻ വന്നതാണെന്നു തോമ്മാച്ചനുഅറിയാം.

തോമ്മാച്ചൻ അടുത്തുചെന്നപ്പോൾ മേറിക്കുട്ടിയും കമലമ്മയും പാട്ടുപാടുന്നതു് കേട്ടു. എന്താണവർ പാടുന്നതു്?

ചേർന്നിടുമേ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ, എനിക്കൊന്നും വേണ്ടാ
എന്റെ നാഥന്റെ സന്നിധൌ ചേർന്നാൽമതി.

തോമ്മാച്ചനും കുഞ്ഞുമോളും അടുത്തു ചെല്ലുന്നതിനു ജയിൽസൂപ്രണ്ടു് അവരെ അനുവദിച്ചു. പിന്നെയും പിന്നെയും തമ്മിൽ ചുംബിച്ചശേഷം മേറിക്കുട്ടി തോമ്മാച്ചനോടു പറഞ്ഞു: "അവിടുന്നു എന്നെപ്പററി ദുഃഖിക്കരുതു്. എന്നെ ഏററവും സ്നേഹിക്കുന്ന എന്റെ അരുമനാഥന്റെ അടുക്കൽ ഞാൻപോകുന്നു". കുഞ്ഞുമോളെ അവൾ ചുംബിച്ചിട്ടു് "എന്റെ പ്രിയമകളെ ദൈവംഅനുഗ്രഹിക്കട്ടെ" എന്നു അവൾ പറഞ്ഞു. ആകുട്ടി "അമ്മച്ചി എന്റെ പൊന്നമ്മച്ചീ" എന്നു വിളിച്ചു കരയുന്നതു് കേട്ടു പോലീസുകാർപോലും കണ്ണുനീർ പൊഴിച്ചു.

ഒടുവിൽ മേറിക്കുട്ടി മകളെ ഒന്നുകൂടി ചുംബിച്ചശേഷം അവരുടെകൂടെ പോയി. തൂക്കിക്കൊല്ലുന്നിടത്തു അന്യർക്കു പ്രവേശനം ഇല്ല.

നടക്കുന്നതിനു ശക്തിയില്ലാതെ തോമ്മാച്ചൻ ആ മുറിയുടെ വാതില്ക്കൽത്തന്നെ ഇരുന്നു. കുഞ്ഞുമോൾ കരയുന്നുണ്ടു്. എന്നാൽ ഹൃദയംതകൎന്നിരുന്ന ആ സ്ഥിതിയിൽ തോമ്മാച്ചനു് കണ്ണുനീർ വരുന്നില്ല.

തോമ്മാച്ചനോടും കുഞ്ഞുമോളോടും മേറിക്കുട്ടി യാത്ര പറഞ്ഞുകഴിഞ്ഞപ്പോൾ കമലമ്മ അവളുടെ അടുക്കൽചെന്നു, "ഞാനും കൂടെ വരുന്നുണ്ടു്" എന്നു പറഞ്ഞു. അവളുടെ കയ്യേൽ അവർ പിടിച്ചു, പതുക്കെ അവരെല്ലാവരും കൂടെ കൊലമുറിയിൽ ചെന്നു. ഡിസ്ത്രിക്ട് മജിസ്ത്രേട്ടും അവിടെ വന്നിട്ടുണ്ടു്. അയാളാണു് ഈ കൃത്യം നിർവ്വഹിക്കേണ്ടതു്.

അദ്ദേഹം ഹൈക്കോടതിയുടെകല്പനവായിച്ചു. ആരാച്ചാർ അടുത്തുചെന്നു മേറിക്കുട്ടിയോടു കഴുമരത്തിൽ കയറുന്നതിനു പറഞ്ഞു. ഒരു ചെറിയ ഗോവണി ചവിട്ടി ഒരു പൊക്കമുള്ള സ്ഥലത്തു അവൾ ചെല്ലണം. അവളുടെ കൈ രണ്ടും പുറകോട്ടു കെട്ടുന്നതിനു അയാൾ ഭാവിച്ചപ്പോൾ "ചരടു ഇങ്ങുതന്നാട്ടെ. ഞാനൊക്കെ ചെയ്തോളാം" എന്നു കമലമ്മ പറഞ്ഞു. ആ ഭയങ്കരപുരുഷൻ മേറിക്കുട്ടിയെ തൊടരുതെന്നാണു കമലമ്മയുടെ ആഗ്രഹം. ആ ചരടുകൊണ്ടു കമലമ്മ മേറിക്കുട്ടിയുടെ കൈകൾ പുറകോട്ടു പിടിച്ചു നൊമ്പരപ്പെടുത്താതെ കെട്ടി. കണ്ണു കെട്ടുന്നതിനുമുമ്പു അവർ മേറിക്കുട്ടിയുടെ മുഖത്തു ഒന്നു ചുംബിച്ചു. അവരുടെ കണ്ണുനീർ അവളുടെ കവിളിൽ ആയി. മേറിക്കുട്ടിയും തിരിഞ്ഞു അവരെ ഒന്നു ചുംബിച്ചു. പിന്നീടു കമലമ്മ അവളുടെ കണ്ണു രണ്ടും ഒരു ചെറിയ തുണികൊണ്ടു കെട്ടി. പതുക്കെ അവർ അവളെ പിടിച്ചുനടത്തി കഴുമരത്തിൻെറ പ്ളാററുഫോറത്തിൻെറ നടുവിൽ നിൎത്തി. പിന്നെ നല്ല മാർദ്ദവമായ ആ കയർ ആരാച്ചാർ അവളുടെ കഴുത്തിൽ ഊരുനാമ്പിട്ടു കെട്ടി. അപ്പോഴും കമലമ്മ മേറിക്കുട്ടിയെ പിടിച്ചി

ട്ടുണ്ടായിരുന്നു. "നിങ്ങൾ മാറു് വീഴണ്ടായെങ്കിൽ" എന്നു ആരാച്ചാർ കമലമ്മയോടുപറഞ്ഞു. കമലമ്മ ആ പലക യിൽനിന്നു മാറിയെങ്കിലും അതിൻെറ വക്കിനാണു് അ വർനിന്നതു്.

എല്ലാം റെഡിയായി. "വൺ, ടൂ, ത്രീ" എന്നു ഡിസ്ട്രി ക്ടു് മജിസ്ട്രേട്ടു പറയണം അത്രതന്നെ. കമലമ്മ കുനിഞ്ഞു നിന്നു പ്രാൎത്ഥിക്കയാണു്. ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് "വൺ" എന്നു പറഞ്ഞുകഴിഞ്ഞു. മേറിക്കുട്ടി "കൎത്താവേ എന്നെ കൈക്കൊള്ളേണമെ" എന്നൊരു പ്രാൎത്ഥനയും പറഞ്ഞു. എന്നാൽ ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു "ടൂ" എന്നു പറയുകയും, "നില്ലൂണേ! അയ്യോ നില്ലൂണേ!" എന്നു ഉറക്കെ വിളിച്ചു പറഞ്ഞുംകൊണ്ടു ഒരു മനുഷ്യൻ (ജയിലിലെ ഒരു ഉദ്യോഗസ്ഥ ൻ) ഓടിക്കിതച്ചുവന്നു അവരുടെ മുമ്പിൽ വീഴുകയും ചെ യ്തു ഒന്നിച്ചുകഴിഞ്ഞു. കയ്യിലുള്ള ഒരെഴുത്തു—ഗവൎമ്മെ ൻറു മുദ്രയുള്ളതു്—അയാൾ നീട്ടി. ജയിൽസൂപ്രണ്ടിനായി രുന്നു ആ എഴുത്തു്. ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു് അതു വാങ്ങിച്ചു.

"പ്രതി കുററക്കാരിയല്ലെന്നു മിക്കവാറും തീൎച്ച യായ തെളിവു കിട്ടിയിരിക്കുന്നതിനാൽ വേറൊരു ത്തരവുണ്ടാകുന്നതുവരെ യാതൊന്നും ചെയ്തുപോകരുതു്" എന്നു ആഭ്യന്തരമന്ത്രിയുടെ ഒരു കല്പനയാണു് ആ കത്തു്. മജിസ്ട്രേട്ടു് ഇതു് ഉറക്കെ വായിച്ചു. ഇതു കേട്ടപ്പോൾ മേ റിക്കുട്ടിക്കു ബോധം മറഞ്ഞുപോയി. എന്നാൽ കമലമ്മ അ ന്നേരം അവളെ ബലമായിപ്പിടിച്ചതിനാൽ അവൾ വീ ഴാനിടയായില്ല. വീണിരുന്നെങ്കിൽ അവൾക്കു ആപത്താ യേനേം. പരിതസ്ഥിതികളിൽ പെട്ടെന്നുണ്ടായ മാററം മേ റിക്കുട്ടിയുടെ മനോനിയന്ത്രണത്തെ ഇല്ലാതാക്കിയതു് സ്വാ ഭാവികമായിരുന്നു.

പതുക്കെ അവർ ആ കയർ ഊരി. കണ്ണും കയ്യും കെട്ടിയിരുന്നതു അഴിച്ചപ്പോഴും മേറിക്കുട്ടി ഉണൎന്നില്ല. അവൾ മരിച്ചുപോയെന്നുതന്നെയാണു കമലമ്മ വിചാരിച്ചതു്. "അയ്യോ നിനക്കു ജീവൻ തിരിച്ചുകിട്ടിയപ്പോൾ നീ മരിച്ചുപോയല്ലൊ, എന്റെ പൊന്നുമകളേ" എന്നു പറഞ്ഞു കരയുകയും മേറിക്കുട്ടിയുടെ മുഖത്തും കൈയ്യേലും പിന്നെയുംപിന്നെയും ചുംബിക്കയും ആണു് അവർ ചെയ്യുന്നതു്.

ഡോക്ടൎക്കു കുറെ ദേഷ്യംവന്നു. "നിങ്ങളു മാറു്. ഉമ്മ കൊടുക്കാൻ കണ്ട ഒരു സമയം! എന്താണെന്നു ഞാൻ ഒന്നു നോക്കട്ടെ" എന്നയാൾ പറഞ്ഞു. മേറിക്കുട്ടിയെ അയാൾ പരിശോധിച്ചു. "യാതൊരു കുഴപ്പവും ഇല്ല. ഉടനെ അവൾ ഉണരും" എന്നദ്ദേഹം പറഞ്ഞു,

മന്ത്രിയുടെ ഓർഡർ കിട്ടുന്നതിനു അല്പംസമയംകൂടെ കഴിഞ്ഞുപോയിരുന്നെങ്കിൽ മേറിക്കുട്ടിയുടെ ശവംമാത്രമേ തോമ്മാച്ചനു കാണ്മാൻ സാധിക്കയുള്ളായിരുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഈ സംഭവത്തെപ്പററി ആഭ്യന്തരമന്ത്രിക്കു എഴുതി. ആരോ വലിയ ഉപേക്ഷ കാണിച്ചതാണു് ഇത്ര താമസമുണ്ടാകാൻ കാരണം എന്നദ്ദേഹത്തിനു മനസ്സിലായി. മന്ത്രി രാത്രി എട്ടുമണിക്കുതന്നെ ഓർഡർ കൊടുത്തയച്ചതാണു്. അതു ഒരു ഗുമസ്തന്റെ അടുക്കലേക്കാണു് അയച്ചതു്. അയാൾ അതു ഒരു ശിപായിയെ ഏല്പിച്ചു. ഉടനെതന്നെ ജയിലിൽ എത്തിക്കണമെന്നു പറഞ്ഞതായിരുന്നു. എന്നാൽ ആ ശിപായിയുടെ ഉപേക്ഷനിമിത്തം അവൻ അതു വെളുപ്പിനു് നാലരമണിക്കാണു്കൊണ്ടുപോയതു്. ജയിൽ സൂപ്രണ്ടു് അപ്പോഴേക്കു് കൊലമുറിയിലേക്കു പോയിക്കഴിഞ്ഞിരുന്നു.

ദൈവകൃപയാൽ ജയിൽ സൂപ്രണ്ടിന്റെ ഒരു ഗുമസ്തൻ ഈ കവർ പൊട്ടിച്ചുനോക്കി. അയാൾക്കു് ഉടനെ സംഗതി മനസ്സിലായി. അയാളാണു് ഓടിക്കിതച്ചു ഈ

യെഴുത്തുകൊണ്ടുചെന്നു കൊട്ടത്തതു്. അങ്ങനെയാണു് മേറിക്കുട്ടി രക്ഷപെട്ടതു്.

മന്ത്രി സംഭവം വിവരമായി അറിഞ്ഞപ്പോൾ ആ ഉപേക്ഷ കാണിച്ച ഗുമസ്തനെ രണ്ടാഴ്ചത്തേക്കു സസ്പെണ്ടു്ചെയ്യയും, ശിപായിയെ ജോലിയിൽനിന്നു പിരിച്ചയക്കയും ചെയ്തു.

പോലീസുകാർ ഒരു സ്ട്രെച്ചറിൽ മേറിക്കുട്ടിയെ കിടത്തി തോമ്മാച്ചനും കുഞ്ഞുമോളും ഇരുന്നിടത്തേക്കു കൊണ്ടുപോയി. കമലമ്മയും അവരുടെകൂടെ ചെന്നു. സന്തോഷം കൊണ്ടു അവർ കരയുന്നുണ്ടായിരുന്നു.

മേറിക്കുട്ടി സ്ട്രെച്ചറിൽ കിടക്കുന്നതും കമലമ്മ കരയുന്നതും കണ്ടപ്പോൾ തോമ്മാച്ചൻ ഉറക്കെ കരഞ്ഞു. "നിങ്ങൾ കരയാതെ– പ്രതി കുററക്കാരിയല്ലെന്നുള്ളതിനു വേറെ തെളിവു വന്നു. ആഭ്യന്തരമന്ത്രിയുടെ കല്പനപ്രകാരം ഇപ്പോൾ ശിക്ഷ മാററിവെച്ചു. മിക്കവാറും തീർച്ചയായി പ്രതിയെ വെറുതെവിടും. പെട്ടെന്നു അതു കേട്ടപ്പോൾ പ്രതി മയങ്ങിപ്പോയതാണു്. അതുസാരമില്ല. ഇപ്പോൾതന്നെ അവൾ ഉണരും" എന്നു ഡോക്ടർ പറഞ്ഞു തോമ്മാച്ചനെ സമാധാനപ്പെടുത്തി.

പോലീസുകാർ ആ സ്ട്രെച്ചർ കൊണ്ടുചെന്നു താഴെ വെച്ചു. മേറിക്കുട്ടി മയങ്ങിക്കിടക്കയാണു്. തോമ്മാച്ചൻ അവളുടെ മുഖത്തേക്കു് നോക്കിക്കൊണ്ടിരുന്നു. അവളെ ജീവനോടെ തിരിച്ചുകിട്ടിയെന്നു വിശ്വസിക്കാൻ അവനു പ്രയാസമായിത്തോന്നി. "ദൈവം എൻെറ പ്രിയതമയെ വിട്ടുവിച്ചു. അവിടുത്തെ നാമം സ്തുതിക്കപ്പെട്ടതാകട്ടെ" എന്നവൻ തന്നത്താൻ പറഞ്ഞു.

നേരം വെളുത്തപ്പോൾ ചില സ്നേഹിതന്മാരൊക്കെ ഈ അത്ഭുതസംഭവത്തെപ്പററിക്കേട്ടിട്ടു അവിടെച്ചെന്നു.

അപ്പോഴേക്കു മേറിക്കുട്ടി ഉണ്ണന്നു. അവരെല്ലാവരും തോമ്മാച്ചനേയും മേറിക്കുട്ടിയേയും അത്യന്തം സന്തോഷത്തോടു കൂടെ അനുമോദിച്ചു.

അപ്പോഴേക്കു ആഭ്യന്തരമന്ത്രിയുടെ ഒരു ഓർഡർ ജയിൽ സൂപ്രണ്ടിനു കിട്ടി. പുതിയതായി കിട്ടിയ തെളിവുകൾ പരിശോധിച്ചശേഷം മേറിക്കുട്ടിയെ ഉടനെ സ്വതന്ത്രയാക്കേണ്ടതാണെന്നു അദ്ദേഹംനിശ്ചയിച്ച് അങ്ങനെയൊരു ഓർഡർ അയച്ചതാണു്.

ജയിൽ ഡോക്ടറായിരുന്ന ഡോക്ടർ ജോസഫ് ഒരു കാർ അപ്പോൾ കൊണ്ടുചെന്നു മേറിക്കുട്ടിയേയും കുഞ്ഞുമോളേയും തോമ്മാച്ചനെയും അതിൽ കയററി സ്വന്തവീട്ടിലേക്കു കൊണ്ടുപോയി. അവിടെ താമസിച്ചു കുറച്ചുദിവസം വിശ്രമിച്ചശേഷം നാട്ടിനു പോയാൽ മതിയെന്നു അദ്ദേഹം തോമ്മാച്ചനോടു അപേക്ഷിച്ചു. ഈ ഡോക്ടർ വളരെ നല്ലവനും അതിഥിസൽക്കാരപ്രിയനുമായിരുന്നു. ഒരാഴ്ചയോളം അവർ അവിടെ താമസിച്ചു പിന്നീടാണു്അവർ നാട്ടിനു പോയതു്.

## XVI

എന്താണുണ്ടായതു്? ദൈവം തൻെറ മക്കളുടെ നിലവിളി കേട്ടു എന്നല്ലാതെ വേറൊന്നും പറവാനില്ല. ആനന്ദറാവു തലേദിവസം പകലത്തെ ഒരു തീവണ്ടിയിലാണു് ബോംബേക്കു യാത്രയായതു്. അയാൾ കയറിയ ഒന്നാംക്ലാസ്സ് മുറിയിൽ വേറെ നാലുപേരും ഉണ്ടായിരുന്നു.

നമുക്കു ആ മുറിയിൽ നടന്ന സംഭാഷണം അല്പം ഒന്നു ശ്രദ്ധിക്കാം. മരിച്ച ആൾ ആനന്ദറാവുവിൻെറ ഭാര്യയാണെന്നു അവരിൽ ആക്കും അറിയാൻ പാടില്ല. മൂന്നുപേർ മലയാളത്തുകാരായിരുന്നു, ഒരാൾ ബോംബെക്കാരനും.

ഒരാൾ പറഞ്ഞു: "നാളെ ആ സ്ത്രീയെ തൂക്കിക്കൊല്ലും. ഏതാണോ? ആ മിസ്സസ്സ് ജോസഫ് മർഡർ കേസിലെ."

"അവർ കുററം ചെയ്തതല്ലെന്നാ പറയുന്നതു്!" എന്നു വേറൊരുവൻ പറഞ്ഞു.

"തെളിവു വളരെ ഉണ്ടായിരുന്നെന്നാണല്ലോ പറയുന്നതു് അവക്കെതിരായിട്ടു്."

"ഓ! തെളിവു്! തെളിവൊക്കെ പോലീസുണ്ടാക്കുന്നതാ എനിക്കറിയാം."

"ഛെ! അതൊക്കെ വെറുതെ പറയുന്നതാ. ഹൈക്കോർട്ടും മററും കള്ളത്തെളിവൊന്നും എടുക്കുകയില്ല."

"ആ! എന്തോ എനിക്കത്ര വിശ്വാസമില്ല." അവർ ഇങ്ങനെ പറഞ്ഞുകൊണ്ടു കുറച്ചുനേരം കഴിച്ചു.

ആനന്ദറാവു ഇതെല്ലാം കേട്ടു മിണ്ടാതെയിരിക്കയാണു്. ഉച്ചയ്ക്കു രണ്ടുമണിയായപ്പോൾ അയാൾ ആ സീററിൽ ഇരുന്നു ഉറങ്ങുന്നതിനു തുടങ്ങി. ഉറങ്ങുമ്പോൾ അയാൾ എന്തൊക്കെയോ പറയുന്നുണ്ടു്. അവർ ശ്രദ്ധിച്ചു:-

"ആ പെണ്ണിനെ നാളെ തൂക്കിക്കൊല്ലും! കഷ്ടം! അവൾ യാതൊന്നും ചെയ്തതല്ല...ഞാൻ...ആ എഫിഡ്രിൻ കുപ്പി അവളുടെ പെട്ടിയിൽ വെയ്ക്കുണ്ടായിരുന്നു ..കഷ്ടം... ആ ഭർത്താവു്...പാവം...ആ കുട്ടി...നിരപരാധിയെക്കൊല്ലും!...ഞാൻ...ഞാനേതായാലും പത്മത്തിനേ...മരുന്നു മാറിവെച്ചതു് നന്നായി...ആരും അറിഞ്ഞില്ല...എങ്കിലും ആ സാധുപ്പെണ്ണിനെ തൂക്കണ്ടായിരുന്നു..."

അയാൾ സകല ചരിത്രവും ഉറക്കത്തിൽ പറയുകയാണു്. നല്ല ഉറക്കമെല്ല, പകുതി മയക്കമാണു്. തലേദിവസം ജയിലിൽ കണ്ട കാഴ്ച അയാളുടെ മനസ്സിനെ പീഡിപ്പിച്ചുകൊണ്ടു രാത്രി അയാൾ ഉറങ്ങിട്ടില്ലായിരുന്നു. ഉച്ചയ്ക്കു തീവണ്ടിയിൽ കയറുന്നതിനു മുമ്പേ കുറെ മദ്യവും അയാൾ സേവിച്ചിരുന്നു.

ആ മൂന്നു മലയാളികൾ ഇതെല്ലാം ശ്രദ്ധിച്ചു കേട്ടു. അവക്കു കാര്യം മനസ്സിലായി, ആനന്ദറാവുവിൻെറ പെട്ടിയേൽ അവർ ജോസഫ് ആനന്ദറാവു എന്ന പേർ കണ്ടു. കേസിൻെറ ചരിത്രം മുഴുവൻ അവർ അറിഞ്ഞിട്ടുണ്ടു്. മരുന്നുകുപ്പി പ്രതിയുടെ പെട്ടിയിൽ കണ്ട കഥ ഹൈദരബാദ്ദ് മുഴുവൻ പ്രസിദ്ധമായിരുന്നു.

അവർ തമ്മിൽ ആലോചിച്ചു. നിർദ്ദോഷിയായ ആ മലയാളിപ്പെണ്ണിനെ ഒരിക്കലും കൊലയ്ക്കു കൊടുക്കാൻ പാടില്ല എന്നവർ നിശ്ചയിച്ചു. പിന്നത്തെ സ്റ്റേഷനിൽവച്ചു അവർ സംഗതി മുഴുവനും റെയിൽവേ പോലീസുകാരോടു പറഞ്ഞു. അവർ പോലീസ് കമ്മീഷണക്കും ആഭ്യന്തരമന്ത്രിക്കും ഉടനെ ഓരോ കമ്പിയും കൊടുത്തു. "മിസ്സസ്സു് ജോസഫ് ആനന്ദറാവു കൊലക്കേസിൽ വേറെ സൂക്ഷ്മമായ തെളിവു കിട്ടിയിരിക്കുന്നു. പ്രതി നിരപരാധിയാണു്" എന്നവരേ അറിയിച്ചു.

ദൈവകൃപയാൽ ആ ആഭ്യന്തരമന്ത്രി ഒരു നല്ലയാളായിരുന്നു. അയാൾ ഉടനെ വിശ്വസ്തനായ ഒരു പോലീസുദ്യോഗസ്ഥനെ ആ സ്റ്റേഷനിലേക്കു കാറിൽ അയച്ചു. ആനന്ദറാവുവിനെ ആ സ്റ്റേഷനിൽ അറസ്ററുചെയ്തു നിത്തിയിരിക്കയാണു്. ആ മലയാളികൾ മൂന്നുപേരും കുറെ നഷ്ടംസഹിച്ചു അവിടെയിറങ്ങി. അയാളെ എന്തിനാണു അറസ്ററുചെയ്തതെന്നു ആനന്ദറാവുവിനു അറിഞ്ഞുകൂടാ.

പോലീസുദ്യോഗസ്ഥൻ വന്നപ്പോൾ അവർ കേട്ട സകല സംഗതികളും ആ മലയാളികൾ അദ്ദേഹത്തോടു പറഞ്ഞു. വളരെ സമത്ഥനായ അയാൾക്കു പിന്നെ പ്രയാസം ഒന്നും വന്നില്ല. ആനന്ദറാവുവിനോടു അയാൾ കുറെ ചോദ്യമൊക്കെ ചോദിച്ചു കഴിഞ്ഞപ്പോൾ സകല സത്യവും പുറത്തുവന്നു. ഭാര്യ വല്ലവിധത്തിലും ഒഴിഞ്ഞു കിട്ടീട്ടു് ബോംബേയിൽ പത്മാവതി എന്നൊരു സ്ത്രീയേ വിവാഹംചെയ്യു

ണം. അതിനാണു ഈ പ്രവൃത്തിയെല്ലാം അയാൾ ചെയ്തു്. അയാൾക്കു് അല്പം കാസരോഗത്തിൻെറ ഉപദ്രവം ഉണ്ടായിരുന്നു. അതിനു എഫിഡ്രിൻ ഗുളികകൾ ആണു പ്രയോഗിക്കുന്നതു്. എഫിഡ്രിൻ കൂടുതൽ ചെന്നാൽ രോഗി മരിച്ചുപോകുമെന്നും അയാൾക്കറിയാം. ഡോക്ടർ കൊടുത്തയച്ചിരുന്ന രണ്ടുപൊതി മാറി വേറെ രണ്ടു അവിടെ അയാൾ വെച്ചതാണു്. എന്നിട്ടു ഈ എഫിഡ്രിൻകുപ്പി മേറിക്കുട്ടിയുടെ പെട്ടിയിൽ രാത്രിയിൽ അയാൾ കൊണ്ടു ചെന്നിട്ടു. ഒരു സാധാരണ താഴായിരുന്നു മേറിക്കുട്ടിയുടെ പെട്ടിയുടേതു്. അതു തുറക്കുന്നതിനു അയാൾക്കു യാതൊരു പ്രയാസവും വന്നില്ല.

സകല വിവരവും കാണിച്ചു നീണ്ട ഒരു കമ്പി ആ ഉദ്യോഗസ്ഥൻ ആഭ്യന്തരമന്ത്രിക്കയച്ചു. അദ്ദേഹം അന്വേഷിച്ചപ്പോൾ വധശിക്ഷ പിറെറദിവസം വെളുപ്പിനെയാണു നടത്തുന്നതെന്നറിഞ്ഞു.

നേരം അപ്പോഴേ സന്ധ്യയായിപ്പോയിരുന്നു. അദ്ദേഹം ഉടനെ ജയിലിലേക്കു "വധശിക്ഷ മാററിവയ്ക്കണം. പ്രതി നിർദ്ദോഷിയാണെന്നു് മിക്കവാറും തീർച്ചയായ തെളിവു കിട്ടിയിരിക്കുന്നു" എന്നൊരു ഓർഡർ അയച്ചു. എന്നാൽ അതുംകൊണ്ടു പോയ പ്യൂണിൻെറ ഉദാസീനത നിമിത്തം അഞ്ചു മണിയ്ക്കാണു് അതു ജയിലിൽ കിട്ടിയതു്.

പിന്നീടു നടന്നകഥ മുമ്പെ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതാണു്. ആഭ്യന്തരമന്ത്രി പെട്ടെന്നു കാര്യങ്ങൾ നടത്തി. ആനന്ദറാവുവിൻെറ പേരിൽ കേസു ചാർജ്ജുചെയ്തു. അയാൾ വലിയ ഒരു വക്കീലിനെഏർപ്പെടുത്തി. എന്നാൽ യാതൊരുരക്ഷയും കിട്ടിയില്ല. തീവണ്ടിയിൽ ഉണ്ടായിരുന്ന മൂന്നു മലയാളികളും അവർ കേട്ടതെല്ലാം കോടതിയിൽ പറഞ്ഞു. സ്വപ്നത്തിൽ എന്തോ ഉറക്കപ്പിച്ചു് പറഞ്ഞതു് കോടതിയിൽ മൊഴിയായിട്ടു സ്വീകരിക്കാൻ പാടില്ല എന്നു വക്കീൽ വാദിച്ചു. എന്നാൽ പത്മാവതി എന്നൊരു സ്ത്രീയുമായി അയാൾക്കു ബോംബേയിൽ അടുപ്പമുണ്ടെന്നും മററുമുള്ള സംഗതികൾ തെളിവിൽ വന്നു. ഭാര്യയെകൊന്ന കുററവും

മേറിക്കുട്ടിയെ കൊല്ലിക്കാൻ ശ്രമിച്ച കുറവും അയാളുടെ മേൽ ചുമത്തപ്പെട്ടു. രണ്ടും ഒടുവിൽ തെളിഞ്ഞു. എന്നാൽ ജഡ്ജി ഒരു ദയവുള്ളവനായിരുന്നതുകൊണ്ടു അയാളെ ജീവപര്യന്തം നാടുകടത്തുന്നതിനു മാത്രമേ വിധിച്ചുള്ളൂ.

ഇതിനിടയിൽ ഈ സംഭവം ഹൈദരബാദു മുഴുവൻ പ്രസിദ്ധമായി. മേറിക്കുട്ടി നിരപരാധിനിയാണെന്നും, അവൾ രക്ഷപെട്ടെന്നും കേട്ടു അവിടെയുള്ള മലയാളികൾ എല്ലാവരും വളരെ സന്തോഷിച്ചു. അവർ എല്ലാവരുംതന്നെ ഡോക്ടരുടെ വീട്ടിൽ അവളെ സന്ദർശിച്ചു. മുമ്പ് അവളെ കാണാൻ ചെന്ന പ്രോട്ടസ്റ്റൻറു് അച്ചനും ചെന്നിരുന്നു. അദ്ദേഹത്തിൻെറ പ്രേരണമൂലം അദ്ദേഹത്തിൻെറ ഇടവകക്കാരും സ്ഥലത്തെ മലയാളികളും കൂടെ 1001 രൂപായുടെ ഒരു പണക്കിഴി മേറിക്കുട്ടിക്കു സമ്മാനമായി കൊടുത്തു. അങ്ങനെയാണു് അവർ അവരുടെ സ്നേഹവും സഹതാപവും പ്രദർശിപ്പിച്ചതു്.

ഒരാഴ്ച കഴിഞ്ഞശേഷം മേറിക്കുട്ടിയും കുഞ്ഞുമോളും തോമ്മാച്ചനുംകൂടെയൊന്നിച്ചു നാട്ടിലേക്കുപോന്നു. ഹൈദരബാദിൽ നടന്ന സംഭവങ്ങൾ രാജ്യം ആസകലം പ്രസിദ്ധമായിട്ടുണ്ടായിരുന്നു. പലരും അവരെ ചെന്നു കണ്ടു. നന്ദിനിറഞ്ഞ ഹൃദയങ്ങളോടുകൂടി എല്ലാവരും ദൈവത്തെ സ്തുതിച്ചു. "ലജ്ജാകരമായ മരണത്തിൽനിന്നു് കൊലമരത്തിൽനിന്നു തന്നെ, ദൈവം എന്നെ രക്ഷിച്ചുകൊണ്ടുപോന്നു" എന്നു മേറിക്കുട്ടി ഒരു സ്നേഹിതയോടു പറഞ്ഞു. "ഇങ്ങനെയൊരു സംഭവം വേറൊരിടത്തും നടന്നുകാണുകയില്ല." എന്നവർ ഉത്തരം പറഞ്ഞു.

"കാട്ടുപോത്തുകളുടെ കൊമ്പുകൾക്കിടയിൽ അവനെനിക്കു് ഉത്തരം അരുളുന്നു" എന്ന വാക്യം മേറിക്കുട്ടി ഓർത്തു ദൈവത്തെ സ്തുതിച്ചു.

---

Printed at the Literature Press, Tiruvalla, Kerala.

വായനശാല & കലാസമിതി
No

## ക്രൈസ്തവ സാഹിത്യ സമിതിയുടെ
## പുതിയ പ്രസിദ്ധീകരണങ്ങൾ

*ജോണിക്കുട്ടി* ശ്രീ. കെ. ജേക്കബ്

ആദർശനിഷ്ഠയും സ്വഭാവശുദ്ധിയുമുള്ള ഒരു കലാലയവിദ്യാർത്ഥി ശക്തിയായ പ്രാതികൂല്യങ്ങൾ നേരിട്ടുകൊണ്ട് അവ നിലനിർത്തുവാൻ ശ്രമിക്കയും തന്റെ കലാലയ ജീവിതത്തെ അപകടത്തിലാക്കിക്കൊണ്ട് അതിൽ വിജയിക്കയും ഒടുവിൽ എതിരാളികളെ സ്നേഹത്താൽ സ്വാധീനപ്പെടുത്തുകയും ചെയ്യുന്ന ആദർശസുന്ദരമായ ചിത്രം ഈ ചെറുഗ്രന്ഥത്തിൽ കാണുന്നു. വില 0.25 ന: പൈ.

*നൂറുകഥകൾ* റവ. കെ. റ്റി. ചാക്കുണ്ണി

അനുവാചകർക്ക് ആദ്ധ്യാത്മിക പ്രചോദനവും ധാർമ്മികപ്രബുദ്ധതയും നല്കുവാൻ പര്യാപ്തമായ നൂറ് കഥാതല്ലജങ്ങളുടെ മനോജ്ഞസമാഹാരം. പഠനത്തിനും പ്രസംഗങ്ങൾക്കും ഏറ്റവും അനുയോജ്യം. വില 0. 70 ന: പൈ.

*വെള്ളിവിളക്കുകൾ* ശ്രീ. സണ്ണി കൈപ്പള്ളിമലയിൽ

ഇന്നത്തെ സമൂഹത്തിലെ ദൈനംദിന യാഥാർത്ഥ്യങ്ങളെയും നീറുന്ന പ്രശ്നങ്ങളെയും കഥാകൃത്ത് ഭാവനോജ്ജ്വലമായ രീതിയിൽ അവതരിപ്പിക്കുന്നു. ആദ്ധ്യാത്മിക ചിന്തയ്ക്കും സാമൂഹ്യപുനരുദ്ധാരണത്തിനും പ്രചോദനം നല്കുന്ന ഏഴ് ചെറുകഥകൾ കോർത്തെടുത്ത മഞ്ജരിയാണീ പുസ്തകം.

വില 0. 50 ന: പൈ.


**PRATHIKOOTTIL**
*(Malayalam)*
K. Jacob, M. A.
Price 50 nP.

CLS

# പ്രതിക്കൂട്ടിൽ



കെ. ജേക്കബ്ബ്

Indic Digital Archive Foundation
gpura.org